

മദ്യസംസ്കാരം
മരണസംസ്കാരം



ഫാ. പോൾ കാരാച്ചിറ എം.എ.

അഡ്വ. ചാർളി പോൾ എം.എ., എൽ.എൽ.ബി.

മദ്യസംസ്കാരം
മരണസംസ്ക്കാരം



ഫാ. പോൾ കാരാച്ചിറ എം.എ.

സെക്രട്ടറി, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ

അഡ്വ. ചാർളി പോൾ എം.എ., എൽഎൽ.ബി.

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി

ഒരു മുക്തിസദൻ പ്രസിദ്ധീകരണം

Mukthi Sadan
S.N.Junction
Thripunithura - 682 301
Ph: 0484 -779809, 778501

MADYA SAMSKARAM
MARANA SAMSKARAM
(Malayalam)

WRITTEN BY:

Fr. Paul Karachira M.A. (Psy.)
Adv. Charly Paul M.A., LL.B.

Copyright reserved

FIRST EDITION
January 2002

COPIES
5000

PUBLISHED BY
Mukthi Sadan
S.N. Junction, Thripunithura - 682 301
Ernakulam Dt., Kerala.

PRICE
Rs. 20/-

LAYOUT, COVER DESIGNING & PRINTING
Don Bosco IGACT, Kochi, Phone : 345411



VARKEY CARDINAL VITHAYATHIL
MAJOR ARCHBISHOP OF ERNAKULAM - ANGAMALY

ആശംസ

കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ സെക്രട്ടറി ഫാ. പോൾ കാരാച്ചിറയും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി അഡ്വ. ചാർളിപോളും ചേർന്ന് തയ്യാറാക്കിയിരിക്കുന്ന 'മദ്യസംസ്കാരം മരണസംസ്ക്കാരം' എന്ന പുസ്തകത്തെക്കുറിച്ചറിയുന്നതിൽ സന്തോഷമുണ്ട്. നമ്മുടെ നാട് അഭിമുഖീകരിക്കുന്ന സാമൂഹിക പ്രശ്നങ്ങളിൽ വലിയൊരു പങ്ക് മദ്യത്തിനുണ്ട്. വ്യക്തികളുടെയും കുടുംബങ്ങളുടെയും നാടിന്റെയും അധഃപതനത്തിനും നാശത്തിനും പലപ്പോഴും മദ്യം കാരണമാകുന്നു. അതിനാൽ മദ്യവിപത്തിനെതിരെ പ്രതികരിക്കുന്ന ഒരു സമൂഹം ഇവിടെ വളർന്നു വരേണ്ടതുണ്ട്. ഈ ഗ്രന്ഥം അതിന് സഹായകമായിരിക്കുമെന്നു കരുതുന്നു.

കാരാച്ചിറ അച്ചനെയും ചാർളിപോളിനെയും അനുമോദിക്കുകയും അവരുടെ പുസ്തകത്തിന് വിജയം നേരുകയും ചെയ്യുന്നു.

+ Varkey Vithayathil

വർക്കി കാർഡിനൽ വിതയത്തിൽ
മേജർ ആർച്ച് ബിഷപ്പ്, എറണാകുളം-അങ്കമാലി

ജനുവരി 1, 2002

Major Archbishop's House, Post Box No. 2580, Cochin - 682 031, Kerala, INDIA
Tel: 0484-352629, 363664 Fax: 0484-366028, 355010 e-mail: abperang@md3.vsnl.net.in

ഫാ. പോൾ കാരാച്ചിറ

1938 സെപ്റ്റംബർ 16 ന് തണ്ണീർമുക്കത്ത് ജനിച്ചു. പിതാവ് – കാരാച്ചിറ വർക്കി. മാതാവ്– തലയോലപ്പറമ്പ് വേലിയ്ക്കകത്ത് മറിയം. എം.പി.ഗ്രാന്റ് സ്ക്കൂൾ തണ്ണീർമുക്കം, സെന്റ് മാത്യൂസ് ഇംഗ്ലീഷ് സ്ക്കൂൾ കണ്ണങ്കര, യു.സി.കോളേജ് ആലുവ, കേരള യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്കോളജി കാര്യവട്ടം, ക്രിസ്റ്റ്യൻ കൗൺസിലിംഗ് സെന്റർ വെല്ലൂർ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. സൈക്കോളജിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടി. കൗൺസിലിംഗിൽ ഡിപ്ലോമയും കരസ്ഥമാക്കി.

1955 ജൂണിൽ എറണാകുളം സേക്രട്ട് ഹാർട്ട് പെറ്റിസെമിനാരിയിൽ ചേർന്നു. തുടർന്ന് മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. 1964 മാർച്ച് 7–ന് കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

ചേർത്തല മുട്ടം പള്ളി അസി. വികാരി. തുടർന്ന് കരയാംപറമ്പ്, പീച്ചാനിക്കാട്, ചെങ്ങമനാട്, മേയ്ക്കാട്, ഇരുമ്പനം, ചുണങ്ങംവേലി, ഇളംകുളം, പെരുമ്പാവൂർ, താന്നിപ്പുഴ, പഴങ്ങനാട്, ചേരാനല്ലൂർ, പുതിയകാവ്, ഉദയംപേരൂർ എന്നിവിടങ്ങളിൽ വികാരി. സേക്രട്ട് ഹാർട്ട് മൈനർ സെമിനാരിയിൽ അഞ്ചുവർഷവും കാർമ്മൽഗിരി സെമിനാരിയിൽ ആറു വർഷവും അദ്ധ്യാപകനായിരുന്നു. സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതി റീജിയണൽ പ്രസിഡന്റായും കെ.സി.ബി.സി. മദ്യ വിരുദ്ധ സമിതി എറണാകുളം അതിരൂപതാ ഡയറക്ടറായും പ്രവർത്തിച്ചു.

കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ സംസ്ഥാന സെക്രട്ടറി, മദ്യവിരുദ്ധ ജനകീയമുന്നണി സംസ്ഥാന കൺവീനർ, ജില്ലാ ജനറൽ കൺവീനർ, ഫെഡറേഷൻ ഓഫ് നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ സംസ്ഥാന പ്രതിനിധി തുടങ്ങിയ നിലകളിൽ പ്രവർത്തിക്കുന്നു. മൂന്നു ദശാബ്ദങ്ങളിലേറെയായി മദ്യവിരുദ്ധരംഗത്ത് സജീവ പ്രവർത്തനം നടത്തുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ വിഷയങ്ങളിൽ ക്ലാസുകളും സെമിനാറുകളും നയിച്ചുവരുന്നു.

മദ്യപന്മാരുടെ ചികിത്സയ്ക്കായി തൃപ്പൂണിത്തുറയിൽ മുക്തിസദൻ, പെരുമ്പാവൂരിൽ യൂണിറ്റി ഗ്രൂപ്പ് എന്നീ ലഹരി മോചന ചികിത്സാകേന്ദ്രങ്ങൾ നടത്തുന്നു. സൈക്കോതെറാപ്പിസ്റ്റും കൗൺസിലറുമാണ്.

വിലാസം :

മുക്തി സദൻ, എസ്. എൻ.ജംഗ്ഷൻ, തൃപ്പൂണിത്തുറ – 682 301

ഫോൺ : 0484-779809, 777348 (Resi) 778501, 785090 (Office) **മൊബൈൽ** : 98460 88808



സമർപ്പണം

അർബുദംപോലെ വളരുന്ന
മദ്യപാനം എന്ന മഹാതിന്മയുടെ നീരാളിപ്പിടുത്തത്തിൽ
അമർന്നു കഴിയുന്ന കുടുംബങ്ങൾക്ക്...!

അഡ്വ. ചാർളിപോൾ

1963-ൽ മലയാറ്റൂർ നീലീശ്വരത്ത് ജനിച്ചു. പിതാവ് - കാളാംപറമ്പിൽ പൗലോസ്. മാതാവ് - കുറവക്കാട്ട് ഗ്രേസി. മലയാറ്റൂർ സെന്റ് തോമസ് ഹൈസ്ക്കൂൾ, മൂവാറ്റുപുഴ നിർമ്മല കോളേജ്, കാലടി ശ്രീശങ്കരാകോളേജ്, തിരുവനന്തപുരം ലോ കോളേജ്, കളമശ്ശേരി രാജഗിരി കോളേജ്, കേരള യൂണിവേഴ്സിറ്റി സെന്റർ കാര്യവട്ടം, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

മലയാള ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തര ബിരുദം, നിയമത്തിലും സസ്യ ശാസ്ത്രത്തിലും ബിരുദം, സാമൂഹ്യ സേവനത്തിൽ ബിരുദാനന്തര പഠനം, കൗൺസിലിംഗിൽ ഡിപ്ലോമ എന്നിവ കരസ്ഥമാക്കി.

കോളേജ് യൂണിയൻ ചെയർമാൻ, ജനറൽ സെക്രട്ടറി, യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ, ദീപികാബാലസഖ്യം സംസ്ഥാന സെക്രട്ടറി, സി.എൽ.സി. എറണാകുളം അതിരൂപതാ പ്രസിഡന്റ്, സംസ്ഥാന പ്രസിഡന്റ്, കേരള ദർശനവേദി സംസ്ഥാന സെക്രട്ടറി, കെ.എസ്.സി. ജില്ലാ പ്രസിഡന്റ്, സംസ്ഥാന സെക്രട്ടറി, ആലുവ ബാർ അസ്സോസിയേഷൻ സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു.

കെ.സി.എസ്.എൽ. സംസ്ഥാന പ്രസിഡന്റ്, എറണാകുളം-അങ്കമാലി അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ അംഗം (C C I), കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി, കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ ട്രസ്റ്റ് സെക്രട്ടറി, മദ്യവിരുദ്ധ ജനകിയ മുന്നണി സംസ്ഥാന നിർവ്വാഹക സമിതി അംഗം, ജില്ലാ കൺവീനർ തുടങ്ങിയ തലങ്ങളിൽ പ്രവർത്തിച്ചുവരുന്നു. സി.എൽ.സി. സംസ്ഥാന പ്രസിഡന്റായിരിക്കെ 1992 ഒക്ടോബർ 2 മുതൽ 18 വരെ കാസർകോട് മുതൽ തിരുവനന്തപുരം വരെ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ കേരള യാത്ര നയിച്ചു. രണ്ട് ദശാബ്ദത്തിലേറെയായി മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നു.

വിവിധ ആനുകാലിക പ്രസിദ്ധീകരണങ്ങളിലായി നൂറിലേറെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വ്യക്തിത്വവികസനം, നേതൃത്വ പരിശീലനം, പ്രസംഗകല തുടങ്ങിയ വിവിധ വിഷയങ്ങളിൽ യുവാക്കൾക്കും കുട്ടികൾക്കും മാതാപിതാക്കൾക്കും ക്ലാസുകളും സെമിനാറുകളും നയിക്കുന്നു. കേരള ഹൈക്കോടതി അഭിഭാഷകനാണ്.

ഭാര്യ - ഡിന്നിമാത്യു, കെ.എച്ച്.ഡി.പി.യിൽ അസി.മാനേജർ. അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ കീഴിൽ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റിൽ ഗവേഷണ പഠനം നടത്തുന്നു.

മക്കൾ : ദ്രുപ, ആത്മ. കളമശേരി രാജഗിരി പബ്ലിക്ക് സ്കൂൾ വിദ്യാർത്ഥിനികൾ.

പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ:

മൂല്യങ്ങൾ ജീവിത വിജയത്തിന്, സി.എൽ.സി. ചരിത്രം, എങ്ങനെ സംസാരിക്കണം.

വിലാസം :

കാളാംപറമ്പിൽ, എറണാകുളം നോർത്ത്, കൊച്ചി -18, ഫോൺ : 364280, 344357(O)

E-mail: charlykalamparambil@yahoo.com

ഉള്ളടക്കം

ആമുഖം 8

അവതാരിക 10

പ്രാർത്ഥന 12

1. മദ്യവും കേരളവും 13

2. മദ്യം ഭാരതീയ കാഴ്ചപ്പാടിൽ 20

3. മദ്യാസക്തി മഹാരോഗം 27

4. മദ്യപന്റെ കുടുംബം 42

5. മദ്യാസക്തി – ചികിത്സകൾ 47

6. മദ്യനിരോധനം: എതിർവാദങ്ങളും, മറുപടികളും. . 54

7. മദ്യപാനം: മഹദ്ഗ്രന്ഥങ്ങളിൽ 65

8. മദ്യപാനത്തെക്കുറിച്ച് മഹാന്മാർ 71

9. കേരളത്തിലെ ചികിത്സാ കേന്ദ്രങ്ങൾ 77

ആമുഖം

ഒരു രാജ്യത്തെ ജനതയെ ധാർമ്മികാധ:പതനത്തിലേക്കും മൂല്യച്യുതിയിലേക്കും നയിക്കുന്ന സാമൂഹിക വിപത്തുകളിൽ ഒന്നാംസ്ഥാനമാണ് മദ്യത്തിനുള്ളത്. സാക്ഷരത, കുടുംബക്ഷേമം, ജനസംഖ്യാനിയന്ത്രണം എന്നീ രംഗങ്ങളിൽ ലോകത്തിന് തന്നെ മാതൃകയായിത്തീർന്ന കേരളം, മദ്യപാനത്തിലും ആത്മഹത്യയിലും മുന്നിലാണെന്ന വസ്തുത സംസ്ക്കാരിക കേരളത്തിന്റെ കണ്ണു തുറപ്പിക്കേണ്ടതാണ്. ലഹരിയുടെ വർദ്ധിച്ചുവരുന്ന ഉപയോഗം ഒരു മരണസംസ്ക്കാരത്തിലേയ്ക്കാണ് നമ്മെ നയിക്കുന്നത്.

1956-ൽ ലോകാരോഗ്യ സംഘടന (WHO) മദ്യാസക്തി ഒരു രോഗമാന്നു പ്രഖ്യാപിക്കുകയും 1957-ൽ അമേരിക്കൻ സൈക്യാട്രിസ്റ്റ് അസോസിയേഷൻ (APA) അതാവർത്തിച്ചുറപ്പിക്കുകയും ചെയ്തു. ശാരീരികം, മാനസികം, ആദ്ധ്യാത്മികം, കുടുംബപരം, സാമൂഹികം എന്നിങ്ങനെ അഞ്ച് വശമുള്ള രോഗമായിട്ടാണ് മദ്യാസക്തിയെ ഇന്ന് കാണുന്നത്.

മദ്യാസക്തിയുടെ സാമൂഹികമാനം ഏറെ വികസിച്ചിരിക്കുകയാണ് ഇന്ന്. സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രത്യക്ഷവും പരോക്ഷവുമായ പ്രേരണചെലുത്തുന്ന ഈ ദുശ്ശീലം യുവതലമുറയിൽ വ്യാപകമായ തോതിൽ വളർന്നുവരുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. സദാചാരമൂല്യങ്ങൾ സമൂഹത്തിൽ നഷ്ടപ്പെടുന്നു. തെറ്റും ശരിയും തിരിച്ചറിയാനുള്ള വിവേകം നഷ്ടപ്പെടുന്ന മദ്യപർ എന്ത് അവിവേകവും പ്രവർത്തിക്കുവാൻ തയ്യാറാകുന്നു. സാമൂഹിക സുരക്ഷിതത്വത്തിന് ഇതൊരു ഭീഷണിയായി മാറുന്നു.

സിറ്റ്സർലൻഡുകാരനും പ്രശസ്ത മനോരോഗവിദഗ്ദനുമായ ഡോ. ഇ.എം. ഹോച്ചിന്റെ അഭിപ്രായത്തിൽ മദ്യപാനശീലം മൂലം മനോരോഗികളായിത്തീരുന്നവരുടെ എണ്ണം ഇന്ത്യയിൽ വർദ്ധിച്ചുവരികയാണ്. ഡോ. വില്യം എച്ച്. മാസ്റ്റേഴ്സ്, ഡോ.വെർജീനിയ ഇ. ജോൺസൺ എന്നീ രണ്ട് ശാസ്ത്രജ്ഞൻമാർ ലൈംഗിക ശാസ്ത്രത്തെക്കുറിച്ച് തികച്ചും നൂതനവും ധീരവുമായ രീതിയിൽ ഗവേഷണം നടത്തുകയുണ്ടായി. അതിന്റെ ഫലങ്ങൾ 1966-ൽ ''മനുഷ്യന്റെ ലൈംഗിക പ്രതികരണം'' (Human Sexual Response) എന്ന പേരിലും 1970-ൽ ''മനുഷ്യന്റെ

ലൈംഗികമായ അപര്യാപ്തത'' (Human sexual Inadequacy) എന്ന പേരിലും രണ്ട് പുസ്തകങ്ങളായി പ്രസിദ്ധീകരിച്ചു. തങ്ങളുടെ ആശുപത്രികളിൽ ചികിത്സയ്ക്ക് വന്ന പുരുഷന്മാരിൽ ബഹുഭൂരിപക്ഷം പേരും ആപേക്ഷികഷണ്ഡത്വം (Secondary Impotency) ഉള്ളവരായിരുന്നു എന്നവർ കണ്ടെത്തി. ഇതിന് കാരണമായി അവർ കണ്ടത് മദ്യപാനമാണ്. മാനസികവും വൈകാരികവുമായ നിരവധിപ്രശ്നങ്ങളുടെ പുറകിലും മദ്യപാനമാണെന്ന് ഓർക്കുക.

രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക-സാംസ്ക്കാരിക രംഗങ്ങളിൽ മദ്യം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ സങ്കീർണ്ണങ്ങളാണ്. ജനങ്ങളുടെ ആരോഗ്യവും ക്ഷേമവും പരിരക്ഷിക്കുവാൻ ചുമതലപ്പെട്ട ഭരണാധികാരികൾ "മദ്യപാനം ആരോഗ്യത്തിന് ഹാനികരം" എന്ന് പ്രഖ്യാപിച്ചുകൊണ്ട് തന്നെ മദ്യം വിൽക്കുവാൻ ലൈസൻസ് നല്കുന്നതും, സർക്കാർതന്നെ മദ്യം വിൽക്കുന്നതും വിരോധാഭാസമാണ്; കാപട്യവുമാണ്. രാഷ്ട്രീയക്കാരും എക്സൈസ്-പോലീസ് ഉദ്യോഗസ്ഥരും തങ്ങളുടെ താവളങ്ങളിൽ വിരുന്നുകാരും മാസപ്പടിക്കാരുമായിരുന്നുവെന്ന് മദ്യക്കച്ചവടക്കാർ വെളിപ്പെടുത്തുമ്പോൾ നമ്മുടെ നാടിന്റെ ധാർമ്മിക നിലവാരത്തെ മദ്യമാഫിയ സ്പിരിറ്റിൽ മുക്കികൊല്ലുകയാണെന്ന് ഓർക്കുക.

മദ്യാസക്തി രോഗമാണെന്നും മദ്യശാലകൾ ആരോഗ്യത്തിന് ഹാനികരമായവ വിതരണം ചെയ്യുന്ന കേന്ദ്രങ്ങളാണെന്നും ഔദ്യോഗികമായി സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. മദ്യവിരുദ്ധ സംസ്ക്കാരത്തിനെതിരായുള്ള മുറവിളി ഉത്തരോത്തരം ശക്തിപ്പെട്ടുവരുന്നു എന്നത് ആശാവഹമാണ്. മദ്യസംസ്ക്കാരം മരണസംസ്ക്കാരമെന്ന ദർശനം പകർന്നുകൊടുക്കുവാനും മദ്യവിമുക്ത കേരളമെന്ന സങ്കല്പം യാഥാർത്ഥ്യമാക്കാനും മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾക്ക് ശക്തിപകരാനും ഈ ഗ്രന്ഥം സഹായിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

മദ്യാസക്തിയെക്കുറിച്ചും മദ്യനിരോധനത്തെക്കുറിച്ചും സമഗ്രമായൊരു പഠനമാണിതെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. മദ്യവിരുദ്ധ മനോഭാവം ജനഹൃദയങ്ങളിൽ വളർത്തിയെടുക്കാനും മദ്യവിരുദ്ധ പ്രവർത്തകർക്ക് തങ്ങളുടെ ബോധ്യങ്ങളെ ആഴത്തിൽ ഉറപ്പിച്ച് മുന്നേറുവാനും ഈ ഗ്രന്ഥം ഉപകരിക്കുമെന്ന് വിശ്വസിക്കുന്നു.

ഇതിന്റെ പ്രകാശനത്തിന് സഹകരിച്ച ഏവർക്കും നന്ദി.

ഫാ. പോൾ കാരാച്ചിറ
അഡ്വ.ചാർളിപോൾ



അവതാരിക

രാഷ്ട്രം അഭിമുഖീകരിക്കുന്ന സാമൂഹിക പ്രശ്നങ്ങളിൽ പ്രമുഖമായൊരു സ്ഥാനം മദ്യപാനത്തിനുണ്ട്. ലഹരിയുടെ വർദ്ധിക്കുന്ന ഉപയോഗം നാടിന്റെ പ്രതീക്ഷകളിൽ ഇരുൾ പരത്തുന്നു. ലക്ഷക്കണക്കിന് കുടുംബങ്ങളാണ് മദ്യത്തിന്റെ കെണിയിൽ കുടുങ്ങി തകർന്നു കൊണ്ടിരിക്കുന്നത്. പട്ടണത്തിലായാലും ഗ്രാമങ്ങളിലായാലും കേരളത്തിലെ കുടുംബങ്ങളെ അക്ഷരാർത്ഥത്തിൽ നരകമാക്കുന്ന പിശാചാണ് മദ്യം. ഈ മദ്യപിശാചിന്റെ ശാപവും ദുർവിധിയും പേറുന്നത് കുട്ടികളും സ്ത്രീകളുമാണ്. പണിയെടുത്ത് കിട്ടുന്നതു മുഴുവൻ കുടിച്ചുതീർത്ത് കുടുംബത്തിന്റെ സ്വൈര്യം കെടുത്തുകയും ആയുസ്സും ആരോഗ്യവും മാത്രമല്ല കുടുംബത്തിന്റെ സകലവിധ ഭാവിയും തല്ലിത്തകർക്കുകയും ചെയ്യുന്ന വിപത്തായി മദ്യം മാറിയിട്ടുണ്ട്.

വ്യക്തികളുടെ ധാർമ്മികബോധത്തെ ഇത്രമാത്രം നശിപ്പിക്കുന്ന മറ്റൊന്നുണ്ട് എന്ന് തോന്നുന്നില്ല. ശരീരം, മനസ്സ്, ഇന്ദ്രിയങ്ങൾ, വാക്ക്, ഗൃഹം എന്നിവയുടെ ശുദ്ധിയാണല്ലോ പഞ്ചശുദ്ധി. കൊല്ലാതിരിക്കുക, കളവുപറയാതിരിക്കുക, മോഷ്ടിക്കാതിരിക്കുക, വ്യഭിചരിക്കാതിരിക്കുക, മദ്യപിക്കാതിരിക്കുക എന്നിവയാണ് പഞ്ചധർമ്മം. ഈ പഞ്ചശുദ്ധിയെയും പഞ്ചധർമ്മങ്ങളെയും നഗ്നമായി ലംഘിക്കുവാൻ മദ്യം ഇടവരുത്തുന്നു.

ജനതയെ സാമൂഹിക അരാജകത്വത്തിലേയ്ക്ക് തള്ളിവിടുന്ന സാമൂഹിക വിപത്തുകളിൽ പ്രമുഖ സ്ഥാനവും മദ്യത്തിനുണ്ട്. സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്നതും ഈ ദു:ശ്ശീലം തന്നെ. മദ്യപർ അധിവസിക്കുന്ന സമൂഹം അർബുദബാധയേറ്റ ശരീരംപോലെ നാശോന്മുഖമാണ്. സമൂഹത്തിലേയ്ക്ക് അഴിമതി കടന്നുവരുന്നതും മദ്യകുപ്പികളിലൂടെയും മദ്യക്കൂട്ടുകെട്ടുകളിലൂടെയുമാണ്.

മനുഷ്യന്റെ തളർച്ചയ്ക്കും അധ:പതനത്തിനും നാശത്തിനും അടിസ്ഥാന കാരണമായി നിൽക്കുന്ന പ്രധാന തിന്മയാണ് മദ്യപാനം. പ്രത്യേകിച്ചും കൂലി

പ്പണിക്കാർ, കർഷകർ, മത്സ്യത്തൊഴിലാളികൾ, ആദിവാസികൾ, ചെറുകിട കച്ചവടക്കാർ തുടങ്ങിയ പിന്നോക്ക വിഭാഗങ്ങളുടെ വികസനം അസാധ്യമാക്കിത്തീർക്കുന്ന തിന്മയാണിത്.

ക്രൂരമായ ഈ മദ്യവിനയുടെ ദുരന്തത്തിനെതിരെ പ്രതികരിക്കുന്ന ഒരു സമൂഹം ഇവിടെ വളർന്നുവരേണ്ടതുണ്ട്. അപ്രകാരമൊരു ആശയപരമായ മുന്നേറ്റത്തിന് ശക്തി പകരാൻ 'മദ്യസംസ്ക്കാരം മരണസംസ്ക്കാര'മെന്ന ഈ ഗ്രന്ഥം സഹായിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. മദ്യമെന്ന തിന്മയെയും അതുയർത്തുന്ന വെല്ലുവിളികളെയും മദ്യനിരോധനത്തിന് വേണ്ടി പോരാടേണ്ടതിന്റെ ആവശ്യകതയുമെല്ലാം സവിസ്തരം ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്.

മദ്യനിരോധനത്തിന്റെ ചരിത്രപ്രതിപാദനത്തിലൂടെ ഭാരതം പൊതുവേ മദ്യവിമുക്തമായൊരു നാടായിരുന്നുവെന്ന കാഴ്ചപ്പാടും അവതരിപ്പിക്കപ്പെടുന്നുണ്ട്. മദ്യാസക്തി ഒരു രോഗമാണെന്നുള്ളതും അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചും ചികിത്സാരീതികളെക്കുറിച്ചും ഗ്രന്ഥത്തിൽ സമഗ്രമായി പരാമർശിക്കുന്നുണ്ട്. മതങ്ങളുടേയും മഹദ്വ്യക്തികളുടെയും മദ്യത്തിനെതിരായ ചിന്തകളും ഭംഗിയായി ഉൾച്ചേർത്തിരിക്കുന്നു. മദ്യത്തിനെതിരായ പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ ശക്തിപ്പെടുന്ന പശ്ചാത്തലത്തിൽ മദ്യത്തിനെതിരായ നിലപാടുകൾ അയത്നലളിതമായ ശൈലിയിൽ ആർജ്ജവത്തോടെ അവതരിപ്പിക്കുന്ന ഈ ഗ്രന്ഥം മദ്യവിരുദ്ധ പ്രവർത്തകർക്കും മറ്റുള്ളവർക്കും ഏറെ പ്രയോജനപ്പെടുമെന്ന് ഞാൻ കരുതുന്നു.

വിജ്ഞാനപ്രദമായ ഈ ഗ്രന്ഥം തയ്യാറാക്കിയത് കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ സെക്രട്ടറി ഫാ. പോൾ കാരാച്ചിറയും,കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി അഡ്വ.ചാർളിപോളും ചേർന്നാണെന്നതിൽ സന്തോഷിക്കുന്നു. മദ്യവിരുദ്ധ പ്രവർത്തനരംഗത്ത് ദീർഘകാലത്തെ അനുഭവജ്ഞാനമുള്ള ഇവരുടെ പരിശ്രമം ഫലമണിയട്ടെ എന്നാശംസിക്കുന്നു. മദ്യപാനം മഹാവിപത്താണെന്നും മദ്യസംസ്ക്കാരം മരണസംസ്ക്കാരമാണെന്നും ആഹ്വാനം നല്കുന്ന ഈ ഗ്രന്ഥത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

+ Soosa Pakiam. M

തിരുവനന്തപുരം
01.01.2002

ബിഷപ്പ് ഡോ. സൂസപാക്യം
ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ.

പ്രാർത്ഥന

പ്രൊഫ. എം. പി. മന്മഥൻ

സത്യധർമ്മങ്ങളാം തൂണുകളിൽ താങ്ങി–
യിദ്ധരകാക്കുന്ന തമ്പുരാനെ!
തൃക്കാലിൽ വീണു വണങ്ങുന്ന നിന്നുടെ
വത്സലകേരളമക്കളിതാ.

മദ്യവിപത്തിന്റെ നീർച്ചുഴിയിൽപ്പെട്ടു
നട്ടംതിരിയുന്നു ഞങ്ങളെല്ലാം
തൃക്കൺ മുനയൊന്നയച്ചാലും ദൈവമേ!
രക്ഷിച്ചുകൊണ്ടാലും ദീനബന്ധോ!

പശ്ചിമ സാഗരം പോലെ പരന്നുമാ–
സഹ്യനെപ്പോലെയുയർന്നു മിപ്പോൾ
മദ്യമാം രാക്ഷസൻ ഭീകരരൂപിയായ്
മത്തടിച്ചാർക്കുന്നു കേരളത്തിൽ

വിദ്യാലയത്തേക്കാൾ ദേവാലയത്തേക്കാൾ
മദ്യാലയത്തിനു സ്ഥാനമേകി
നാടുമുടിപ്പോർക്കു ബോധമുദിക്കുവാൻ
കാരുണ്യവാരിധേ കൈ തൊഴുന്നേൻ

മദ്യം വിഷമാണെന്നോതിയ നമ്മുടെ
സദ്ഗുരുദേവൻ പിറന്ന നാട്ടിൽ
മദ്യവിഷംകൊണ്ട് മർത്യരെകൊല്ലുന്ന
ദുഷ്ടത വാഴുന്ന കാലം വന്നു.

സത്യപ്രകാശമേ വന്നാലും ഞങ്ങളെ
രക്ഷിക്കുവാനീയിരുട്ടിൽനിന്നും
മദ്യപ്പിശാചിനെ ഹോമിക്കും ഞങ്ങൾക്കീ
യജ്ഞത്തിൻ ശക്തിയായ് തീർന്നാലും നീ.

— ▒ —

1

മദ്യവും കേരളവും

കേരളത്തിലെ മദ്യവിരുദ്ധ പ്രസ്ഥാനം പ്രധാനമായും മൂന്ന് ധാരകളുടെ സമന്വയമാണ്. ശ്രീനാരായണ ഗുരുവിന്റെ സന്ദേശം, ക്രിസ്തീയ നവീകരണ ചൈതന്യം, ഗാന്ധിജി ആവിഷ്കരിച്ച നിർമ്മാണ പ്രവർത്തനം എന്നിവയാണിവ. 1920 – നോട് കൂടിയാണ് ഈ ധാരകളുടെ ഉത്ഭവം എന്ന് പറയാം. ടിപ്പുസുൽത്താന്റെ പതനത്തോടെ 1790–ൽ മലബാർ പ്രദേശവും ഈസ്റ്റ് ഇന്ത്യാക്കമ്പനിയുടെ ഭരണത്തിൻ കീഴിലായി. തിരുവിതാംകൂറും കൊച്ചിയും കമ്പനിയുടെ മേൽക്കോയ്മ അംഗീകരിച്ചിരുന്നു. ഈസ്റ്റ് ഇന്ത്യാക്കമ്പനി 1790–ൽ ആവിഷ്ക്കരിച്ച അബ്കാരി നിയമം, കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ പ്രദേശങ്ങളിൽ ബാധകമായി. എന്നാൽ 1835–നോട് കൂടിയാണ് തിരുവിതാംകൂറിൽ കള്ളും ചാരായവും വിൽക്കാനുള്ള അവകാശം ലേലം ചെയ്യാൻ തുടങ്ങിയത്.

സാമൂഹ്യ നവോത്ഥാനത്തിന് തിരിതെളിച്ച ശ്രീനാരായണ ഗുരുദേവനാണ് മദ്യത്തിനെതിരെ ശക്തമായ നിലപാടുകളെടുത്തത്. ആലുവ അദ്വൈതാശ്രമത്തിൽ ഓണക്കാലത്തെ ചതയദിനത്തിലാണ് "മദ്യം വിഷമാണ്, അതുണ്ടാക്കരുത്; കൊടുക്കരുത്; കുടിക്കരുത് " എന്ന സന്ദേശം ഗുരു പുറപ്പെടുവിച്ചത്. മദ്യവിരുദ്ധ പ്രവർത്തകർക്ക് ആവേശമായി മാറിയ മുദ്രാവാക്യമാണിത്. ശ്രീനാരായണഗുരുവിന്റെ ശിഷ്യരിൽ പ്രമുഖനായ ശ്രീ. ടി.കെ. മാധവൻ (1885–1930) ഗുരുവിന്റെ അനുശാസനം നടപ്പിലാക്കുന്ന ചുമതല ഏറ്റെടുത്തു. ആലപ്പുഴയിൽ അദ്ദേഹം ഒരു മദ്യവർജ്ജന സമ്മേളനം സംഘടിപ്പിച്ചു. തുടർന്ന് തിരുവിതാംകൂറിന്റെ നാനാ ഭാഗങ്ങളിലും സമ്മേളനങ്ങൾ നടത്തി. മദ്യവ്യവസായവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുവാൻ ശ്രീ. ടി.കെ. മാധവന് സാധിച്ചു. സർക്കാർ വരുമാനത്തിൽ കുറവ് വന്നതിനെ തുടർന്ന് സമരങ്ങൾക്കെതിരെ സർക്കാർ നിലപാടുകൾ സ്വീകരി

ക്കുവാൻ തുടങ്ങി. മദ്യവിരുദ്ധ പ്രവർത്തകരെ അറസ്റ്റ് ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്തു. എസ്.എൻ.ഡി.പി. യോഗത്തിന്റെ പിന്തുണയോടെ ആരംഭിച്ച മദ്യനിരോധന നീക്കങ്ങൾ ശ്രീ. ടി.കെ. മാധവന്റെ അകാല നിര്യാണത്തിനുശേഷം മുന്നോട്ട് പോയില്ല.

മദ്യം എന്നാൽ കള്ള് എന്നായിരുന്നു പൊതുവെയുള്ള അർത്ഥം. കള്ള് ചെത്തുന്നതും വിൽക്കുന്നതും ഈഴവ സമുദായത്തിൽ പെട്ടവരായിരുന്നു. ഈഴവ സമുദായത്തിന്റെ പൊതുവായ നന്മയ്ക്കും ആരോഗ്യത്തിനും ശുചിത്വത്തിനും ഈ തൊഴിൽ നന്നല്ല എന്ന് ശ്രീനാരായണ ഗുരുദേവൻ മനസ്സിലാക്കി. അതിനാൽ തന്റെ ഉറച്ചബോധ്യത്തിൽ നിന്ന് കൊണ്ട് ഗുരുദേവൻ പറഞ്ഞു "ചെത്തുകാരന്റെ ദേഹം നാറും; തുണി നാറും; വീട് നാറും; അവൻ തൊടുന്നതെല്ലാം നാറും." തങ്ങളുടെ ഉപജീവന മാർഗ്ഗമാണ് നഷ്ടപ്പെടുന്നത് എന്നതിനെക്കുറിച്ച് ചിലർ പരാതി പറഞ്ഞപ്പോൾ ഗുരു തന്റെ നിലപാട് കർക്കശമാക്കി പറഞ്ഞു:- "ചെത്തു കത്തി നാലാക്കിയാൽ ഓരോ കഷണം കൊണ്ട് മുടി വടിക്കാനുള്ള ഓരോ കത്തി ഉണ്ടാക്കാം. അതുകൊണ്ട് നടക്കുന്നതായിരിക്കും ചെത്തിനേക്കാൾ ഭേദം".

1946 ൽ ഇന്ത്യയിലെ വിവിധ പ്രവിശ്യകളിലും കേന്ദ്രത്തിലും ജനകീയ മന്ത്രിസഭകൾ അധികാരത്തിൽ വന്നപ്പോൾ ബോംബെ, മദ്രാസ്, എന്നീ സംസ്ഥാനങ്ങളിൽ മദ്യനിരോധനം പൂർണ്ണമായി നടപ്പാക്കി. മലബാർ ഉൾപ്പെടെയുള്ള മദ്രാസ് പ്രസിഡൻസി 1948 ഒക്ടോബറോടെ പൂർണ്ണ മദ്യനിരോധനത്തിന് വിധേയമായി. സി. രാജഗോപാലാചാരിയാണ് ഇവിടെ മദ്യനിരോധനം ഏർപ്പെടുത്തിയത്. സ്വാതന്ത്ര്യ പ്രാപ്തിയോടെ തിരുവിതാംകൂറിലും കൊച്ചിയിലും ഉത്തരവാദഭരണം സ്ഥാപിക്കപ്പെട്ടു. കോൺഗ്രസ് നേതൃത്വത്തിലുള്ള ഇവിടുത്തെ മന്ത്രിസഭകൾ മദ്രാസ് പ്രവിശ്യയോട് ചേർന്ന് കിടക്കുന്ന തങ്ങളുടെ താലൂക്കുകളിലും മദ്യനിരോധനം ഏർപ്പെടുത്തി. അങ്ങനെ 1950 – ൽ ഭരണഘടന നിലവിൽ വരുമ്പോൾ കേരളത്തിന്റെ പകുതിയിലധികം ഭാഗവും മദ്യനിരോധിത മേഖലയായിത്തീർന്നിരുന്നു.

കേരളത്തിൽ രണ്ട് പതിറ്റാണ്ടോളം നിലനിന്ന ഭാഗികമായ മദ്യനിരോധനം 1967–ൽ ഇ.എം.എസ്. മന്ത്രിസഭ എടുത്തുകളഞ്ഞു. ഇതിനെതിരെ കേരളത്തിലെ പ്രമുഖ ഗാന്ധി ശിഷ്യനായ കെ.കേളപ്പന്റെ നേതൃത്വത്തിൽ ശക്തമായ സമരങ്ങളും മദ്യവിരുദ്ധ സത്യഗ്രഹങ്ങളും നടന്നു. കേരള സർവ്വോദയമണ്ഡലം സത്യ

ഗ്രഹത്തിന്റെ മുൻനിരയിലുണ്ടായിരുന്നു. 1967 ആഗസ്റ്റ് 15 മുതൽ പയ്യോളി പഞ്ചായത്തിലെ എല്ലാ മദ്യഷാപ്പുകൾക്ക് മുന്നിലും ആറ് മാസക്കാലം സമരവും പിക്കറ്റിങ്ങും നടന്നു. അതിന്റെ സമാപനത്തോടനുബന്ധിച്ച് തിരുനാവായ സർവ്വോദയ മേളയിൽ (1968 ഫെബ്രുവരി 12) ശ്രീ. വി.ടി. ഭട്ടതിരിപ്പാട് ഇങ്ങനെ പ്രഖ്യാപിച്ചു. "ജഗദ്ഗുരു ശ്രീശങ്കരന്റെ പിൻതലമുറക്കാർ കേരളത്തിലെങ്ങും തണ്ണീർപന്തലുകൾ ഉണ്ടാക്കി. ഇന്നത്തെ ശങ്കരൻ നമ്പൂതിരി അവയുടെ സ്ഥാനത്ത് സർവ്വത്ര മദ്യഷാപ്പുകളാണുണ്ടാക്കുന്നത് ".

ക്രിസ്തീയദൗത്യം

കേരളത്തിൽ മദ്യസംസ്കാരം വ്യാപകമാക്കിയത് പാശ്ചാത്യരാണ്. എന്നാൽ അതിൽ ക്രിസ്തുമതത്തിന് പങ്കില്ല. ആദ്യകാലങ്ങളിൽ മദ്യത്തിന്റെ ഉപയോഗത്തെ സഭ ശക്തിയായി എതിർത്തിരുന്നില്ല. എന്നാൽ ദുരുപയോഗത്തിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ഇന്ന് മദ്യത്തിന്റെ ഉപയോഗത്തെയും കേരളസഭ ശക്തിമായി എതിർക്കുന്നു.

ക്രിസ്തുവിന്റെ സുവിശേഷചൈതന്യം ഉൾക്കൊണ്ട് മദ്യവിരുദ്ധ പ്രസ്ഥാനം ആരംഭിക്കുന്നതിൽ മാർത്തോമ്മാ സഭ മുഖ്യമായ പങ്കുവഹിച്ചു. 1836 – ൽ നവീകരണ പ്രസ്ഥാനമായി ഉടലെടുത്ത സഭ 1896 ൽ ആരംഭിച്ച മാരാമൺ കൺവൻഷനിൽ (സുവിശേഷ സമ്മേളനം) മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചു. തിരുവല്ലയ്ക്ക് കിഴക്ക് കോഴഞ്ചേരിക്കടുത്ത് മാരാമൺ എന്ന സ്ഥലത്ത് പമ്പാനദിയുടെ മണപ്പുറത്താണ് മാരാമൺ കൺവെൻഷൻ നടക്കുന്നത്. ദിവസങ്ങൾ നീണ്ടുനില്ക്കുന്ന ഈ സുവിശേഷ സമ്മേളനത്തിൽ 1920–ലാണ് ലഹരി വിരുദ്ധ പ്രസ്ഥാനത്തിന് തുടക്കമിട്ടത്. *'മുറുക്കാൻ പൊതി വിപ്ലവം'* എന്നായിരുന്നു അതിന്റെ പേര്. അക്കാലത്ത് എല്ലാ സ്ത്രീ പുരുഷന്മാരും പുകയില ചേർത്ത് മുറുക്കിയിരുന്നു. 1920 ൽ അന്നത്തെ മുഖ്യപ്രസംഗകനായ ഷേർവുഡ് എഡി സായിപ്പ് പ്രഖ്യാപിച്ചു:– "ഇന്ന് മുറുക്കാൻ പൊതിയുമായി വന്നിട്ടുള്ളവരെല്ലാം അതെടുക്കുക; അതു മണലിൽ കുഴിച്ചുമൂടുക." ബഹുഭൂരിപക്ഷം പേരും തങ്ങൾ കൊണ്ടുവന്ന മുറുക്കാൻ പൊതി മണിലിൽ കുഴിച്ചുമൂടി. പുകയില വിരുദ്ധസന്ദേശവും അദ്ദേഹം നല്കി. ഏറെ താമസിയാതെ മദ്യവർജ്ജനവും സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായി മാറി.

മറ്റു സഭകളും ക്രമേണ മദ്യവിരുദ്ധ പ്രസ്ഥാനത്തിലേയ്ക്ക് തിരിഞ്ഞു. ചങ്ങനാശേരി രൂപതാ മെത്രാനായിരുന്ന മാർ. തോമസ് കുര്യാളശ്ശേരി പിതാവ് മദ്യനിർമ്മാണത്തിനും വിപണനത്തിനും ഉപയോഗത്തിനുമെതിരായി 1913 ലും 1915 ലും രണ്ട് ഇടയലേഖനങ്ങൾ പുറപ്പെടുവിച്ചു. 1925 – 29 കാലത്ത് പാലാ ആസ്ഥാനമാക്കി മീനച്ചിൽ കാത്തലിക്ക് സ്റ്റുഡന്റ്സ് യൂണിയൻ ആരംഭിച്ച മദ്യവർജ്ജന പ്രസ്ഥാനം പൊതുയോഗങ്ങൾ വഴിയും ലഘുലേഖകൾ വഴിയും മദ്യവിരുദ്ധ സന്ദേശം പ്രചരിപ്പിച്ചു. 1926 ഓഗസ്റ്റ് 1 ന് പാലാരൂപതയിൽ കടനാട് ഇടവകയിൽ 100 കുടുംബനാഥൻമാർ ചേർന്ന് *'മദ്യവിരുദ്ധനിശ്ചയങ്ങൾ'* പ്രിസിദ്ധീകരിച്ചു. തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ നടത്തിവന്ന മദ്യവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് മഹാത്മാഗാന്ധി 1926 നവംബർ 8 ലെ *'യങ്ങ് ഇന്ത്യ'* യിൽ പരാമർശിക്കുന്നുണ്ട്. അഹിംസാത്മകമായ മദ്യവിരുദ്ധ പ്രചാരണത്തിൽ ഏർപ്പെട്ടിരുന്ന ഡോ. ഇസഡ് എം. പാറേട്ടിന്റെ വായ് മൂടിക്കെട്ടിക്കൊണ്ട് കോട്ടയത്തെ മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ഉത്തരവിനെ ഗാന്ധിജി വിമർശിച്ചിരുന്നു.

മദ്യവർജ്ജന പ്രസ്ഥാനം

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഏകദേശം മൂന്ന് ദശാബ്ധക്കാലം കേരളത്തിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമായ പങ്കുവഹിച്ചത് ക്രിസ്തീയ മദ്യവർജ്ജന പ്രസ്ഥാനവും അതിന്റെ ജീവനാഡിയായ ഫാ. കുര്യാക്കോസ് പാറയ്ക്കൽ കോർ എപ്പിസ്കോപ്പയും ആയിരുന്നു. മാങ്ങാനം മന്ദിരം സ്ഥാപകനായ ശ്രീ. പി.സി. ജോർജ്ജ് തന്റെ നാട്ടിൽ മദ്യത്തിന്റെ ദാരുണ ഫലങ്ങൾ കണ്ട് ഈ തിന്മകൾക്കെതിരായി പ്രചരണം ആരംഭിച്ചിരുന്നു. ഈ സംരഭത്തിന്റെ തുടർച്ചയായി 1951 മുതൽ മദ്യവർജ്ജനപ്രസ്ഥാനം പൂതുപ്പള്ളി കേന്ദ്രീകരിച്ച് ആരംഭിച്ചു. 1953 –ൽ തിരുക്കൊച്ചി അടിസ്ഥാനത്തിലും 1956 ൽ അഖില കേരളാടിസ്ഥാനത്തിലും മദ്യവർജ്ജനപ്രസ്ഥാനം സജീവമായി. വിവിധ ക്രൈസ്തവ സഭകളെ രംഗത്തുകൊണ്ടുവരുവാനും അതിനെ സുസംഘിടിതമാക്കുവാനും ഫാ. പറയ്ക്കൽ യത്നിച്ചു. ഇതിന്റെ ഫലമായി 1964 ൽ കേരള സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതി രൂപീകൃതമായി. ജാതി മത ചിന്തകൾക്കതീതമായി ഈ സംഘടന പ്രവർത്തിച്ചു വന്നു. 1978 തലശേരി രൂപതാ ബിഷപ്പ് മാർ. സെബാസ്റ്റ്യൻ വള്ളോപ്പള്ളിയുടെ നേതൃത്വത്തിൽ മലബാറിൽ മദ്യവർജ്ജന പ്രസ്ഥാനം സജീവമായി.

സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതി

ഒരു സമുദായം എന്ന നിലയിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏറ്റവും കൂടുതൽ താത്പര്യം കാണിച്ചിട്ടുള്ളത് ക്രിസ്തീയ സമുദായമാണ്. രൂപത, ഫൊറോന,ഇടവക എന്നീ തലങ്ങളിൽ സംഘടിതമായ വിവിധ ക്രിസ്തീയ സഭകൾ, സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതിയുടെ നേതൃത്വത്തിൽ മദ്യത്തിനെതിരായി ശക്തമായ ബോധവത്കരണം നടത്തുന്നുണ്ട്. 1964ൽ സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതി രൂപീകൃതമായപ്പോൾ അതിന്റെ നേതൃനിരയിൽ പാലാ മെത്രാൻ മാർ. സെബാസ്റ്റ്യൻ വയലിൽ (പ്രസിഡന്റ്) ഫാ.കുര്യാക്കോസ് പാറയ്ക്കൽ (സെക്രട്ടറി) എന്നിവരായിരുന്നു. ഇന്ന് ഈ സ്ഥാനത്ത് പാലാ ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിലും, ഫാ. എം. റ്റി. തര്യനും പ്രവർത്തിക്കുന്നു.

കേരള മദ്യനിരോധന സമിതി

1978 ലാണ് കേരള മദ്യനിരോധന സമിതി രൂപീകരിക്കപ്പെട്ടത്. കേരള മദ്യനിരോധന സമിതിയുടെ സ്ഥാപക ശ്രീമതി. ലക്ഷ്മി എൻ. മേനോൻ ആയിരുന്നു. 1980 ജൂൺ 28-ാം തീയതി പ്രൊഫ.എം.പി. മന്മഥൻ കേരള മദ്യനിരോധനസമിതി പ്രസിഡന്റായി. വ്യക്തിപ്രഭ കൊണ്ടും വാചോവിലാസം കൊണ്ടും കേരളത്തിൽ ഏറ്റവുമധികം അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്ത മഹാനാണ് പ്രൊഫ. എം.പി. മന്മഥൻ. ഗാന്ധിജിയുടെ മാർഗ്ഗം അവലംബിച്ചുകൊണ്ട് ജനങ്ങളെ നേരിട്ട് സമീപിച്ച് പ്രൊഫ. എം.പി. മന്മഥൻ മദ്യനിരോധന പ്രസ്ഥാനത്തിന് കരുത്തേകി. മദ്യത്തിന്റെ ക്രൂരമായ പിടിയിലമർന്നുപോയ സമൂഹത്തെ അതിൽനിന്ന് മോചിപ്പിക്കുവാനും മദ്യഷാപ്പുകൾ സമരം ചെയ്തു പൂട്ടിക്കുവാനും പ്രൊഫസർ നേതൃത്വം നല്കി. അഹിംസാത്മകശക്തി ഉപയോഗിച്ച് , ജനശക്തി വളർത്തി പ്രൊഫ. എം.പി. മന്മഥൻ മദ്യനിരോധന ചരിത്രം രചിച്ചു. കേരളത്തിലെ മദ്യനിരോധന പ്രസ്ഥാനത്തിന്റെ പര്യായമായിത്തീർന്ന പ്രൊഫ. മന്മഥൻ 1994 ആഗസ്റ്റ് 15 ന് നിര്യാതനായി. ഇന്നും അദ്ദേഹത്തിന്റെ സ്മരണ മദ്യവിരുദ്ധ പ്രസ്ഥാനത്തെ പ്രചോദിപ്പിച്ചുകൊണ്ട് നിലകൊള്ളുന്നു.

അഖിലേന്ത്യാതലത്തിൽ മദ്യനിരോധനസമിതി 1961 സെപ്റ്റംബറിൽ നിലവിൽ വന്നിരുന്നു. മൊറാർജി ദേശായി, ഡോ. സുശീലനയ്യർ, ഗോകുൽ ഭായി

ഭട്ട് തുടങ്ങിയർ പ്രസിഡന്റുമാരായി സേവനം ചെയ്തു. കേരളത്തിലെ ജനങ്ങളെ മദ്യപാനമെന്ന തിന്മയിൽ നിന്ന് രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 1951 മുതൽ പ്രവർത്തിച്ചുവന്നിരുന്ന കേരള മദ്യവർജ്ജന പ്രസ്ഥാനവും (രജി. നമ്പർ 293/1977) അഖിലേന്ത്യാ മദ്യനിരോധന സമിതിയുടെ കേരള ശാഖയായി 1978 ൽ രൂപംകൊണ്ട സമിതിയും സംയോജിച്ചാണ് കേരള മദ്യനിരോധന സമിതി പ്രവർത്തനമാരംഭിച്ചത്. പ്രൊഫ. എം.പി. മന്മഥന്റെ നിര്യാണത്തെത്തുടർന്ന് പ്രൊഫ. ജി. കുമാരപിള്ള കേരള മദ്യനിരോധന സമിതിയുടെ പ്രസിഡന്റായി. ഇപ്പോൾ ശ്രീ. ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ വർക്കിംഗ് പ്രസിഡന്റായും ശ്രീ. ജയപ്രകാശ് നാരായണൻ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു വരുന്നു. കേരള മദ്യനിരോധന സമിതി ഒരു സമരസംഘടനയാണ്. മദ്യത്തിനെതിരായുള്ള അഹിംസാത്മക സമരമാണ് സംഘടനയുടെ സവിശേഷ പരിപാടി. കേരളത്തിലെ മദ്യവിരുദ്ധ പോരാട്ടത്തിൽ മുഖ്യപങ്ക് വഹിച്ചിട്ടുള്ളത് കേരള മദ്യനിരോധനസമിതിയാണ്.

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി


മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ഒന്നുകൂടി സജീവമാക്കുന്നതിനുവേണ്ടി 1998 ഡിസംബർ 4-ന് കേരളത്തിലെ കത്തോലിക്കാ മെത്രാന്മാരുടെ സമിതി (കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിൽ) ഒരു പുതിയ കമ്മീഷൻ രൂപീകരിച്ചു. അതോടെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി എന്ന പേരിൽ ശക്തമായ മദ്യവിരുദ്ധ പ്രസ്ഥാനം നിലവിൽ വന്നു. "മദ്യവിമുക്ത സഭയും സമൂഹവും'' എന്ന മുദ്രാവാക്യവുമായി, സഭാമക്കളെയും മനുഷ്യസമൂഹത്തെയും ബാധിച്ചിരിക്കുന്ന മദ്യമെന്ന സാമൂഹ്യതിന്മയ്ക്കെതിരെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ശക്തമായ പോരാട്ടം നടത്തുന്നു. കേരളത്തിലെ 26 രൂപതകളിലും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സജീവമാണ്. തിരുവനന്തപുരം രൂപതാ മെത്രാൻ റൈറ്റ്. റവ. ഡോ. സൂസപാക്യമാണ് സമിതിയുടെ ചെയർമാൻ. തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ. ജോർജ്ജ് വലിയമറ്റം, തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ ജോഷ്വാ മാർ. ഇഗ്നാത്തിയോസ് എന്നിവർ വൈസ് ചെയർമാൻമാരായും ഫാ. പോൾ കാരാച്ചിറ സംസ്ഥാന ജനറൽ സെക്രട്ടറിയായും പ്രവർത്തിക്കുന്നു. വൈസ് പ്രസിഡന്റ് മാരായി മാത്യു എം. കണ്ടത്തിൽ (തലശ്ശേരി), തോമസ് ഏബ്രഹാം (തിരുവനന്തപുരം), കെ.പി. ജോസ് (തൃശ്ശൂർ), ജോർജ്ജ് കുട്ടി ആഗസ്തി (കാഞ്ഞിരപ്പള്ളി) എന്നിവരും സംസ്ഥാന

സെക്രട്ടറിമാരായി അഡ്വ. ചാർളിപോൾ (എറണാകുളം), ഗീത ജോൺ (നെയ്യാറ്റിൻകര), ജസ്റ്റിൻ ബ്രൂസ് (വിജയപുരം), ആന്റണി ജേക്കബ് (കോഴിക്കോട്) എന്നിവരും പ്രവർത്തിക്കുന്നു. 2001 മെയ് 28ന് പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ ചേർന്ന സംസ്ഥാന ജനറൽ ബോഡിയോഗത്തിലാണ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നത്.

മദ്യത്തിനെതിരെയുള്ള പ്രവർത്തനം ഏറ്റവും വലിയ സാമൂഹ്യമാറ്റത്തിനു വേണ്ടിയുള്ള സഭയുടെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. മനുഷ്യമഹത്വത്തെ വിലയിടിക്കുകയും അവനെ കൊടും ദാരിദ്ര്യത്തിലും കഷ്ടതയിലും നാശത്തിലും എത്തിക്കുകയും ചെയ്യുന്ന സാമൂഹ്യ വ്യവസ്ഥയ്ക്കെതിരെ എക്കാലവും പോരാടിയിട്ടുള്ള സഭ മദ്യവിരുദ്ധ പോരാട്ടവും ഏറ്റെടുത്തിരിക്കുന്നു. പാപത്തെ വെറുത്ത് പാപിയെ രക്ഷിക്കുവാനുതകുന്ന മാനസാന്തരാനുഭവത്തിലേയ്ക്ക് ഒരുവനെ നയിക്കുന്ന സുവിശേഷദൗത്യമായി കത്തോലിക്കാസഭയുടെ മദ്യവിരുദ്ധപ്രവർത്തനത്തെ കാണാം.

മദ്യവിരുദ്ധ ജനകീയ മുന്നണി

മദ്യവിരുദ്ധ പ്രവർത്തനരംഗത്തുള്ള എല്ലാ സംഘടനകളുടെയും ശക്തി മദ്യത്തിനെതിരെ ഏകോപിപ്പിച്ച് തിരിക്കുന്നതിനായി മദ്യവിരുദ്ധ ജനകീയ മുന്നണി 1997 മാർച്ച് 2ന് പാലായിൽ രൂപം കൊണ്ടു. മുന്നണിയുടെ പ്രസിഡന്റായി പാലാ ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിലിനെ തെരഞ്ഞെടുത്തു. ഇപ്പോൾ ഡോ. ഫിലിപ്പോസ് മാർ ക്രിസ്റ്റോസ്റ്റം മെത്രാപ്പോലീത്ത സംസ്ഥാന ചെയർമാനും ഫാ. തോമസ് തൈത്തോട്ടം ജനറൽ കൺവീനറുമാണ്. മദ്യവിരുദ്ധ മനോഭാവമുള്ള എല്ലാ സംഘടനകളുടെയും കൂട്ടായ്മയായ മദ്യവിരുദ്ധ ജനകീയമുന്നണി, കേരളത്തിലെ മദ്യവിരുദ്ധ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്നു.



2

മദ്യം ഭാരതീയ കാഴ്ചപ്പാടിൽ

ദേവന്മാരുടെ പാനീയമെന്ന നിലയിൽ സോമരസത്തെപ്പറ്റി ഋഗ്വേദത്തിൽ വിവരിച്ചിട്ടുണ്ട്. Milk Weed കുടുംബത്തിൽപ്പെട്ട ഒരു ചെടിയുടെ തണ്ടിൽ നിന്നും ലഭിക്കുന്ന പാലാണ് സോമരസം. അത് കുടിച്ചാൽ ഒരുതരം ഉന്മാദം ഉണ്ടാകുന്നു. എന്നാലിതു മദ്യത്തിന്റെ ഗണത്തിൽ പെടുത്താമോ എന്ന് വ്യക്തമല്ല. വേദകാലത്ത് സോമ എന്ന പദാർത്ഥം യാഗങ്ങളിൽ തർപ്പണം ചെയ്തിരുന്നതായും ആരാധകർ അത് സേവിച്ചിരുന്നതായും പറയപ്പെടുന്നുണ്ട്.

പ്രാചീന ഭാരതത്തിൽ 'സുര' എന്ന പേരിൽ മദ്യം പ്രചാരത്തിലിരുന്നു. പുലസ്ത്യമഹർഷി അഥർവ്വവേദത്തിൽ 12 തരം സുരകളെപ്പറ്റി വിവരിക്കുന്നുണ്ട്. ചക്കപ്പഴം, മുന്തിരിങ്ങ, ഈന്തപ്പഴം, തേൻ, നെല്ല്, ബാർലി, പന, തെങ്ങ് തുടങ്ങിയവയിൽ നിന്നുമാണ് സുര നിർമ്മിച്ചിരുന്നത്. പുളിപ്പിച്ചും വാറ്റിയും അക്കാലത്ത് മദ്യം ഉണ്ടാക്കിയിരുന്നു.

പുരാണങ്ങളുടെ കാലമായപ്പോഴേയ്ക്കും സുരപാനം സാർവ്വത്രികമായി. അതിന്റെ ദോഷഫലങ്ങൾ വ്യക്തികളെയും കുടുംബങ്ങളേയും സമൂഹത്തേയും തകർച്ചയിലേയ്ക്ക് നയിക്കുന്നുവെന്ന് മുനിമാർ മനസ്സിലാക്കി. അതോടെ സുരപാനത്തെ മഹാപാതകങ്ങളുടെ വകുപ്പിൽപ്പെടുത്തുകയും കർശനമായ ശിക്ഷ അർഹിക്കുന്ന കുറ്റകൃത്യമായി പ്രഖ്യാപിക്കുകയും ചെയ്തു.

മനുസ്മൃതിയിൽ മദ്യപാനത്തെ നിഷിദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. മദ്യം കഴിക്കുന്നവർക്ക് വളരെ കടുത്തശിക്ഷ വിധിക്കുന്ന വകുപ്പുകൾ മനുസ്മൃതിയിൽ ഉണ്ട്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, എന്നീ മൂന്ന് വിഭാഗത്തിൽപ്പെട്ട സവർണ്ണരെയാണ് മദ്യം ഉപയോഗിക്കുന്നതിൽനിന്നും വിലക്കിയിരുന്നത്. ശൂദ്രർ തുടങ്ങിയ അധ:കൃത വർഗ്ഗങ്ങൾക്ക് ഈ വിലക്കുകൾ ബാധകമായിരുന്നില്ല. "ഒരു ബ്രാഹ്മണൻ മദ്യം കഴിച്ചാൽ അതോടെ അയാളുടെ ബ്രാഹ്മണ്യം നഷ്ടപ്പെടുകയും അയാൾ ശൂദ്രനായിത്തീരുകയും ചെയ്യുമെന്ന്'' മനുസ്മൃതി

യിൽ പറയുന്നു. ഭഗവാൻ ശ്രീകൃഷ്ണന്റെ വംശമായ യാദവ വംശം 'വാരുണി' എന്ന മദ്യം കഴിച്ച് ബോധംകെട്ട് പരസ്പരം വെട്ടിനശിച്ചു എന്ന് ഭാഗവത പുരാണത്തിൽ പറയുന്നു.

ബി.സി. നാലാം നൂറ്റാണ്ടിൽ കൗടില്യൻ തന്റെ അർത്ഥശാസ്ത്രത്തിൽ മദ്യത്തിന്റെ നിർമ്മാണ വിപണനത്തിന് കർശനമായ വ്യവസ്ഥകൾ ഉണ്ടാക്കി. നിശ്ചിത അളവു മദ്യമേ ഒരാൾക്ക് വിൽക്കാൻ പാടുള്ളു; ഗ്രാമത്തിന് വെളിയിൽ മദ്യം കൊണ്ടുപോകാൻ പാടില്ല; മദ്യഷാപ്പുകൾ വളരെ അകലമിട്ടേ നടത്താവൂ; പട്ടാളക്യാമ്പിൽ മദ്യം ഉപയോഗിക്കാൻ പാടില്ല തുടങ്ങിയ നിയമങ്ങൾ ഏർപ്പെടുത്തി.

ഇന്ത്യയിൽ പ്രചുരപ്രചാരം നേടിയ ബുദ്ധമതം മദ്യപാനത്തെ വിലക്കിയിരുന്നു. "മദ്യപാനം അധ:പതനത്തിലേക്കുള്ള വഴിയാണെന്നും അത് വർജ്ജിക്കുന്നവൻ ജീവിതവിജയം നേടുമെന്നും'' ശ്രീബുദ്ധൻ പറയുന്നു. ബുദ്ധഭിക്ഷുക്കൾ അനുവർത്തിക്കേണ്ട പഞ്ചശീലങ്ങളിൽ ഒന്ന് "മദ്യം തൊടായ്ക- മദ്യം നപേയം" എന്നതായിരുന്നു.

ചക്രവർത്തി അശോകന്റെ കാലം വന്നപ്പോൾ ഭാരതത്തിൽ മദ്യവർജ്ജനം ശക്തിപ്പെട്ടു. അക്കാലത്ത് ഇന്ത്യയിൽ പ്രചാരം സിദ്ധിച്ചിരുന്ന ജൈനമതവും മദ്യപാനത്തെ ശക്തമായി എതിർത്തിരുന്നു. ബി.സി. 399-ൽ ഇന്ത്യ സന്ദർശിച്ച ഫാഹീയൻ എന്ന ചൈനീസ് സഞ്ചാരി "ഇന്ത്യാക്കാർ ലഹരി പാനീയങ്ങൾ തീരെ വർജ്ജിക്കുന്നവരാണെന്നും അവരുടെ അങ്ങാടികളിൽ എങ്ങും മദ്യവില്പന ശാലകൾ കണ്ടില്ലെന്നും" രേഖപ്പെടുത്തിയിട്ടുണ്ട്.

മുഗൾ സാമ്രാജ്യത്തിന്റെ സ്ഥാപകനായ ബാബർ തന്റെ ആത്മകഥയിൽ മദ്യത്തിന്റെ ആകർഷണവലയത്തിൽ താൻ എങ്ങനെ പെട്ടുപോയി എന്നും അതിൽ നിന്നും മോചനം പ്രാപിക്കാൻ എങ്ങനെ കഴിഞ്ഞു എന്നും വിവരിക്കുന്നുണ്ട്. 1527 ഫെബ്രുവരി 25 ന് മദ്യം ഉപേക്ഷിക്കണമെന്ന അവസാന തീരുമാനം ബാബർ എടുത്തു. രാജകീയ വിളംബരത്തോടെ ആഘോഷപൂർവ്വം രാജകൊട്ടാരത്തിലെ സർവ്വ മദ്യസംഭരണികളും ചഷകങ്ങളും അദ്ദേഹം നശിപ്പിച്ചു. ബാബറോടൊപ്പം 300 പ്രഭുക്കന്മാരും മദ്യം തൊടുകയില്ല എന്ന് സത്യം ചെയ്തു. ഇനിയുള്ള ദൈവിക യുദ്ധം (Holy War) വീഞ്ഞിനെതിരെ ആയിരിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

അക്ബർ ചക്രവർത്തി തന്റെ ഭരണകാലത്ത് മദ്യവില്പന നിരോധിച്ചിരുന്നു. ക്രിസ്ത്യാനികൾക്ക് മാത്രം ഈ നിരോധനത്തിൽ നിന്ന് ഒഴിവു നല്കിയിരുന്നു എന്നത് കൗതുകകരമാണ്. എന്നാൽ ഔറംഗസീബ് ഈ വ്യവസ്ഥ വളരെ കർശനമാക്കി. ക്രിസ്ത്യാനികൾ കുടിക്കുകയാണെങ്കിൽ ആളൊഴിഞ്ഞ സ്ഥലത്തു പോയിരുന്നു കുടിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചിരുന്നു. ഒരു മുസ്ലീമോ ഒരു ഹിന്ദുവോ മദ്യം വിൽക്കാൻ ശ്രമിച്ചാൽ അയാളുടെ ഒരു കാലും ഒരു കയ്യും വെട്ടിക്കളയുമെന്ന് അദ്ദേഹം ഉത്തരവിറക്കി.

1656–1668 കാലത്ത് ഇന്ത്യയിലെത്തിയ ഫ്രഞ്ച് സഞ്ചാരിയായ ഫ്രാൻകോയിസ് ബെർണിയർ അക്കാലത്തെ ഭാരതീയരുടെ ജീവിതരീതി രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ ധാരാളം മുന്തിരിത്തോപ്പുകളുണ്ടായിരുന്നെങ്കിലും വീഞ്ഞ് പൂർണ്ണമായും നിരോധിച്ചിരുന്നു. ഡച്ചുകാരുടെയും ഇംഗ്ലീഷുകാരുടെയും വീടുകളിൽനിന്നാണ് കുറച്ചു വൈൻ അദ്ദേഹത്തിന് ലഭിച്ചത്. ക്രിസ്ത്യാനികളൊഴികെ ആരും മദ്യം കുടിക്കരുതെന്ന് വിലക്ക് അക്കാലത്തുണ്ടായിരുന്നു. ഫ്രാൻകോയിസ് ബെർണിയൻ ഇങ്ങനെ രേഖപ്പെടുത്തുന്നു:– ''ബുദ്ധിമതികളും വിവേകശാലികളുമായ ആളുകൾ ശുദ്ധവും ശുചിയുമുള്ളതുമായ പച്ചവെള്ളമാണ് പാനീയമായി ഉപയോഗിച്ചിരുന്നത്. അതിന് ഒരു ചിലവുമില്ല. ഒരു ദോഷവുമില്ല. ഈ ഉഷ്ണരാജ്യത്ത് താമസിക്കുന്ന ആളുകൾ ഒട്ടനവധി രോഗങ്ങളിൽ നിന്നും മുക്തരായിരിക്കുന്നത് അവരുടെ ഈ നല്ല ശീലം കൊണ്ടാണ്.'' ഇംഗ്ലീഷുകാരുടെയും ഡച്ചുകാരുടെയും മരണനിരക്ക് ഉയർന്നു നിൽക്കാനുള്ള കാരണം അവരുടെ വീഞ്ഞുകുടിയും പുകവലിയുമാണെന്ന് കൂടി അദ്ദേഹം രേഖപ്പെടുത്തി.

ഇംഗ്ലീഷുകാരെ അപേക്ഷിച്ച് ഇന്ത്യാക്കാർ വളരെക്കാലം ജീവിക്കുന്നത് അവരുടെ മദ്യവിരുദ്ധ ശീലം മൂലമാണെന്ന് ഇന്ത്യയിൽ വന്ന ഫ്രയർ എന്ന സഞ്ചാരി രേഖപ്പെടുത്തിയിട്ടുണ്ട്. 1498–ൽ ഇന്ത്യയിൽ വന്ന വാസ്കോഡഗാമയുടെ ഡയറിയിലും ഇന്ത്യൻ ജനതയുടെ മദ്യവർജ്ജനശീലത്തെ പ്രശംസിച്ച് എഴുതിയിരിക്കുന്നു. 1772 ൽ വാറൻ ഹേസ്റ്റിംഗ്സ് ഈസ്റ്റ് ഇന്ത്യാക്കമ്പനിയുടെ ഗവർണ്ണർ ജനറലായി ഇന്ത്യയിൽ വന്നകാലത്ത് അദ്ദേഹം ബ്രിട്ടീഷ് ഗവൺമെന്റിന് അയച്ച റിപ്പോർട്ടിൽ ഇന്ത്യൻ ജനത തങ്ങളുടെ ജീവിതത്തിലും പെരുമാറ്റത്തിലും ഭക്ഷണക്രമത്തിലും പുലർത്തിയിരുന്ന ലാളിത്യത്തെ പ്രശംസിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾ പൂർണ്ണമായും ഇന്ത്യാക്കാർ വർജ്ജിച്ചിരുന്നതായും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

വിദേശികളുടെ കൂടുതലായ ഇടപെടലുകളോടു കൂടി മദ്യത്തിന് ഭാരതത്തിൽ പ്രാധാന്യം ലഭിക്കാൻ തുടങ്ങി. രണ്ട് നിലയിൽ മദ്യം ഇവിടെ പ്രചരിപ്പിക്കപ്പെട്ടു. ഒന്നാമതായി ഭരണാധികാരികളുടെ പാനീയമെന്ന നിലയിൽ സാമൂഹിക മാന്യത (Social Status) മദ്യത്തിന് കൈവന്നു. രണ്ടാമതായി മദ്യം ഗവൺമെന്റിന് റവന്യൂ വരുമാനത്തിനുള്ള ഒരു മാർഗ്ഗമായിത്തീർന്നു. ഇന്ത്യയുടെ കാർഷിക വ്യവസായരംഗത്തെ ചൂഷണം ചെയ്ത ഈസ്റ്റ് ഇന്ത്യാക്കമ്പനി ഇന്ത്യൻ ജനതയുടെ ബലഹീനതയെയും ചൂഷണം ചെയ്തു. വിദേശമദ്യങ്ങൾ ധാരാളമായി ഇറക്കുമതി ചെയ്തുകൊണ്ട് അവർ മദ്യത്തിന് സാർവ്വത്രിക പ്രചാരണം കൊടുത്തു. ജനങ്ങളെ മദ്യപാനത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി മദ്യം വിലകുറച്ച് വിൽക്കാൻ തുടങ്ങി. അങ്ങനെ മദ്യവില്പനയും മദ്യപാനവും വാണിജ്യവത്ക്കരിക്കപ്പെട്ടു.

1790-ൽ ഈസ്റ്റ് ഇന്ത്യാക്കമ്പനി അബ്കാരി എക്സൈസ് സിസ്റ്റം ഇന്ത്യയിലാരംഭിച്ചു. ജനങ്ങളുടെ പാരമ്പര്യത്തെയും ആചാരാനുഷ്ടാനങ്ങളെയും മതവിശ്വാസങ്ങളെയും തെല്ലും മാനിക്കാതെ മദ്യത്തെ അവർ വ്യവസായവത്ക്കരിച്ചു. അബ്കാരി നിയമമനുസരിച്ച് മദ്യം നിർമ്മിക്കാനും വിൽക്കാനുമുള്ള അവകാശം ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊള്ളുന്ന ആൾക്ക് നൽകി. ഉണ്ടാക്കുന്ന മദ്യത്തിന്റെ അളവിനെപ്പറ്റിയോ വിലയെപ്പറ്റിയോ ഗുണത്തെപ്പറ്റിയോ ഈസ്റ്റ് ഇന്ത്യാക്കമ്പനിക്ക് ഒരു നിയന്ത്രണവും ഉണ്ടായിരുന്നില്ല. ലേലംകൊള്ളുന്ന ആൾക്ക് എവിടെ വേണമെങ്കിലും എത്ര വേണമെങ്കിലും ഷാപ്പുകൾ തുറക്കാൻ അധികാരം നല്കി. റവന്യൂ വരുമാനത്തിൽ മാത്രമേ ഈസ്റ്റ് ഇന്ത്യാക്കമ്പനിക്ക് താത്പര്യം ഉണ്ടായിരുന്നുള്ളൂ.

ഇന്ത്യൻ ജനതയിൽ മദ്യപാനശീലം അതിവേഗത്തിൽ സാർവ്വത്രികമാകുന്നതു കണ്ടപ്പോൾ ഇന്ത്യയിലെ ജനനേതാക്കൾക്ക് ഉത്കണ്ഠയും അമർഷവും ഉണ്ടായി. മഹാരാഷ്ട്ര നേതാവ് ആർ.ബി. ഗോപാൽറാവു ദേശ്മുഖ്, ബ്രഹ്മസമാജ നേതാവ് കേശവ ചന്ദ്രസെൻ തുടങ്ങിയ നേതാക്കൾ മദ്യവിപത്തിനെതിരെ ജനങ്ങളെ ബോധവത്ക്കരിച്ചു. "ഇംഗ്ലീഷുകാർ ഷേക്സ്പിയറെയും, മിൽട്ടനെയും നമുക്ക് പരിചയപ്പെടുത്തിത്തന്നതോടൊപ്പം ബ്രാണ്ടിക്കുപ്പികളും നമ്മുടെ കൈകളിൽ ഏൽപ്പിച്ചു തന്നുവെന്ന് " കേശവചന്ദ്രസെൻ വിലപിച്ചു.

മദ്യത്തിനെതിരെ സാമൂഹ്യപരിഷ്കർത്താക്കളുടെയും സ്വാതന്ത്ര്യ സമരസേനാനികളുടെയും മുറവിളി ശക്തിപ്പെട്ടപ്പോൾ 1884 ൽ ബ്രിട്ടീഷ് ഗവൺമെന്റ്

ഒരു കമ്മീഷനെ നിയമിച്ചു. മദ്യപാനം ജനങ്ങളുടെ ഇടയിൽ അതിവേഗം പ്രചരിക്കുന്നുവെന്ന് കമ്മീഷൻ കണ്ടെത്തി. മദ്യത്തിന്റെ ഏറിവരുന്ന ലഭ്യതയാണ് മദ്യപാനശീലം വ്യാപിക്കാനുള്ള കാരണം എന്ന് കമ്മീഷൻ റിപ്പോർട്ടു ചെയ്തു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാമമാത്രമായ ചില നിയന്ത്രണങ്ങൾ ഗവൺമെൻറ് വരുത്തി. മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ ഈ നിയന്ത്രണങ്ങൾ പര്യാപ്തമായിരുന്നില്ല. ഇന്ത്യാക്കാരെ മദ്യം കുടിപ്പിച്ച് നശിപ്പിക്കരുതെന്ന് ഇംഗ്ലീഷ്കാരോട് നേരിട്ട് അപേക്ഷിക്കാൻ ഗോപാലകൃഷ്ണ ഗോഖലെ, രാജാറാം മോഹൻ റോയ് തുടങ്ങിയവർ ഇംഗ്ലണ്ടിൽ പോയി നിവേദനങ്ങളും പ്രസംഗങ്ങളും നടത്തി.

1888-ൽ അലഹാബാദിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നാലാം അഖിലേന്ത്യാ സമ്മേളനം ജനങ്ങളുടെ ഇടയിൽ ലഹരിയുടെ ഉപയോഗം നിയന്ത്രിക്കുന്ന തരത്തിൽ അബ്കാരി നിയമങ്ങളിൽ ഭേദഗതി വരുത്തണമെന്ന് ബ്രിട്ടീഷ്ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം പാസ്സാക്കി. അതിന്റെ ഫലമായി 1890 ൽ ഇന്ത്യയിലെ ബ്രിട്ടീഷ്ഗവൺമെന്റ് മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ മദ്യത്തിന്റെ വില വർദ്ധിപ്പിക്കുകയും ബംഗാൾ, മദ്രാസ്, പ്രൊവിൻസുകളിലെ 7000 ഷാപ്പുകൾ അടച്ചുപൂട്ടുകയും ചെയ്തു. എന്നാൽ ഈ നടപടി കൊണ്ട് കാര്യമായ ഗുണമൊന്നും ഉണ്ടായില്ല.

കോൺഗ്രസ് നേതാക്കൾ മദ്യത്തിനെതിരെ ശക്തമായ പ്രചരണവും പ്രതിഷേധവും സാർവ്വത്രികമായി നടത്തിക്കൊണ്ടിരുന്നു. 1908 ൽ ലോക മാന്യ ബാലഗംഗാധര തിലകൻ ഇങ്ങനെ ആഹ്വാനം ചെയ്തു. "ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോയാലും അവരിവിടെ പ്രചരിപ്പിച്ച മദ്യപാനമെന്ന തിന്മ ഇവിടെ നിലനില്ക്കും. അതുകൊണ്ട് ഈ തിന്മയ്ക്കെതിരെ നാം ഇപ്പോൾതന്നെ സമരം തുടങ്ങേണ്ടിയിരിക്കുന്നു. മദ്യത്തിന്റെ ദുസ്വാധീനം പൂർണ്ണമായും ഇല്ലാതാകുന്നത് എന്നാണോ അന്നുമാത്രമേ നമ്മുടെ സ്വാതന്ത്ര്യസമരം പൂർത്തിയായി എന്നു പറയാൻ കഴിയുകയുള്ളൂ".

1921-ൽ അഹമ്മദാബാദിൽ സമ്മേളിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ യോഗത്തിൽ പാസാക്കിയ രണ്ടാമത്തെ പ്രമേയത്തിൽ സമ്പൂർണ്ണ മദ്യ നിരോധനത്തിന് സഹായിക്കാൻ എല്ലാവരോടും അഭ്യർത്ഥിച്ചിരുന്നു. 1928-ൽ കൽക്കട്ടയിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തിൽ പാസാക്കിയ 14 -മത്തെ പ്രമേയത്തിൽ മദ്യനിരോധനത്തിന് മുഖ്യസ്ഥാനം നല്കി. മദ്യവും മയക്കുമരുന്നും വിൽക്കുന്നിടങ്ങളിലെല്ലാം ധർണ്ണ നടത്തുന്ന

താണെന്നും പ്രമേയത്തിൽ പറയുന്നു. ഇതോടെ മദ്യനിരോധന സമിതി രൂപം കൊള്ളുകയും ചെയ്തു.

1920-കളിൽ മഹാത്മാഗാന്ധിയുടെ രംഗപ്രവേശത്തോടെ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ നിരവധി സമരമുഖങ്ങളിലൂടെ ശക്തിപ്രാപിച്ചു. 1930 - കളിൽ ഗാന്ധിജിയുടെ നിർദ്ദേശാനുസരണം മദ്യഷാപ്പുകളുടെ മുൻപിൽ സ്ത്രീ കളുൾപ്പെടെ നൂറ് കണക്കിനാളുകൾ പ്രകടനവും ധർണ്ണയും നടത്തി. ധർണ്ണ യിൽ പങ്കെടുത്ത സന്നദ്ധ സേവകരെ ബ്രിട്ടീഷ് ഇന്ത്യാപോലീസ് അടിച്ചമർ ത്തുകയും ലാത്തിച്ചാർജ്ജ് നടത്തുകയും ചെയ്തു. ഈ പ്രക്ഷോഭങ്ങളുടെ ഫലമായി മദ്യഷാപ്പുകൾ പ്രൊവിൻസുകളുടെ നിയന്ത്രണത്തിന് വിട്ടുകൊടുത്തു. പഞ്ചാബ്, മദ്രാസ്, ഉത്തർപ്രദേശ്, ആസ്സാം, എന്നീ പ്രൊവിൻസുകളിൽ മദ്യനി യന്ത്രണം ഏർപ്പെടുത്തി. ഭവനഗർ, പാലിതാനാ എന്നിവിടങ്ങളിൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തി.

1931 ജനുവരിയിൽ സർദാർ വല്ലഭായിപട്ടേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തിൽ ചികിത്സാപരമായ ആവശ്യങ്ങൾക്കല്ലാതെയുള്ള ലഹരി പദാർത്ഥങ്ങൾക്ക് പരിപൂർണ്ണ നിരോധനം ഏർപ്പെടുത്തണം എന്ന പ്രമേയം പാസാക്കി. ഗാന്ധി-ഇർവിൻ ഉടമ്പടി നടന്നപ്പോഴും സമ്പൂർണ്ണ മദ്യ നിരോധനത്തിന് വ്യവസ്ഥകളിൽ പ്രഥമ സ്ഥാനം കൊടുത്തിരുന്നു. 1935-ലെ ഇന്ത്യാ ഗവൺമെന്റ് ആക്ട് അനുസരിച്ച് ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയിൽ സാക്ഷരതാ വോട്ടവകാശം അനുവദിച്ചു. ഈ ആക്ട് അനുസരിച്ച് ഇന്ത്യയിൽ നടന്ന തെരഞ്ഞെടുപ്പിൽ ഏഴ് പ്രൊവിൻസുകളിൽ കോൺഗ്രസ് അധികാര ത്തിൽ വന്നു. 1937-ൽ ശ്രീരാജഗോപാലാചാരി മദ്രാസ് പ്രൊവിൻസിൽ മുഖ്യ മന്ത്രി ആകുകയും സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുകയും ചെയ്തു. മദ്യനിരോധനം മൂലമുണ്ടാകുന്ന റവന്യു വരുമാനത്തിന്റെ കുറവ് പരിഹരി ക്കാൻ രാജഗോപാലാചാരി ഇന്ത്യയിൽ ആദ്യമായി ഒരു രൂപയ്ക്ക് ഒരു കാശ് എന്നരീതിയിൽ വില്പനനികുതി ഏർപ്പെടുത്തി.

മദ്യത്തിനെതിരായി ഇന്ത്യയിൽ രൂപീകൃതമായ ആദ്യത്തെ സന്നദ്ധസംഘടന "മദ്യപാൻ വിനാശക" (പൂന.1849) ആണ്. 1907-ൽ പൂനയിൽ തന്നെ 'മദ്യ പാന നിഷേധസഭ' ഉണ്ടായി. കള്ളുഷാപ്പുകൾ പിക്കറ്റു ചെയ്യുന്ന സമ്പ്രദായം ആരംഭിച്ചത് 1907-1908 കാലത്താണ്. മദ്രാസിൽ ശക്തമായ മദ്യവർജ്ജന പ്രസ്ഥാനവും ഉടലെടുത്തിരുന്നു. പ്രശസ്ത കേരളീയ നേതാവ് ബാരിസ്റ്റർ ജി.പി. പിള്ള മദ്യവർജ്ജന സംഘടനയുടെ പ്രസിഡന്റായിരുന്നു.

നിസ്സഹകരണ പ്രസ്ഥാനത്തിന്റെ കാലത്തുതന്നെ വിദേശവസ്ത്ര ബഹിഷ്കരണത്തോടൊപ്പം ഷാപ്പ് പിക്കറ്റിംഗും ആരംഭിച്ചിരുന്നു. 1920 മുതൽ കോൺഗ്രസിന്റെ പരിപാടിയിൽ മദ്യനിരോധനത്തിന് പ്രാമുഖ്യം നല്കിയിരുന്നു. ഉപ്പുസത്യഗ്രഹം നടന്നകാലത്ത് (1930–1931) ഷാപ്പ് പിക്കറ്റിംഗും നടന്നിരുന്നു. മുന്നൂറോളം ഷാപ്പുകളിൽ പിക്കറ്റിംഗ് നടന്നു. മദ്യഷാപ്പുകൾ പിക്കറ്റു ചെയ്യുന്നതിന് നിരവധി യുവാക്കൾ മുന്നോട്ടു വന്നു. മദ്യഷാപ്പുകളിൽ വിൽപ്പന ഇല്ലാതായതിനെ തുടർന്ന് ഷാപ്പുടമകൾ സംഘടിപ്പിച്ച ഗുണ്ടാസംഘങ്ങൾ പിക്കറ്റു ചെയ്യുന്നവരെ ഭത്സിക്കുകയും ക്രൂരമായി കയ്യേറ്റം ചെയ്യുകയും മർദ്ദിക്കുകയും ചെയ്യുകയുണ്ടായി. ചില ഷാപ്പുകളിൽ വ്യാപാരം പാടെ നിലച്ചു.

1939–ൽ രണ്ടാം ലോക മഹായുദ്ധം ആരംഭിച്ചപ്പോൾ ഇന്ത്യയിലെ പ്രൊവിൻസുകളിലെ കോൺഗ്രസ് മന്ത്രിസഭകൾ രാജിവച്ചു. കോൺഗ്രസ് ഗവൺമെന്റിനോട് ആലോചിക്കാതെ ബ്രിട്ടൻ ഇന്ത്യയെ സഖ്യകക്ഷികളുടെ പക്ഷം ചേർത്തതിൽ പ്രതിഷേധിച്ചായിരുന്നു രാജി. ഈ നടപടി മദ്യനിരോധനത്തിന് വലിയ ആഘാതമായി. 1947–ൽ ഇന്ത്യ സ്വതന്ത്രയായി. നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ ഭരണഘടനയിൽ തന്നെ മദ്യനിരോധനത്തിന് ഊന്നൽ കൊടുത്തു. ഇന്ത്യൻ ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ സംസ്ഥാന നിയമത്തിന്റെ 47–ാം വകുപ്പിൽ സംസ്ഥാനങ്ങൾ ഘട്ടങ്ങളായി മദ്യനിരോധനം ഏർപ്പെടുത്തണമെന്ന് പറഞ്ഞിരിക്കുന്നു:– "ലഹരി പാനീയങ്ങളും ആരോഗ്യത്തിന് ഹാനികരമായ മരുന്നുകളും ഉപയോഗിക്കുന്നത് സമ്പൂർണ്ണമായി നിരോധിക്കാൻ രാഷ്ട്രം യത്നിക്കേണ്ടതാണ്".

മദ്യനിരോധന നിയമം സ്വതന്ത്രഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിരുന്നു. എന്നാൽ മദ്യനിരോധനനിയമം പരാജയമാണെന്ന് വരുത്തിത്തീർക്കുവാൻ സ്ഥാപിതതാല്പര്യക്കാർ ശ്രമിച്ചിരുന്നു. 1960 മെയ് 1 ന് പഴയ ബോംബെ സംസ്ഥാനം മഹാരാഷ്ട്ര എന്നും ഗുജറാത്ത് എന്നും രണ്ടായി വിഭജിക്കപ്പെട്ടു. തുടർന്ന് ഗുജറാത്തിൽ മാത്രം മദ്യനിരോധനം നിലവിൽ വന്നു. 1969 ന് ശേഷം മദ്രാസിലും (തമിഴ്നാട്) രാഷ്ട്രീയ കാലാവസ്ഥ അനുസരിച്ച് മദ്യനിരോധനം വന്നും പോയും ഇരിക്കുന്നു. ഗുജറാത്തിൽ ഇപ്പോഴും മദ്യനിരോധനം നിലനില്ക്കുന്നു. 1996 ഏപ്രിൽ 1 മുതൽ കേരളത്തിലും ചാരായ നിരോധനം നിലവിൽവന്നു.

3

മദ്യാസക്തി മഹാരോഗം

ലഹരി പിടിപ്പിക്കുന്ന ഏത് തരം പാനീയവും ദോഷകരമായ അളവിൽ കുടിക്കുന്ന ശീലത്തെ മദ്യാസക്തി എന്ന് പറയാം. ഇങ്ങനെ മദ്യപിക്കുന്നവർക്ക് മദ്യത്തിന്റെ ഉപയോഗത്തിലുള്ള എല്ലാ നിയന്ത്രണവും വിട്ടുപോകുന്നു. മദ്യം കഴിക്കാതിരിക്കാൻ സാധിക്കാതെ വരുന്നു. നിയന്ത്രണംവിട്ട കുടിയും മദ്യത്തോടുള്ള മാനസികവും ശാരീരികവുമായ ആശ്രയത്വവും മദ്യാസക്തി എന്ന രോഗത്തിന്റെ ലക്ഷണങ്ങളാണ്.

സാമൂഹ്യവിരുദ്ധ പ്രവണതകളും മറ്റ് വ്യക്തിത്വ – മാനസികവൈകല്യങ്ങളും മാനസിക സമ്മർദ്ദങ്ങളും ലഹരിവസ്തുക്കൾ ഉപയോഗിക്കുവാൻ മനുഷ്യരെ നിർബന്ധിതരാക്കുന്നു. മദ്യത്തിന്റെ ലഭ്യതയും പ്രോത്സാഹനവും മദ്യപനാകുവാൻ സഹായിക്കുന്നു. ഏകാന്തത, ആത്മനിന്ദ, വിഷാദം, ലൈംഗിക സംഘർഷങ്ങൾ, അപകർഷബോധം തുടങ്ങിയ വ്യക്തിത്വവൈകല്യങ്ങളും മദ്യാസക്തിക്ക് കാരണമാകുന്നു.

1956 ൽ ലോകാരോഗ്യ സംഘടന (WHO) മദ്യാസക്തിയെ ഒരു രോഗമായി പ്രഖ്യാപിച്ചു. അതേവർഷം ഐഷ്യരാഷ്ട്ര സംഘടന ഇക്കാര്യം ആവർത്തിച്ചുറപ്പിച്ചു. 1957–ൽ അമേരിക്കൻ സൈക്യാട്രിസ്റ്റ് അസോസിയേഷൻ (APA) ഇത് സ്ഥിരീകരിച്ചു. മാനസികവും ശാരീരികവും വൈകാരികവുമായ പ്രശ്നങ്ങളിലേയ്ക്കും പ്രതിസന്ധികളിലേയ്ക്കും നയിക്കുന്ന രോഗമായിട്ടാണ് മദ്യാസക്തിയെ ഇന്ന് കണക്കാക്കുന്നത്. എത്തനോൾ എന്ന രാസവസ്തുവാണ് മദ്യാസക്തി രോഗത്തിന്റെ മുഖ്യകാരണം. രോഗം പിടിപെടുമ്പോൾ ശരീരത്തിന്റെ രാസപ്രവർത്തനങ്ങൾക്കും മനോഭാവത്തിനും പെരുമാറ്റത്തിനും ദോഷകരമായ മാറ്റം സംഭവിക്കുന്നു.

ലോകാരോഗ്യ സംഘടന മദ്യാസക്തിയെ ഇങ്ങനെ നിർവ്വചിക്കുന്നു:– "ആരുടെയെങ്കിലും മദ്യാശ്രയം ശ്രദ്ധേയമായ മാനസികത്തകരാറുകൾ വരുത്തിവയ്ക്കു

കയും, ശാരീരികവും മാനസികവുമായ ആരോഗ്യം, വ്യക്തിബന്ധങ്ങൾ, സാമൂഹികവും സാമ്പത്തികവും ആയ കർത്തവ്യങ്ങളുടെ സുഗമമായ നിർവ്വഹണം എന്നിവക്ക് ശല്യമാവുകയും ചെയ്യുന്നെങ്കിൽ അപ്രകാരം അമിതമായി മദ്യപിക്കുന്നവരത്രേ മദ്യാസക്തിരോഗികൾ." ചികിത്സ അർഹിക്കുന്ന രോഗമായി മദ്യാസക്തിയെ കാണുകയും മന:ശാസ്ത്രപരമായും വൈദ്യശാസ്ത്രപരമായും ആത്മീയതലത്തിലും ഈ രോഗത്തെ ചികിത്സിച്ച് സുഖപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

മദ്യപാനരോഗത്തിന് 3 ഘട്ടങ്ങളുണ്ട്. പ്രാരംഭ ഘട്ടത്തിൽ മദ്യം കഴിച്ചത് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്തവിധം സഹിഷ്ണുതയോടെയാകും പെരുമാറുക. മദ്യം കഴിച്ചിട്ടില്ലെന്ന് വ്യക്തമാക്കുവാനും നിഷേധിക്കുവാനും തയ്യാറാകും. മുൻകരുതലോടെയാകും വ്യാപരിക്കുക. എന്നാൽ മദ്ധ്യഘട്ടം ആകുമ്പോഴേക്കും നിയന്ത്രണം വിട്ടുപോകുന്നതായി കാണാം. മദ്യപാനത്തെ ന്യായീകരിക്കുവാനും തുടങ്ങും. ആഡംബരപൂർവ്വകമായ പെരുമാറ്റം, കോപാവേശം, അക്രമം, കുറ്റബോധം, മന:സാക്ഷിക്കുത്ത്, മദ്യപിക്കയില്ലെന്ന് ശപഥം ചെയ്യൽ തുടങ്ങിയവ മദ്ധ്യഘട്ടത്തിലെ പ്രത്യേകതകളാണ്. മദ്ധ്യഘട്ടത്തോടെ സാമൂഹ്യ ബന്ധങ്ങളിലും കുടുംബബന്ധങ്ങളിലും തകർച്ചയുണ്ടാകുന്നു. തൊഴിൽ പരമായ പ്രശ്നങ്ങളും ഉടലെടുക്കും. പ്രഭാത മദ്യപാനവും കടംവാങ്ങലും ആരംഭിക്കും. അന്ത്യഘട്ടത്തോടെ മുഴുക്കുടി ആരംഭിക്കും. മദ്യം താങ്ങാനുള്ള ശക്തിയില്ലാതാകും. ധാർമ്മികമായി വ്യക്തി അധ:പതിക്കും. അകാരണമായ സംശയങ്ങൾ, ഭയം, മിഥ്യാബോധം, കൈകാലുകൾ വിറ തുടങ്ങിയ പ്രശ്നങ്ങളും ഉണ്ടാകും.

മദ്യത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

എന്തിന് വേണ്ടി മദ്യപിക്കുന്നു എന്ന് ചോദിച്ചാൽ നിരവധി കാരണങ്ങൾ പറയുന്നവരെ കാണുവാൻ സാധിക്കും.

- മദ്യം ആരോഗ്യത്തിന് നല്ലതാണ്.
- മദ്യപിച്ചാൽ മറ്റുള്ളവരുടെ മുഖത്ത് നോക്കി ധൈര്യത്തോടെ സംസാരിക്കാൻ സാധിക്കും.
- നല്ല ഉറക്കം ലഭിക്കും.
- ബിസിനസ്സ് വിജയത്തിന് മദ്യം സഹായിക്കും.

- ജീവിതത്തിലെ വിരസത, അർത്ഥമില്ലായ്മ, നിസ്സഹായത, കുറ്റ ബോധം, വിഷമങ്ങൾ എന്നിവ ഒഴിവാക്കാനാകും.
- മൂത്രത്തിൽ കല്ലുള്ളവർ മദ്യപിച്ചാൽ നല്ലതാണ്.
- വയറ്റിൽ അൾസറുള്ളവർക്ക് വേദനക്ക് ശമനം ലഭിക്കും.
- സ്ട്രാറ്റസ് ഉയരും.
- മനസ്സിനെ അലട്ടുന്ന ചിന്തകളെ അകറ്റാം.
- എനിക്ക് മദ്യപാനത്തെ നിയന്ത്രിക്കുവാൻ കഴിയും.
- ലൈംഗികശേഷി വർദ്ധിപ്പിക്കും.
- കലാസാഹിത്യ രചനയ്ക്ക് പ്രചോദനം ലഭിക്കും.
- പരീക്ഷയ്ക്ക് മുൻപ് മദ്യപിച്ചാൽ നല്ല ഓർമ്മ ലഭിക്കും.
- മദ്യം ഉന്മേഷം, ശക്തി, ബുദ്ധി, ധൈര്യം എന്നിവ നല്കും.
- മദ്യപിച്ചാൽ നല്ല വിശപ്പും, ദഹനവും കിട്ടും.
- ആണത്തത്തിന്റെ ലക്ഷണമാണ് മദ്യപാനം.
- കഠിനാദ്ധ്വാനത്തിന് ഊർജ്ജസ്വലത നല്കും.
- കഠിനാദ്ധ്വാനം കഴിഞ്ഞുള്ള ക്ഷീണം അകറ്റാനാകും.

ഗൗരവമായി ചിന്തിച്ചാൽ മുകളിൽ പറഞ്ഞവയെല്ലാം മദ്യത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകളാണെന്നും ശാസ്ത്രീയ അടിത്തറ ഇല്ലാത്തതാണെന്നും മനസ്സിലാക്കാം. മുകളിൽ പറഞ്ഞവയ്ക്കെല്ലാം വിപരീതമായ ഫലങ്ങളാണ് മദ്യം പ്രദാനം ചെയ്യുന്നത്. ലഹരി മനുഷ്യന്റെ സ്വാഭാവിക ശക്തികളെയെല്ലാം നശിപ്പിച്ച് അവനെ ബലഹീനനാക്കുന്നു; നശിപ്പിക്കുന്നു എന്നതാണ് സത്യം.

ദുർബലവും സ്ഥിരമല്ലാത്തതുമായ വ്യക്തിത്വങ്ങളാണ് മദ്യത്തിന് വേഗത്തിൽ അടിമകളാകുന്നത്. ആത്മവിസ്മൃതിക്കായി ലഹരിയെ അഭയം പ്രാപിക്കുന്നവർ കടുത്ത നൈരാശ്യത്തിന്റെയും തഞ്ജന്യമായ മനോവിക്ഷോപങ്ങളുടെയും അഗാധ ഗർത്തത്തിലേക്കാണ് നിപതിക്കുന്നത്.

മദ്യം കഴിക്കുമ്പോൾ സംഭവിക്കുന്നത്

മദ്യം ദഹനം കൂടാതെ നേരിട്ട് രക്തത്തിലേക്ക് കലരുന്നു. കഴിക്കുന്ന മദ്യത്തിന്റെ 20% ആമാശയത്തിൽ നിന്നും നേരിട്ട് രക്തത്തിൽ കലരുന്നു. ബാക്കി

80% കുടലിൽനിന്ന് രക്തത്തിൽ കലർന്ന് തലച്ചോറിലും ഹൃദയത്തിലും കരളിലും എത്തുന്നു. മദ്യത്തിന്റെ ചെറിയൊരു അംശം മൂത്രം, വിയർപ്പ്, ശ്വാസോച്ഛ്വാസം എന്നിവവഴി പുറംതള്ളപ്പെടും. പ്രധാനമായും മദ്യത്തിന്റെ ജ്വാരണം (oxidation) കരളിൽവച്ചാണ് നടക്കുന്നത്. ആമാശയത്തിൽ നിന്നും മദ്യം രക്തത്തിൽ കലർന്ന് കരളിലെത്തുമ്പോൾ അസറ്റാൾഡിഹൈഡ് എന്ന വിഷമുണ്ടാകുന്നു. പിന്നീട് അസറ്റിക്ആസിഡായും അതിനുശേഷം കാർബൺഡൈ ഓക്സൈഡും വെള്ളവുമായി രൂപാന്തരം പ്രാപിക്കുന്നു. അസറ്റാൾഡിഹൈഡ്, അസറ്റിക്കാസിഡായി മാറുന്നതിനുമുൻപ് അതിലൊരു ഭാഗം തലച്ചോറിലെത്തി Thiq (Tetra Hydro Iso Quinoline) എന്ന വിഷവസ്തുവായി മാറും. അത് തലച്ചോറിനെ മന്ദീഭവിപ്പിക്കുന്നു. ഫലം ബുദ്ധിമാന്ദ്യം, ശരീരത്തിന് ബാലൻസ് തരുന്ന സെറിബല്ലത്തെ ബാധിക്കുന്നതുകൊണ്ട് വ്യക്തിക്ക് ബാലൻസ് നഷ്ടപ്പെടൽ എന്നിവയായിരിക്കും.

മദ്യാസക്തി അഞ്ച് തലങ്ങളിലുള്ള രോഗാവസ്ഥ

1. **ശാരീരികം:** വ്യക്തി ശാരീരികമായി രോഗിയായി മാറുന്നു. പ്രധാന അവയവങ്ങളായ തലച്ചോറ്, നാഡീവ്യൂഹം, ഹൃദയം, ശ്വാസകോശം, കരൾ, ആമാശയം, വൃക്കകൾ എന്നിവയുടെ പ്രവർത്തനങ്ങളെ ലഹരി ഉപയോഗം ക്രമാനുഗതമായി തകർക്കുന്നു.

ശാരീരിക ശേഷിക്കുറവ്, ഷണ്ഡത്വം, ഗർഭം അലസൽ, ആർത്തവത്തകരാറ്, അംഗവൈകല്യമോ ബുദ്ധിമാന്ദ്യമോ ഉള്ള കുട്ടികളുടെ ജനനം എന്നിവയ്ക്കും ലഹരിയുടെ അമിതമായ ഉപയോഗം കാരണമാകും. വിശപ്പില്ലായ്മ, കാഴ്ച നഷ്ടപ്പെടൽ, ആരോഗ്യം ക്ഷയിക്കൽ, ആകസ്മിക മരണം, ആയുർദൈർഘ്യം കുറയൽ എന്നിവയ്ക്കും ലഹരി ആസക്തി കാരണമാകുന്നു.

2. **മാനസികം:** മാനസിക വിഭ്രാന്തി, മനോരോഗങ്ങൾ, ആകാംക്ഷ, ഉത്കണ്ഠ, വിഷാദം, ഭയം, ആത്മധൈര്യക്കുറവ്, അപകർഷബോധം, അമിതമായ കുറ്റബോധം എന്നിവയ്ക്കും മറ്റുള്ളവർ തന്നെ വെറുക്കുന്നു എന്നറിയുമ്പോഴുള്ള സ്വയം വെറുപ്പിലേയ്ക്കും മദ്യപർ നീങ്ങുന്നു. ഈ അവസ്ഥയിൽ മദ്യപർ വീടുവിട്ട് പോകുവാനോ ആത്മഹത്യ ചെയ്യുവാനോ ശ്രമിക്കുന്നു.

3. **ആത്മീയം:** രോഗങ്ങൾ മനുഷ്യനെ ദൈവത്തിലേയ്ക്ക് അടുപ്പിക്കുന്നുണ്ട്. എന്നാൽ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട വ്യക്തി ഓരോ

നിമിഷവും ദൈവത്തിൽ നിന്ന് അകന്നുകൊണ്ടിരിക്കും. ധാർമ്മിക മൂല്യങ്ങളും സദാചാരബോധവും ഈശ്വരവിശ്വാസവും നഷ്ടപ്പെടുന്നു.

4. **കുടുംബപരം:** മദ്യപാനമെന്ന രോഗത്തിന്റെ വേദന മദ്യപർ അറിയുന്നില്ല. വേദനയും ദു:ഖവും ദുരിതങ്ങളും എല്ലാം അനുഭവിക്കേണ്ടി വരുന്നത് ഭാര്യയും മാതാപിതാക്കളും കുട്ടികളുമാണ്. വേദനയും ദുരിതങ്ങളും കുടുംബാംഗങ്ങൾ അനുഭവിക്കേണ്ടി വരുന്നതുകൊണ്ടാണ് മദ്യപാനവും മയക്കുമരുന്നുകളുടെ ഉപയോഗവും കുടുംബരോഗമാണെന്ന് പറയുന്നത്.

5. **സാമൂഹികം:** മദ്യപരുടെ സാമൂഹിക ബന്ധങ്ങൾ തകരുന്നു. ഇടപെടുന്നവരോട് അപമര്യാദയായി പെരുമാറുന്നു. അക്രമങ്ങളും, വഴക്കുകളും മദ്യപനെ കുറ്റവാളിയും ദുഷ്ടനും ആക്കിത്തീർക്കുന്നു. മദ്യപനായി നടക്കുന്ന വ്യക്തി സമൂഹമനസ്സാക്ഷിയിൽ വരുത്തുന്ന ആഘാതം അതിഭയങ്കരമാകുന്നു. മദ്യപനെ മക്കളും യുവാക്കളും അനുകരിക്കുമ്പോൾ ഇതൊരു സാംക്രമിക രോഗമാണെന്ന് തെളിയിക്കുന്നു. സമൂഹത്തിന്റെ ധാർമ്മിക സാംസ്ക്കാരിക തകർച്ച ഈ രോഗം മൂലം സംഭവിക്കുന്നു. നഷ്ടമാകുന്ന മനുഷ്യശക്തി, ചികിത്സക്കായി മാറ്റിവെയ്ക്കേണ്ടിവരുന്ന ഭീമമായ തുക, അപകടം മൂലം വരുന്ന ദുരിതങ്ങൾ, തകരുന്ന കുടുംബബന്ധങ്ങൾ, ദുർവിനിയോഗിക്കപ്പെടുന്ന ധനം, മദ്യവ്യവസായികൾ കുൽസിത മാർഗ്ഗത്തിലേയ്ക്ക് ഒഴുക്കുന്ന പണം ഇതൊക്കെ സാമൂഹികരോഗത്തിന്റെ ലക്ഷണങ്ങൾ മാത്രം.

A മദ്യപാനം ശരീരത്തെ ബാധിക്കുന്ന രോഗമാണ്

മദ്യം ശരീരത്തിന്റെ എല്ലാ അവയവങ്ങളെയും നശിപ്പിക്കുന്നു. തലയും, കരളും, ഹൃദയവും ആമാശയവും എന്തിനേറെ നാഡി ഞരമ്പുകൾ പോലും മദ്യത്തിന്റെ നീരാളിപ്പിടുത്തത്തിൽ ബലഹീനമാകുന്നു. മദ്യപാന രോഗികളിൽ 50% പേർക്ക് ഉറക്കക്കുറവും 55% പേർക്ക് തലവേദനയും 24% പേർക്ക് കൈവിറയലും 8% പേർക്ക് ഓർമ്മക്കുറവും ഉള്ളതായി കണക്കുകൾ തെളിയിക്കുന്നു.

B മദ്യപാനം മനസ്സിനെ ബാധിക്കുന്ന രോഗമാണ്

മദ്യാസക്തി മനസ്സിനെ തകർക്കുമ്പോൾ പല ശബ്ദങ്ങൾ കേൾക്കാനും, മണങ്ങൾ അനുഭവപ്പെടാനും, വിചിത്ര കാഴ്ചകൾ കാണാനും തുടങ്ങും. മദ്യപാന ചികിത്സയ്ക്കായി വന്ന 100 പേരെ പരിശോധിച്ചതിൽ 8 പേർക്ക് പല

വിധത്തിലുള്ള "ഹാലൂസ്നേഷൻ" ഉണ്ടായിരുന്നു. 20% പേർക്ക് സംശയ പ്രകൃതിയും ഉണ്ടായിരുന്നു. അമിത ഉത്കണ്ഠ, അപകർഷബോധം, ഭയം വിഷാദം, ഇവയെല്ലാം മദ്യം മനസ്സിനെ ബാധിക്കുമ്പോൾ വളരെ കൂടുതലായു ണ്ടാകുന്നു.

നാം കഴിക്കുന്ന മദ്യത്തിന്റെ ഒരംശം തലച്ചോറിൽ ചെന്ന് തലച്ചോറിന്റെ പ്രവർത്തനങ്ങളെ തകരാറിലാക്കുന്നു. സെറിബ്രം, സെറിബെല്ലം, സ്പൈനൽ കോഡ്, ഇവയുടെ പ്രവർത്തനങ്ങളെ നശിപ്പിക്കുന്നു. റിഫ്ലക്സുകളുടെ വേഗത കുറയുന്നു. മനസ്സിന്റെ വിലക്കുകളെ ഇല്ലാതാക്കുന്നു. ധീരത ചമയുന്നു. ആത്മ നിയന്ത്രണം, സുബോധം, സൂക്ഷ്മ വിവേചനം, സന്മാർഗ്ഗബോധം ഇവയുടെ കേന്ദ്രം തലച്ചോറിന്റെ പുരോഭാഗത്താണ് (Frontial lobe). ഇവ മന്ദീഭവിക്കു ന്നതോടെ നിയന്ത്രണം വിട്ട് എന്തും പറയും. ആടാനും പാടാനും തുടങ്ങും. സ്വയം ചൊറിച്ചത് വാരി തിന്നെന്നുവരും. അപരിചിതരോടുപോലും പരിചയം നടിക്കും. നാണമില്ലാത്ത പെരുമാറ്റവും, അധാർമ്മിക പ്രവണതയും കാണി ച്ചെന്നുവരാം. ഇതോടൊപ്പം വിഷാദവും ഭയവും അപകർഷബോധവും ദു:ഖ വും കരച്ചിലും അക്രമണമനോഭാവവും കാണിച്ചെന്നിരിക്കും. മദ്യം മനസിനെ ബാധിക്കുമ്പോൾ പല മാനസിക രോഗങ്ങളും ഉണ്ടാകുന്നു.

C. മദ്യപാനം ആത്മാവിനെ ബാധിക്കുന്ന രോഗമാണ്

മദ്യം പാപകരമായ രോഗമാണ്. (It is a sinfull disease) ഇത് നമ്മെ എല്ലാ തിനുമയിലേക്കും നയിക്കും. അതുകൊണ്ടാണ് ഗാന്ധിജി പറഞ്ഞത് "മദ്യം മോഷണത്തെക്കാളും വ്യഭിചാരത്തെക്കാളും വെറുക്കപ്പെടേണ്ടതാണ് എന്ന്''. കാരണം മദ്യം ഇവ രണ്ടിനും കാരണമാകുന്നു. മദ്യം വിരോധത്തിനും വെറു പ്പിനും കാരണമാകുന്നു. മതവും, മതമൂല്യങ്ങളും മദ്യപർ പുച്ഛമായി തള്ളി ക്കളയുന്നു.

D. മദ്യപാനം കുടുംബം തകർക്കുന്ന രോഗമാണ്:

ദാരിദ്ര്യവും പട്ടിണിയും അസമാധാനവും ദു:ഖവും രോഗങ്ങളും കൊണ്ട് തകർന്ന ഒരു കുടുംബമായിരിക്കും മദ്യപന്റേത്. "മദ്യപനായ തൊഴിലാളി ഒരു കാലത്തും സമ്പന്നനാവുകയില്ല" (പ്രഭാഷകൻ 19:1) എന്ന വചനം എത്രയോ വാസ്തവമാണ്. മദ്യപാന ചികിത്സയ്ക്കായി വരുന്നവരിൽ 96% പേരും പതി നായിരം രൂപയിൽ കൂടുതൽ കട ബാദ്ധ്യതയുള്ളവരാണ്. ഭാര്യയുടെ സ്ഥിതി

യാണ് അതിലും കഷ്ടം 68% ഭാര്യമാരും രോഗികളാണ്. 60% മക്കളും പലവി ധത്തിലുള്ള രോഗത്താൽ വേദനിക്കുന്നവരാണ് . മദ്യാസക്തി പാരമ്പര്യമായി മക്കളിലേയ്ക്കും ലഭിക്കുന്നുവെന്നതാണ് ഏറെ കഷ്ടം. ചെറുപ്പത്തിൽ പിതാ വിന്റെ മദ്യപാനത്തെ വെറുത്തിരുന്നവരിൽ 40% പേർ പിൽക്കാലത്ത് പിതാ വിനെ പോലെ അമിത മദ്യാസക്തരായി മാറിയതായികണ്ടു.

E. മദ്യാസക്തി സമൂഹത്തെ ഗ്രസിക്കുന്ന മാരകരോഗമാണ്

ചില സമൂഹം മുഴുവനും മദ്യപാനത്തിന്റെ പിടിയിലാണ്. ഹൈറേഞ്ചിലെ ചിലപ്രദേശം മുഴുവനും ഈ മദ്യരോഗം പിടിപെട്ട് നശിച്ചുപോയിട്ടുണ്ട്. പക്ഷേ, അവർ അതിനെ കുറിച്ച് ബോധവാന്മാരല്ലെന്ന് മാത്രം. കല്ല്യാണാഘോഷ ങ്ങൾക്ക് മദ്യം വിളമ്പുന്നവരും വീട്ടിലെ 'ഷോകേയ്സിൽ' മദ്യം സൂക്ഷിക്കുന്ന വരും മദ്യ രോഗത്തിന്റെ വിത്തു വിതയ്ക്കുകയാണ് എന്ന് ഓർമ്മിച്ചാൽ നന്നാ യിരിക്കും.

F. മദ്യപാനം പ്രാഥമിക രോഗമാണ്: (It is a Primary disease)

മദ്യപാനം അതിനാൽ തന്നെ ഒരു രോഗമാണ്. അത് മറ്റൊരു രോഗത്തിന്റെ ലക്ഷണമല്ല. പനിയുണ്ടെങ്കിൽ തലവേദനയുണ്ടാകാം. പല്ലിനു കേടുണ്ടെങ്കിലും, വയറിനസുഖം ഉണ്ടെങ്കിലും തലവേദനയുണ്ടാകും. അതുപോലെയല്ല മദ്യാ സക്തി. മദ്യാസക്തി ഒരു രോഗമാണെന്നു മാത്രമല്ല ശാരീരികവും മാനസി കവും ആദ്ധ്യാത്മികവുമായ അനേകം രോഗങ്ങൾക്ക് മദ്യപാനം കാരണമാകു കയും ചെയ്യുന്നു.

G മദ്യാസക്തി വർദ്ധിച്ചുവരുന്ന രോഗമാണ്: (Progressive disease)

മദ്യം കഴിക്കുന്തോറും കൂടുതൽ കഴിക്കുവാനുള്ള ആസക്തിയുണ്ടാക്കുന്നു. ഇന്നു കുടിച്ച് നിർത്തിയേക്കാം എന്നു പലരും കരുതുന്നു. പക്ഷെ നാളെയും അതു തുടരുന്നു. ബിയറിലോ കള്ളിലോ തുടങ്ങി ബ്രാണ്ടിയിൽ തുടർന്ന് അവ സാനം കരള് കലക്കുന്ന വാറ്റുചാരായം കഴിച്ചാലും മതിവരില്ല എന്ന അവസ്ഥ യിൽ എത്തുന്നു. ഒരു പെഗ്ഗിൽ തുടങ്ങി, ഒരു കുപ്പിവെള്ളം തൊടാതെ അക

ത്താക്കാം എന്ന അവസ്ഥയിലേയ്ക്കു വരുന്ന വളരുന്ന രോഗമാണ് മദ്യാസക്തി.

H. നിത്യകാലം നിലനില്ക്കുന്ന രോഗമാണ്: (It is a permanent disease)

ഒരുവൻ ഒരിക്കൽ മദ്യാസക്തനായാൽ നിത്യകാലം മദ്യപാന രോഗിയായിരിക്കും. (Once an alcoholic always an alocholic) കുറച്ചു നാളത്തേയ്ക്കു മദ്യപാനം നിറുത്തിയിട്ട് വീണ്ടും മദ്യപാനത്തിലേയ്ക്ക് പോയ രോഗികളെകുറിച്ച് നടത്തിയ പഠനത്തിൽ 1 മാസത്തിനും 6 മാസത്തിനുമിടയ്ക്കാണ് 44% പേരും വീണത് എന്ന് മനസ്സിലാക്കാൻ സാധിച്ചു. 6 മാസത്തിനും 1 വർഷത്തിനുമിടയ്ക്ക് 8% പേരും വീണ്ടും മദ്യത്തിലേയ്ക്കു വീണു എന്നു തെളിഞ്ഞു. 5 വർഷം കഴിഞ്ഞാലും മദ്യത്തിന്റെ പിടിയിൽ നിന്നും ഒരുവൻ വിമുക്തനായി എന്നു പറയാനാവില്ല. 5 വർഷത്തിനും 10 വർഷത്തിനുമിടയ്ക്ക് 4% പേർ വീണ്ടും മദ്യത്തിലേയ്ക്ക് പോയതായി കണ്ടു എന്നു പറഞ്ഞാൽ മദ്യപാന ചികിത്സ നടത്തിയാലും എന്തുമാത്രം നാം സൂക്ഷിക്കേണ്ടതാണെന്നു വ്യക്തമാണല്ലോ.

I. ഇത് മാരകമായ ഒരു രോഗമാണ്:

മദ്യപാനം നമ്മെ കൊല്ലുന്ന രോഗമാണ്. ഓരോ പെഗ്ഗ് മദ്യവും നിങ്ങളുടെ ആയുസിന്റെ ദൈർഘ്യം കുറയ്ക്കുന്നു. മരണത്തിലേയ്ക്ക് നിങ്ങളെ അടുപ്പിക്കുന്നു. ശരീരത്തിന്റെ ഓരോ ഭാഗത്തെയും അത് നശിപ്പിക്കുന്നു. മദ്യം കൊണ്ട് കരള് നശിപ്പിച്ചാൽ പിന്നെ ഒരു മരുന്നിനും അത് വീണ്ടെടുക്കാൻ സാധ്യമല്ല.

J. ഇത് ചികിത്സിക്കേണ്ട രോഗമാണ്:

മദ്യാസക്തിയെ പൂർണ്ണമായി സുഖപ്പെടുത്തുവാൻ സാധിക്കയില്ല. എന്നാൽ സമഗ്രമായ ചികിത്സയിലൂടെ അതിനെ നിയന്ത്രിച്ചു നിർത്താൻ സാധിക്കുന്നു. (Alcoholic tendency can be arrested but it cannot be cured) മദ്യപൻ സ്വയമായി നിർത്താമെന്ന് വീമ്പടിച്ചാലും ഏതാനും ദിവസങ്ങൾക്കുള്ളിൽ വീണ്ടും വീണുപോകും. അതിനാൽ മദ്യപനെ ശാരീരികവും മാനസികവും ആദ്ധ്യാത്മികവും ആയ ചികിത്സയ്ക്ക് വിധേയമാക്കി ആരുടെയെങ്കിലും നിയന്ത്രണത്തിൽ വ്യക്തമായ പ്ലാനോടും പദ്ധതിയോടുംകൂടി മദ്യാസക്തി എന്ന രോഗത്തെ നിയന്ത്രിച്ചു നിർത്താൻ പ്രാപ്തനാക്കേണ്ടിയിരിക്കുന്നു.

മദ്യം ശരീരത്തിൽ

ശരീരത്തിന്റെ ഓരോ അവയവങ്ങളേയും തകർക്കുന്നതാണ് മദ്യം. എന്നാൽ മദ്യപർ ഇത് മനസ്സിലാക്കാതെ കൂടുതൽ കൂടുതൽ മദ്യം കഴിക്കുന്നു.

നാവ്: മദ്യം കഴിക്കുമ്പോൾ നാവ് കുഴയുന്നു. ഭക്ഷണത്തിന്റെ രുചി അറിയുന്നതിനുള്ള സൂക്ഷ്മ സുഷിരങ്ങൾ നാവിലാണ്. മധുരം, ചവർപ്പ്, പുളി, കയിപ്പ്, എരുവ് ഇവയെല്ലാം രുചിക്കാൻ നാവിൽ പ്രത്യേക സുഷിരങ്ങളുണ്ട്. മദ്യപാനവും പുകവലിയും കൊണ്ട് ഈ സുഷിരങ്ങൾ അടഞ്ഞുപോകുന്നു. ഭക്ഷണത്തിനു രുചി ഇല്ലെന്നു പറഞ്ഞ് ഭാര്യയെ തല്ലുന്നവർ ഈ കാര്യം ഓർമ്മിക്കുക, ഭാര്യയ്ക്കല്ലാ കുഴപ്പം താൻ മദ്യം കഴിക്കുന്നതു കൊണ്ടാണെന്ന്. മദ്യം കഴിക്കുന്നവർ കാന്താരിമുളക് അമിതമായി ഉപയോഗിക്കുന്നത് കണ്ടിരിക്കുമല്ലോ. ഭാഗികമായി അടഞ്ഞിരിക്കുന്ന സുഷിരങ്ങളിൽ എരിവ് തുളച്ചുകയറുന്നു. ഇങ്ങനെ എരിവിന്റെ രുചി എങ്കിലും അറിയുന്നതിന് കാരണമാകുന്നു. മദ്യപാനവും പുകവലിയും ഉപേക്ഷിച്ചാൽ ഏതാനും ദിവസത്തിനുളളിൽ രുചികരമായി ഭക്ഷണം കഴിക്കുവാൻ സാധിക്കും.

അന്നനാളം: അന്നനാളത്തിലെ ക്യാൻസറിന് മദ്യം കാരണമാകുന്നു. കത്തിച്ചാൽ കത്തുന്ന വാറ്റു ചാരായമാണല്ലോ മദ്യപരിൽ അധികം പേരും കഴിക്കുക. ശക്തിയേറിയ ഈ ആസിഡ് അന്നാനാളത്തിൽ വൃണങ്ങൾ ഉണ്ടാക്കുകയും ക്രമേണ ക്യാൻസർ ആയിത്തീരുകയും ചെയ്യുന്നു.

മദ്യം ആമാശയത്തിൽ: ആമാശയത്തിൽ വരുന്ന മദ്യത്തിന്റെ 20% നേരിട്ട് രക്തത്തിലേയ്ക്ക് കലരുന്നു. ബാക്കി 80% ചെറുകുടലിൽ വെച്ചാണ് രക്തത്തിൽ കലരുന്നത്. ആമാശയത്തിൽ പല ദഹനരസങ്ങളും എൻസൈമുകളും ഉത്പ്പാദിപ്പിക്കപ്പെടുന്നുണ്ട്. ഉദാഹരണമായി ആമാശയഭിത്തികളിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന ഹൈഡ്രോക്ളോറിക് ആസിഡ് രോഗാണുക്കളെ നശിപ്പിക്കുകയും ദഹനത്തിന് സഹായിക്കുകയും ചെയ്യുന്നു. എന്നാൽ മദ്യം ദഹിക്കുകയോ കഴിക്കുന്ന ഭക്ഷണത്തെ ദഹിപ്പിക്കുകയോ ചെയ്യുന്നില്ലെന്നു മാത്രമല്ല ഹൈഡ്രോക്ളോറിക് ആസിഡിനേയും മറ്റു എൻസൈമുകളെയും നിർവീര്യമാക്കുകയും ചെയ്യുന്നു. ഇങ്ങനെ വരുമ്പോൾ വിശപ്പില്ലാതാകുന്നു.

അൾസർ: വാറ്റു ചാരായം വെള്ളം തൊടാതെ കഴിക്കുന്ന വ്യക്തിക്ക് ആമാശയ വൃണം ഉണ്ടാകാം. മറ്റു ചിലർക്ക് വൃണമുണ്ടാകുന്നത് ചെറുകുടലി

ലാണ്. ഇവയുടെ വേദന കുറയ്ക്കാനെന്ന വ്യാജേന വീണ്ടും കുടിക്കുന്നവരും കുറവല്ല. ഇതിന്റെ ഫലമായി അൾസർ കൂടുന്നു. ചിലപ്പോൾ അൾസർ കൂടി ക്യാൻസർ ആയെന്ന് വരാം. ചിലർക്ക് കുടിച്ചില്ലെങ്കിൽ ഗ്യാസാണത്രെ! യഥാർത്ഥത്തിൽ മദ്യം ഗ്യാസ് വർദ്ധിപ്പിക്കുന്നു. മദ്യം ആമാശയത്തിന്റെ ഉൾഭിത്തിയിലെ നേർത്ത പാടയ്ക്ക് നീർക്കെട്ട് വരുത്തി വീർത്തു വ്രണമാകാൻ കാരണമാകുന്നു.

ഛർദ്ദിൽ: ചില മദ്യപർ ഛർദ്ദിച്ച് വഴിയിൽ കിടക്കുന്നത് കണ്ടിട്ടില്ലേ? മദ്യം ചെല്ലുന്നത് ചെറുകുടലിന് ഹാനികരമാകയാൽ ചെറുകുടലിലേയ്ക്കുള്ള വാൽവ് അടയുന്നു. അതുകൊണ്ട് കഴിച്ചിരിക്കുന്ന മദ്യവും ആഹാരസാധനങ്ങളും പുറത്തേയ്ക്ക് എടുക്കുന്നു അതാണ് ഛർദ്ദിൽ. മദ്യപിച്ച് ബോധമില്ലാതെ ഛർദ്ദിച്ച് കിടക്കുന്ന ഒരു വ്യക്തിയുടെ അടുത്ത് നിന്ന് ഛർദ്ദിൽ തിന്നുന്ന പട്ടിയേയും താൻ ഛർദ്ദിച്ചതു തന്നെ വീണ്ടും വാരിക്കഴിക്കുകയും ചെയ്യുന്ന വ്യക്തിയേയും ഒന്ന് മനസ്സിൽ കാണുക. മദ്യത്തിന്റെ മ്ളേച്ഛത മനസ്സിലാക്കാൻ ഇതു സഹായിക്കും.

വയറിളക്കം: മറ്റു ചിലർക്ക് വയറിളക്കമാണ് പ്രശ്നം. ഭർത്താവ് മദ്യം കഴിച്ചാണ് വരുന്നതെങ്കിൽ ഭാര്യ കിടക്കമാറ്റി വയ്ക്കേണ്ട ഗതികേട്!. മലമൂത്ര വിസർജ്ജനം കൊണ്ട് മുറിയാകെ വൃത്തികേടാകും. ഇവിടെ മദ്യത്തിന്റെ ശക്തികൊണ്ട് ചെറുകുടലിലേയ്ക്കുള്ള വാൽവ് നേരത്തെ തുറക്കുകയും അതുകൊണ്ട് ഭക്ഷണം ദഹിക്കാതെ പോവുകയും ചെയ്യുന്നു. പിറ്റേദിവസം വലിയ ക്ഷീണവും തളർച്ചയും ദു:ഖവും ഉണ്ടാകും. കഴിക്കുന്ന ഭക്ഷണം ശരീരത്തിൽ പിടിക്കാത്തതുകൊണ്ട് ശരീരത്തിൽ പോഷണക്കുറവും അനുഭവപ്പെടും. മദ്യപർ സാധാരണ പറയാറുള്ള പ്രശ്നമാണ് നെഞ്ചരിച്ചിലും നെഞ്ചിനകത്ത് അസ്വസ്ഥതയും. മദ്യപർ ബലഹീനരായതുകൊണ്ട് മറ്റുരോഗങ്ങളും പെട്ടെന്ന് പിടിപെടും. ചിലർക്ക് ശരീരം മുഴുവൻ നീരുവന്ന് വീർക്കുന്നു.

വിശപ്പും ദാഹവും: മദ്യപാനം നിറുത്തുന്ന ദിവസം പലർക്കും വിശപ്പുണ്ടാകയില്ല. എന്നാൽ വലിയ ക്ഷീണവും ദാഹവും അനുഭവപ്പെടും. ആമാശയഭിത്തിയെ ബലഹീനമാക്കുന്നതുകൊണ്ടും ദഹനരസങ്ങളെ നിർവീര്യമാക്കുന്നതുകൊണ്ടുമാണ് വിശപ്പു തോന്നാത്തത്. രണ്ടു ദിവസം കഴിയുമ്പോൾ നല്ല വിശപ്പ് അനുഭവപ്പെടും. സാധാരണ കഴിക്കുന്നതിൽ ഇരട്ടി ആഹാരം കഴിക്കും. മദ്യപന് വലിയ ദാഹം അനുഭവപ്പെടുന്നത് എന്തുകൊണ്ടാണെന്ന്

ചിന്തിച്ചിട്ടുണ്ടോ? മദ്യത്തിന്റെ വീര്യം കുറക്കാൻ ശരീരത്തിൽ നിന്നുതന്നെ ഇലാംശം വലിച്ചെടുക്കുന്നു. അതുകൊണ്ടാണ് മദ്യപരുടെ നാവും തൊണ്ടയും വരളുന്നതും എപ്പോഴും വെള്ളം കുടിക്കാനുള്ള ആർത്തി തോന്നുന്നതും.

മദ്യം കരളിൽ: ശരീരത്തിന് ആവശ്യമായ രക്തവും ഗ്ലൂക്കോസും ഉൽപ്പാദിപ്പിക്കുന്നതും ഭക്ഷണത്തിലൂടെ ശരീരത്തിൽ ചെല്ലുന്ന പോഷകാംശങ്ങളെ ശരീരത്തിന് ഉപയോഗപ്രദമായ രീതിയിൽ രൂപാന്തരപ്പെടുത്തുന്നതും കരളാണ്. കൂടാതെ ശരീരത്തിന് ആവശ്യമില്ലാത്ത സാധനങ്ങളെ രൂപാന്തരപ്പെടുത്തി പുറത്തുകളയുന്നതും കരളാണ്. മദ്യം രക്തവുമായി കലരുമ്പോൾ ഉണ്ടാകുന്ന അസറ്റാൾഡിഹൈഡ് എന്ന വിഷാംശത്തേയും രൂപാന്തരപ്പെടുത്തി ശരീരത്തിൽനിന്നും നീക്കം ചെയ്യുന്നത് കരളാണ്. ആമാശയത്തിൽ നിന്നും രക്തത്തിൽ കലർന്ന് കരളിൽ എത്തുന്ന മദ്യത്തെ അസറ്റാൽഡിഹൈഡ് ആയും പിന്നീട് അസറ്റിക് ആസിഡായും അതിനുശേഷം കാർബൺഡൈ ഓക്സൈഡും വെള്ളവുമായി മാറ്റുന്നു. ഈ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നത് നാം ശ്വസിക്കുന്ന ഓക്സിജനാണ്. ഈ പ്രവർത്തനം നടക്കുന്നത് കരളിലാണ്. കരളിനെ മദ്യം നശിപ്പിക്കുന്നതിന്റെ ഫലമായി കരൾ വീക്കം ഉണ്ടാകുന്നു.

ഹൃദയ വീക്കം: ഹൃദയമാകുന്ന പമ്പുസെറ്റ് അമിതമായി പ്രവർത്തിക്കുന്നതുമൂലം ഹൃദയഭിത്തികൾ തളരുന്നു. രക്തം പമ്പുചെയ്യാനുള്ള ശേഷി ഹൃദയത്തിനു നഷ്ടപ്പെടുന്നു. ഹൃദയത്തിന്റെ ശക്തി ക്ഷയിച്ച് ഭിത്തികൾ ദുർബലമായി ഹൃദയവീക്കം ഉണ്ടാകുന്നു. ആൽക്കഹോളിക് കാർഡിയോമയോപ്പതി എന്നാണ് ഇതിനു പറയുന്നത്.

മദ്യം രക്തത്തിൽ: രക്തത്തിൽ കലരുന്ന മദ്യം എണ്ണത്തിൽ കുറഞ്ഞ രക്തത്തിലുള്ള വെളുത്ത അണുക്കൾക്ക് കേടു വരുത്തുന്നതുകൊണ്ട് വളരെയേറെ പ്രശ്നങ്ങൾ ഉണ്ടാകുന്നു. മുറിവ് ഉണങ്ങാൻ സമയമെടുക്കുന്നു. ചിലപ്പോൾ വ്രണമാകുന്നു. രക്തവാദവും ആയെന്നുവരും. ശരീരത്തിലെ മാലിന്യങ്ങളെ നീക്കം ചെയ്യുന്നതും മുറിവുകളിൽ വിഷാംശം കയറുന്നത് തടയുന്നതും വെളുത്ത അണുക്കളാണ്.

മദ്യം ചുവന്ന അണുക്കളെയും നശിപ്പിക്കുന്നു. ചുവന്ന അണുക്കൾ വെളുത്തതിന്റെ 500 ഇരട്ടിയുണ്ട്. ശ്വാസകോശത്തിൽ വലിച്ചെടുക്കുന്ന ഓക്സിജൻ ശരീരത്തിന്റെ എല്ലാ ഭാഗത്തും എത്തിക്കുന്നത് ചുവന്ന അണുക്കളാണ്. അതി

നെ മദ്യം നശിപ്പിക്കുന്നു. മദ്യപാനികൾക്കു ക്ഷയവും, ആസ്മയും ഉണ്ടാകുന്നതിന്റെ കാരണം ഇതുതന്നെ.

മദ്യം രക്തക്കുഴലുകളിൽ: മദ്യപൻ രക്തക്കുഴലുകൾ പൊട്ടിമരിക്കനിടയായിട്ടുണ്ട് . മദ്യപന്റെ ഹൃദയം കൂടുതൽ തുടിക്കുകയും കൂടുതൽ രക്തം പമ്പുചെയ്യുകയും ചെയ്യുന്നു. രക്തം കൂടുതൽ വരുന്നതനുസരിച്ച് രക്ത കുഴലുകൾ കൂടുതൽ വികസിക്കുകയും കട്ടി കുറഞ്ഞ് പൊട്ടുകയും ചെയ്യുന്നു. വെളുത്ത രക്താണുക്കൾ കുറയുന്നതുകൊണ്ട് രക്തസ്രാവം തടയാനും പറ്റില്ല. മദ്യപൻ രക്തം ഛർദ്ദിക്കുകയും മലത്തിലൂടെയും മൂക്കിലൂടെയും രക്തം വമിക്കുകയും ചെയ്യുന്നു. കരളിലെ രക്തക്കുഴലുകൾ പൊട്ടി മരിക്കുന്നവരും കുറവല്ല.

മദ്യം വൃക്കകൾക്ക് കേടുവരുത്തുന്നു: ഒരു സാധാരണ മനുഷ്യനിൽ 150 ഗ്രാം തൂക്കം വരുന്ന വൃക്കകൾ ഒരു ദിവസം ഒന്നര ലിറ്റർ മൂത്രത്തോളം വിസർജ്ജിക്കുന്നു. ശരീരത്തിലെ മാലിന്യങ്ങളെ പുറത്തുകളയുന്ന വൃക്കകളെ മദ്യം നശിപ്പിക്കുന്നു. മൂത്രം പോകാൻ ബുദ്ധിമുട്ട്. ശരീരമാസകലം നീര്, മൂത്രത്തിൽ പഴുപ്പ്, വേദന, മൂത്രത്തിൽ കല്ല്, തളർച്ച, മയക്കം,ഞെട്ടൽ ഇവയെല്ലാം മദ്യം വൃക്കകളെ നശിപ്പിക്കുമ്പോൾ ഉണ്ടാകുന്നു.

മറ്റുരോഗങ്ങൾ: മദ്യപർ സാധാരണ പറയാറുള്ള പ്രശ്നങ്ങളാണ് വിറയൽ, ഉറക്കക്കുറവ്, രാത്രി ഞെട്ടി എഴുന്നേൽക്കൽ മുതലായവ. മറ്റു ചിലർക്ക് കോച്ചുവലിവ് ഉണ്ടാകാറുണ്ട്. മദ്യപർക്കും പുകവലിക്കുന്നവർക്കും ഭക്ഷണത്തിന്റെ രുചി അറിഞ്ഞ് ഭക്ഷണം കഴിക്കുവാൻ സാധിക്കുന്നില്ല. മദ്യപന് രോഗപ്രതിരോധ ശക്തി വളരെ കുറവായിരിക്കും. തൻമൂലം രോഗങ്ങൾ പിടിപെടാൻ വളരെ എളുപ്പമാണ്.

അമിത ലൈംഗികാസക്തി, ലൈംഗികശേഷിക്കുറവ്, ഷണ്ഡത, വന്ധ്യത ഇവയെല്ലാം മദ്യത്തിന്റെ ക്രൂരഫലങ്ങളാണ്. മദ്യവും പുകവലിയും കൊണ്ടുണ്ടാകുന്ന മണം സഹിക്കാൻ വയ്യാതെ ലൈംഗികകാര്യങ്ങളിൽ അങ്ങേയറ്റം അറപ്പും വെറുപ്പും കാണിക്കുന്ന ഭാര്യമാരേയും അതുകൊണ്ട് വീണ്ടും മദ്യം കഴിക്കുന്ന ഭർത്താക്കന്മാരേയും ധാരാളം കാണാറുണ്ട്. മദ്യം കഴിച്ചാൽ തട്ടികൊക്കുന്നവരും, അന്യവീട്ടിൽ കയറുന്നവരും വഴിയിൽ വച്ച് അന്യസ്ത്രീകളെ കടന്നുപിടിച്ച് തല്ലുവാങ്ങി തിരിച്ച് പോരുന്നവരും കുറവല്ല.

മദ്യം കഴിച്ച് വെളിവില്ലാതെ സ്വന്തം മകളുടെ അടുത്തും അമ്മയുടെ അടുത്തും ഞാൻ ചെന്നുപോയി. ദൈവം എന്നോട് ക്ഷമിക്കുമോ? എന്ന് വിലപിക്കുന്ന

അനേകം മദ്യപരെ കണാൻകഴിയും. സ്ത്രീകൾ മദ്യപിച്ചാൽ ആർത്തവതകരാറും ഗർഭമലസലും ശിശുമരണവും ജനിക്കുന്ന കുഞ്ഞിന് ബുദ്ധിമാന്ദ്യവും അംഗവൈകല്യങ്ങളും ഉണ്ടാകാൻ ഇടയുണ്ട്.

മദ്യം ക്രമാതീതമായി കഴിക്കുന്ന ചിലർക്ക് ചൊറിച്ചിലും തടിപ്പും ഉണ്ടാകാറുണ്ട്. മദ്യപരിൽ 2% പേർക്ക് ചുഴലിരോഗം ഉണ്ടാകുന്നുണ്ട്. ഇതിനെ റംഫിറ്റ്സ് എന്നു പറയുന്നു. മദ്യപരിൽ ചിലർക്ക് സന്ധികൾക്ക് വീക്കവും നീരും പനിയും വേദനയുമെല്ലാം ഉണ്ടാകാറുണ്ട്. യൂറിക്കാസിഡ് രക്തത്തിൽ കലർന്ന് സോഡിയം ബൈ കാർബണേറ്റായി സന്ധികളിൽ അടിഞ്ഞുകൂടുന്നതുകൊണ്ട് മദ്യപരിൽ സന്ധിവാതം കൂടുതലായി കാണുന്നു.

മദ്യവും വിറ്റാമിനുകളും: മനുഷ്യശരീരത്തിന് അത്യാവശ്യമായ ഘടകങ്ങളാണ് വിറ്റാമിനുകൾ. അവയുടെ അഭാവം കൊണ്ട് പലവിധ രോഗങ്ങൾ ഉണ്ടാകുന്നു. മദ്യം വിറ്റാമിനുകളെ നശിപ്പിക്കുന്നു. മദ്യപൻ ഭക്ഷണം കഴിക്കാത്തതിനാൽ ജീവകങ്ങൾ ശരിക്ക് ലഭിക്കുന്നില്ല. കൂടാതെ ദഹനക്കുറവുമൂലം കഴിക്കുന്ന ഭക്ഷണത്തിലെ വിറ്റാമിനുകൾ രക്തത്തിലേയ്ക്ക് ലഭിക്കുന്നില്ല. ഇങ്ങനെ വരുമ്പോൾ ശരീരത്തിലെ ജീവകങ്ങൾ മുഴുവൻ ഉപയോഗിച്ച് തീരുന്നു. തന്മൂലം താഴെ പറയുന്ന രോഗങ്ങൾ ഉണ്ടാകുന്നു. വിറ്റാമിൻ 'എ' യുടെ കുറവുകൊണ്ട് അന്ധതയും കാഴ്ചക്കുറവും ഉണ്ടാകുന്നു. ബി 1 ന്റെ കുറവുകൊണ്ട് 'ബറിബറി' എന്ന രോഗവും ബി 3 ന്റെ കുറവുകൊണ്ട് വയറിളക്കവും ബി 6 ന്റെ കുറവുകൊണ്ട് ക്ഷീണം, വിളർച്ച. തൊക്കുരോഗം, വലിവ്, ബോധക്കേട് ഇവയും വിറ്റാമിൻ 'സി'യുടെ കുറവുകൊണ്ട് ശരീരത്തിന്റെ പ്രതിരോധ ശക്തിക്ക് നാശവും ഉണ്ടാകുന്നു.

മാനസിക രോഗങ്ങൾ

പാരനോയിയ (Paranoia) : സംശയമാണ് ഇതിന്റെ ലക്ഷണം. ഉറക്കം കുറയും. മദ്യപിച്ചുവരുന്ന ഭർത്താവ് ഭാര്യയെ സംശയിച്ച് വീടു മുഴുവൻ പരിശോധിക്കും. കാമുകൻ വരുന്നുണ്ടോ എന്നറിയാൻ ഉറക്കമിളച്ച് രാത്രി മുഴുവൻ ലൈറ്റുമായി കാത്തിരിക്കും. കാൽപാദം അറിയാൻ മുറ്റത്ത് കരിപൊടിച്ച് വിതറി എന്നുവരാം. സംശയ പ്രകൃതി രണ്ടുതരത്തിൽ കാണാറുണ്ട്. (a) മദ്യപിച്ചാൽ മാത്രം ഭാര്യയെ സംശയിക്കുന്നവർ. ഇതു ഒരു സൂത്രമാണ്. മദ്യപിച്ചുവരുന്ന ഭർത്താവിനെ കുറ്റംപറയാതിരിക്കാൻ സ്ത്രീയെ വേദനിപ്പിക്കാവുന്ന ഏറ്റവും കടുത്ത വാക്കു പറയുക– സംശയം പറയുക. (b) മദ്യപിക്കാതിരു

ന്നാലും ഭാര്യയെ സംശയിക്കുന്നവരുണ്ട്. അത് പാരനോയിയ എന്നു പറയുന്ന രോഗത്തിന്റെ ലക്ഷണമാണ്. ഒരു സൈക്യാട്രിസ്റ്റിനെ കണ്ട് മരുന്ന് കഴിക്കേണ്ടിയിരിക്കുന്നു. ചിലപ്പോൾ ഭാര്യയ്ക്കു ഭർത്താവിനെയായിരിക്കും സംശയം. മദ്യപാന ചികിത്സ നടത്തിയിട്ടുള്ളവരിൽ 20% പാരനോയിയ രോഗത്തിനടിമകളാണെന്നു പഠനം തെളിയിക്കുന്നു. ഭക്ഷണത്തിൽ വിഷമുണ്ടോ എന്ന സംശയം, അയൽവാസികളോ, ബന്ധുക്കളോ കൂടോത്രം ചെയ്തു എന്ന വിശ്വാസം, സാധനങ്ങൾ തല്ലിത്തകർക്കൽ, ഇവയെല്ലാം പാരനോയിയ എന്ന രോഗത്തിന്റെ ലക്ഷണങ്ങളാണ്.

നിരാശ (Depression): നിസാര പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴേ ചാരായഷാപ്പിലേയ്ക്ക് ഓടുക. ആത്മഹത്യയ്ക്ക് ശ്രമിക്കുക, മദ്യപിച്ചിരുന്നു കരയുക, ഉന്മേഷക്കുറവ്, നിരുത്സാഹം, പരാജയബോധം, അമിത കുറ്റബോധം, തളർന്നു കിടക്കുക ഇവയെല്ലാം ഡിപ്രഷന്റെ ലക്ഷണങ്ങളാണ്. ഇവർക്കും മരുന്ന് കഴിക്കേണ്ടി വരും.

ഭയങ്ങൾ (Phobia): ഒട്ടും ധൈര്യമില്ലാത്തവരാണ് മദ്യപർ. ഇരുട്ടിനെ ഭയം, ഇടുങ്ങിയ സ്ഥലത്തെ ഭയം, ആൾക്കൂട്ടത്തെ ഭയം, കള്ളനെ ഭയം, രക്തത്തെ ഭയം, പാറ്റയെ ഭയം, ഭയം മാറ്റാൻ കുടിക്കണമത്രെ. അമിത ഭയം ഉള്ളവർ ചികിത്സാ വിധേയരാവണം.

കൊർസാക്കോഫ് സൈക്കോസിസ് (Korsakoffs' Psychosis): 1887ൽ കൊർസാക്കോഫ് എന്ന റഷ്യൻ ശാസ്ത്രജ്ഞനാണ് ഈ രോഗത്തെപ്പറ്റി ലോകത്തിനു മനസ്സിലാക്കിക്കൊടുത്തത്. മദ്യപരുടെ ഓർമ്മശക്തി നഷ്ടപ്പെടുന്നു. പടങ്ങളും, മുറികളും വ്യക്തികളെത്തന്നെയും തിരിച്ചറിയാൻ ബുദ്ധിമുട്ട് വരുന്നു. പരസ്പര ബന്ധമില്ലാത്ത കാര്യങ്ങൾ സംസാരിക്കുന്നു. സമയം, സ്ഥലം ഇവയെക്കുറിച്ച് ഒരു ബോധവും ഉണ്ടായിരിക്കുകയില്ല എന്നിവയാണ് ഇതിന്റെ ലക്ഷണങ്ങൾ.

ഡെലിറിയം ട്രമൻസ് (Delirium Tramens): മദ്യപന് ആകെ അസ്വസ്ഥത അനുഭവപ്പെടുന്നു. ഒരു സ്ഥലത്തും ഇരിപ്പ് ഉറപ്പിക്കാൻ സാധിക്കുന്നില്ല. ഉറക്കമില്ല, ചെറിയ ശബ്ദം കേട്ടാൽപ്പോലും ബഹളമുണ്ടാക്കും, ശബ്ദങ്ങൾ, മണങ്ങൾ, മിഥ്യാദൃശ്യങ്ങൾ, ഇവ കണ്ടെന്നിരിക്കും. പാമ്പ്, എലി, മൃഗങ്ങൾ ഇവ ഇഴഞ്ഞു നീങ്ങുന്നതുപോലെ തോന്നും. ചിലപ്പോൾ പനിയും

അനുഭവപ്പെടും. ശരീരത്തിൽ സൂചികൊണ്ട് കുത്തുന്നതുപോലെ തോന്നും. ഭീകരരൂപങ്ങൾ കാണുന്നതുപോലെ തോന്നി എന്നുവരും.

മേൽപറഞ്ഞവ കൂടാതെ മദ്യപരിൽ ലൈംഗിക വികലതകൾ, ചിലപ്പോൾ അമിതമായ സന്തോഷവും മറ്റു ചിലപ്പോൾ അമിതമായ ദു:ഖവും തോന്നുന്ന ഉന്മേഷ വിഷാദരോഗം; കുളിക്കില്ല, അലക്കില്ല, സംസാരിക്കില്ല, ചുമ്മാകിടക്കും തുടങ്ങിയ ലക്ഷണങ്ങളോടുകൂടിയ സ്കീസോ ഫ്രേനിയ എന്ന മാനസികരോഗവും കണ്ടുവരാറുണ്ട്. മുകളിൽ പറഞ്ഞവ വളരെ കൂടുതലായി ഇല്ലെങ്കിൽ മദ്യം നിർത്തുന്നതോടെ താനെ അവ മാറിക്കൊള്ളും. മദ്യം നിർത്തിയിട്ടും മാറുന്നില്ലെങ്കിൽ ഒരു സൈക്യാട്രിസ്റ്റിന്റെ സഹായം തേടണം.



ദൈവത്തിന്റെ സ്വന്തംനാട്...?

കേരളത്തിൽ

5989 കള്ളുഷാപ്പുകൾ.....!!!

427 ബാറുകൾ.....!!!

300 വിദേശമദ്യഷാപ്പുകൾ.....!!!

64 ബിയർ പാർലറുകൾ.....!!!

14 ഗവൺമെന്റ് മദ്യവിതരണകേന്ദ്രങ്ങൾ.....!!!

4

മദ്യപന്റെ കുടുംബം

കേരളജനത ഉയർന്ന സാംസ്ക്കാരികതയുടെയും ഉന്നതവിദ്യാഭ്യാസത്തിന്റെയും ശ്രേഷ്ഠമായ ആഭിജാത്യത്തിന്റെയും ശ്രേണികളിൽ പടിപടിയായി ഉയരണമെങ്കിൽ നമ്മുടെ കുടുംബജീവിതം ഭദ്രമാകണം. സമൂഹത്തിന്റെ ഏറ്റവും ചെറിയ പതിപ്പായ കുടുംബം തകരുമ്പോൾ സമൂഹത്തിന്റെ അടിത്തറയ്ക്കാണ് കോട്ടം സംഭവിക്കുന്നത്. മദ്യം മൂലം നിരവധികുടുംബങ്ങൾ തകരുന്നു. അമ്മമാരും കുഞ്ഞുങ്ങളും വഴിയാധാരമാകുന്നു. കുടുംബാംഗങ്ങൾ ജീവച്ചവമായി രൂപാന്തരപ്പെടുന്നു. ഭൂമിയിലെ നരകമായി മദ്യപന്റെ കുടുംബം മാറുന്നു; എല്ലാ ബന്ധങ്ങളും ഉലയുന്നു; സാമ്പത്തിക ഭദ്രത തകരുന്നു; പട്ടിണിയും അസംതൃപ്തിയും നിത്യസംഭവങ്ങളായി മാറുന്നു. മക്കളുടെ വളർച്ചയും വിദ്യാഭ്യാസവും വഴിമുടങ്ങുന്നു. അവരുടെ ഭാവി ഇരുളടഞ്ഞതാകുന്നു.

മദ്യാസക്തന്റെ ഭാര്യയും കുഞ്ഞുങ്ങളും മാതാപിതാക്കളും സഹോദരങ്ങളും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ശാരീരികമായും മാനസികമായും വൈകാരികമായും ആത്മീയമായും തകരുന്നു. മദ്യാസക്തി ഒരു രോഗമാണല്ലോ? എല്ലാ രോഗങ്ങളുടെയും പ്രത്യേകത രോഗിയാണ് രോഗത്തിന്റെ വേദന അനുഭവിക്കേണ്ടത് എന്നുള്ളതാണ്. പക്ഷേ, മദ്യാസക്തിയെ സംബന്ധിച്ചിടത്തോളം മദ്യപന്റെ കുടുംബമാണ് ഈ വേദനയും പ്രയാസങ്ങളും അനുഭവിക്കേണ്ടി വരുന്നത്. വ്യക്തിത്വങ്ങളുടെ മുരടിപ്പും, സ്നേഹഭാവങ്ങളുടെ നഷ്ടപ്പെടലും എന്നുവേണ്ട കുടുംബത്തിന്റെ തന്നെ നശീകരണവും സംഭവിക്കുന്നതിനാൽ മദ്യാസക്തിയെ ഒരു കുടുംബരോഗമായി കാണേണ്ടി വരുന്നു. ഒരു മദ്യപാനിയോടൊപ്പം വർഷങ്ങളോളം കഴിഞ്ഞു കൂടേണ്ടി വരുന്ന ഭാര്യയും കുട്ടികളുമെല്ലാം മനോരോഗികളും വികലമാക്കപ്പെട്ട വ്യക്തിത്വത്തിന് ഉടമകളും ആയിത്തീരാനാണ് സാധ്യത.

മദ്യപരുടെ ഭാര്യമാർ

മദ്യപന്റെ ഭാര്യയാണ് ലോകത്ത് ഏറ്റവുമധികം മാനസികവും വൈകാരികവുമായ (ശാരീരികവുമായ) പീഡനം ഏൽക്കേണ്ടിവരുന്ന സ്ത്രീ എന്നു പറയാം. സഹനത്തിന്റെ ഏറ്റവും വലിയ പ്രതീകം മദ്യപന്റെ ഭാര്യയാണ്. ജീവിതത്തിൽ ഏറ്റവുമധികം അനിശ്ചിതത്വം അനുഭവിക്കേണ്ടിവരുന്നതും ഒരുപക്ഷെ മദ്യപന്റെ ഭാര്യയായിരിക്കും. ഓരോ അവസരത്തിലും ഭർത്താവിന്റെ സാന്നിദ്ധ്യവും പെരുമാറ്റവും പ്രവചനാതീതമാകയാൽ ഏതെങ്കിലും ഒരു കാര്യത്തിനായി മുൻകൂട്ടി ഒരുങ്ങാനോ തീരുമാനമെടുക്കാനോ അവൾക്ക് സാധിക്കാതെ വരുന്നു. മദ്യപന്റെ സ്വഭാവത്തിലും പെരുമാറ്റത്തിലും സംഭവിക്കുന്ന ക്രമരാഹിത്യം, വാഗ്ദാനങ്ങളുടെ തുടർച്ചയായ ലംഘനം, ഉത്തരവാദിത്വങ്ങളിലെ അലസതയും അലംഭാവവും, സമയനിഷ്ഠ പാലിക്കുന്നതിലെ നിരന്തരപരാജയം ഇതെല്ലാം ഭാര്യയെ ബാധിക്കുന്നു. അതുവഴി അനുദിന ജീവിതസാഹചര്യങ്ങളോട് എങ്ങനെ പ്രതികരിക്കണമെന്നറിയാതെ നിസ്സഹായത, സംശയം,കുറ്റബോധം, ഉത്കണ്ഠ, ആത്മനിന്ദ എന്നിവയിലേക്ക് ഭാര്യ നീങ്ങുന്നു. ഭാര്യമാർ സ്വയം ശിക്ഷിക്കുവാനും ചെറുതാകുവാനും തയ്യാറാവുന്നു. നിരന്തര സംഘർഷങ്ങൾ ഭാര്യയെ രോഗിയാക്കി മാറ്റുന്നു. ഭർത്താവ് തരുന്ന വേദനയുടെ ലോകം ഹൃദയത്തിലേറ്റു വാങ്ങി സ്വയം സഹനത്തിന്റെ ആൾരൂപമായി ഭാര്യ മാറുന്നു.

ഭാര്യാ-ഭർത്തൃബന്ധം തകരാറിൽ

മദ്യപരുടെ ഭാര്യാ-ഭർതൃബന്ധം തകർച്ചയുടെ പാതയിലായിരിക്കും. മദ്യാസക്തരിൽ കാണപ്പെടുന്ന സംശയപ്രവണതകളും സംശയരോഗവും പരസ്പര വിശ്വാസം നശിപ്പിക്കും. മയക്കുവസ്തുക്കളുടെ അമിതോപയോഗം സിരാകേന്ദ്രത്തെ തകർക്കുകയും തലച്ചോറിലെ സെല്ലുകൾക്കും ഞരമ്പുകൾക്കും കേട് വരുത്തുകയും ചെയ്യുന്നതുമൂലം സുബോധം, സ്വയം നിയന്ത്രണശേഷി, ലൈംഗികശേഷി എന്നിവ നഷ്ടപ്പെട്ട ഭർത്താവ് തന്റെ നഷ്ടചരിതങ്ങൾക്ക് മറുപുറമെഴുതുന്നത് ഭാര്യയെ സംശയിച്ചുകൊണ്ടായിരിക്കും. മദ്യത്തിന്റെ അമിതമായ ഉപയോഗവും ഇതര മയക്കുമരുന്നുകളുടെ ഉപയോഗവും ലൈംഗികശേഷിയെ ക്രമേണ നശിപ്പിക്കും. "ഒരു മദ്യപാനിയുമായുള്ള വിവാഹം ഒരിക്കലും സന്തോഷപ്രദമായിരിക്കുകയില്ല" എന്ന് പ്രസിദ്ധ മദ്യപാന ചികിത്സകനായ റുത്ത് ഫോക്സ് പറയുന്നു.

ഭർത്താവുമായി നിരന്തരം ശണ്ഠക്കും വാക്കുതർക്കങ്ങൾക്കും പ്രേരിതയാകുന്ന ഭാര്യ മാനസികബലം നഷ്ടപ്പെട്ട് ഒരു വിഷാദരോഗിയായി മാറും. ഭീതിദമായ മനസ്സോടും ഉത്കണ്ഠാഭരിതമായ കണ്ണുകളോടും കൂടി ദിനരാത്രങ്ങൾ തള്ളിനീക്കുന്ന ഭാര്യ വിഷാദരോഗിയാകുന്നതിൽ അത്ഭുതമില്ല. വിഷാദഗ്രസ്തത, ഉറക്കമില്ലായ്മ, ആകുല-വ്യാകുല ഭാവങ്ങൾ, ആത്മഹത്യാപ്രവണത, വൈകാരിക-ലൈംഗിക മുരടിപ്പ്, സംശയാവസ്ഥ, ക്രൂരഭാവങ്ങൾ തുടങ്ങിയ ലക്ഷണങ്ങൾ വിഷാദരോഗികളിൽ ഉണ്ടാകാം. മദ്യാസക്തനായ ഭർത്താവുമായുള്ള നിരന്തര പോരാട്ടങ്ങളും അവയുടെ പരിണിതഫലമായ സംഘർഷങ്ങളും പരാജയങ്ങളും ഭാര്യയെ ഒരു മാനസികരോഗിയാക്കിയേക്കാം.

ഭർത്താവിന്റെ സ്നേഹവും സാന്ത്വനവാക്കുകളും വാത്സല്യവും ഏറ്റുവാങ്ങി സന്തോഷമാനസ്സരായി ശ്രൈണഭാവങ്ങളിൽ പുഷ്ടിപ്പെടേണ്ട സ്ത്രീകൾ പല പ്പോഴും പ്രതികൂല ഭാവങ്ങളാൽ അസ്ഥിരൂപങ്ങളായി കാണപ്പെടുന്നു. മദ്യാസക്തരായ ഭർത്താക്കന്മാരുടെ ലൈംഗിക വ്യതിചലനങ്ങളും കുത്തഴിഞ്ഞ നിലപാടുകളും പീഡനസ്വഭാവവുമെല്ലാം ഭയത്തോടും വിറയലോടും കൂടി ഭാര്യമാർ ഏറ്റുവാങ്ങേണ്ടി വരുന്നു. വൈകാരിക പക്വത നഷ്ടപ്പെടുന്ന സ്ത്രീകൾ വിദ്വേഷത്തിന്റെയും പകയുടേയും രൂപഭാവങ്ങളോടെ പ്രവർത്തിക്കാനിട വരുന്നു.

കുടുംബബന്ധങ്ങൾ ശക്തമാകുന്നത് പരസ്പരമുള്ള ആശയ വിനിമയങ്ങളുടെ പൂർണ്ണതയിലാണ്. പരുഷവും കർക്കശവുമായ ശൈലി സ്വീകരിക്കുന്ന മദ്യപൻ തന്റെ ആശയ വിനിമയതലത്തെ ശോകമൂകവും ഭീതിതവുമാക്കുന്നു. സ്നേഹം, പരസ്പര ബഹുമാനം, സന്തോഷിക്കുവാനും സന്തോഷിപ്പിക്കുവാനുമുള്ള അവസരം,അംഗീകാരം ഇവയെല്ലാം ആരോഗ്യപ്രദമായ ആശയ വിനിമയം നടക്കാത്തതിനാൽ കുടുംബത്തിന് അന്യമാകുന്നു. കാര്യങ്ങൾ പരസ്പരം തുറന്നു പറയുവാനും വിലയിരുത്തുവാനും തിരുത്തുവാനും സാധിക്കാത്ത അവസ്ഥയുണ്ടാകുന്നു. വെറുപ്പ്, സംശയം, പക തുടങ്ങിയ പ്രശ്നങ്ങളാൽ കലുഷിതമായ കുടുംബാന്തരീക്ഷത്തിൽ ഭീരുത്വവും ശൂന്യതാബോധവും മൂല്യബോധമില്ലായ്മയും പരാജയബോധവും വളരും.

മദ്യപരുടെ മക്കൾ

മാതാപിതാക്കളുടെ ഊഷ്മള സ്നേഹത്തിനും സൗഹാർദ്ദത്തിനും വേണ്ടി ദാഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന മക്കൾക്ക് കാണാൻ പറ്റുന്നത് മാതാപിതാക്കൾ തമ്മിൽ നിത്യം ശണ്ഠയ്ക്കും വാക്കുതർക്കങ്ങൾക്കും യുദ്ധത്തിനും തയ്യാറായി നിൽക്കുന്ന കാഴ്ചയാണ്. കുട്ടികളുടെ സമഗ്രവളർച്ചയ്ക്ക് ആവശ്യം വേണ്ട അടിസ്ഥാന ഘടകങ്ങൾ അവർക്ക് ലഭ്യമല്ലാതെ പോകുന്നു. അവരുടെ ശാരീരിക വളർച്ചയ്ക്ക് അനുസൃതമായ ഭക്ഷണം, ശുചിത്വം, ഊഷ്മളത, വാത്സല്യം എന്നിവ മദ്യപരുടെ കുടുംബത്തിൽ ഉണ്ടാകുന്നില്ല. കുട്ടികളുടെ മാനസികവളർച്ചയ്ക്ക് സഹായിക്കുന്ന പരിലാളനം, സുരക്ഷിതത്വം, അംഗീകാരം, വ്യക്തിമഹത്വം, പ്രോത്സാഹനം, തുടങ്ങിയവ മദ്യപരുടെ മക്കൾക്ക് ലഭിക്കാതെ വരുന്നു. അവരുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കും പ്രാർത്ഥനാ ജീവിതത്തിനും ധാർമ്മികജീവിതത്തിനും പ്രതികൂലമായ ചുറ്റുപാടായിരിക്കും മദ്യപരുടെ കുടുംബങ്ങളിലുണ്ടാകുക. കുട്ടികൾ തമ്മിൽ തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും ആരോഗ്യകരമായ ഒരു ബന്ധം രൂപപ്പെടാനും സാധ്യതയില്ലാതെ പോകുന്നു.

മദ്യപരുടെ മക്കളിൽ ചെറിയ ശതമാനമെങ്കിലും വിഷാദമനസ്ക്കരാണ്. മന്ദബുദ്ധികളും സിരാരോഗികളും ചുഴലി തുടങ്ങിയ മാനസികരോഗങ്ങൾക്ക് അടിമകളായവരും മദ്യപർക്ക് ജനിക്കാറുണ്ട്. പ്രശ്നക്കാരായ കുട്ടികളും വീട്ടിൽ നിന്ന് ഒളിച്ചോടിപോകുന്ന കുട്ടികളും മദ്യപരുടെ മക്കളാകാനാണ് കൂടുതൽ സാധ്യത. തന്നോടും ലോകത്തോടും പ്രതികാരത്തിന് മുതിരുന്ന കുട്ടികൾ കുറ്റവാളികൾ ആയിത്തീരാനും സാധ്യതയുണ്ട്. മദ്യപരുടെ കുട്ടികൾ ആധികാരികമായ അച്ചടക്കവും ഉത്തരവാദിത്വബോധവും ഇല്ലാതെ വളരാൻ ഇടയാകുന്നതിനാൽ അവരിലും ഇവ ഭാവിയിൽ ഉണ്ടായെന്ന് വരില്ല. കുട്ടികളുടെ വികാരങ്ങൾ മാനിക്കപ്പെടാത്ത അവസ്ഥയും മദ്യപരുടെ ഭവനങ്ങളിൽകാണാം. ഇത് കുട്ടികളുടെ വ്യക്തിത്വ രൂപീകരണത്തെ പ്രതികൂലമായി ബാധിക്കും.

മദ്യപിച്ചെത്തുന്ന ഭർത്താവിന് ഭാര്യയെയും പെൺമക്കളെയും തിരിച്ചറിയാനിടവരാത്ത സന്ദർഭങ്ങളെയോർത്ത് മനംനൊന്ത് എത്രയോ പെൺകുട്ടികൾ വീട് വിട്ടിറങ്ങാനും സ്നേഹം തേടി അലയാനും നാശത്തിൽ ചെന്ന് വീണ് തകർന്നടിയാനും ഇടവന്നിട്ടുണ്ട്. ജീവിത യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടാൻ കഴിയാതെ സ്വപ്നലോകത്തേക്ക് പിൻവലിയുന്നവരും അധോലോകത്തിന്റെ സ്വാധീനവലയത്തിൽ ചെന്നുപെടുന്നവരും മദ്യപരുടെ മക്കളാണ്.

മദ്യപന്റെ ഗൃഹാന്തരീക്ഷം

മദ്യപന്റെ ഗൃഹാന്തരീക്ഷത്തിൽ നന്മനിറഞ്ഞ വ്യക്തിത്വരൂപീകരണം ക്ലേശകരമാണ്. മറ്റുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ മദ്യപന്റെ മക്കൾ ആസക്തിക്ക് കൂടുതൽ അടിമപ്പെടുന്നവരും സാമൂഹ്യദ്രോഹപ്രവർത്തികളിൽ ഏർപ്പെടുന്നവരുമാണെന്ന് കാണാം. അവർ അനാവശ്യമായ ഉത്കണ്ഠയ്ക്കും ഭയത്തിനും മാനസികസംഘർഷങ്ങൾക്കും അടിമപ്പെടുന്നു. പിതാവിന്റെ നിഷേധാത്മകമായ പെരുമാറ്റം, അമിതസ്വാതന്ത്ര്യം, ധാർമ്മികാധ:പതനം, ക്രൂരമായ ശിക്ഷാനടപടികൾ, മാതാപിതാക്കളുടെ പൊരുത്തക്കേടുകൾ മുതലായവ വൈകല്യങ്ങളിൽനിന്ന് വൈകല്യങ്ങളിലേയ്ക്ക് കുട്ടികളെ നയിക്കും.

ചുരുക്കത്തിൽ കൂടുമ്പോൾ ഇമ്പമുണ്ടാകേണ്ട കുടുംബാന്തരീക്ഷം യുദ്ധഭേരിയുടേതായി മാറുന്നു. ബന്ധം എന്നതിനേക്കാൾ ബന്ധനങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ഒരു തടവറയായി മാറുന്നു മദ്യപന്റെ കുടുംബം.



മദ്യത്തിന്റെ	
ആകർഷണം	**അനന്തരഫലം**
ഉറക്കം കിട്ടാൻ	– ഉറക്കമില്ലായ്മ
വിശപ്പിനു വേണ്ടി	– വിശപ്പില്ലായ്മ
ഭയം മാറ്റാൻ	– ഭീരുവാകും
ക്ഷീണമകറ്റാൻ	– ക്ഷീണിതനാകും
ജോലി ചെയ്യാൻ	– ജോലി നഷ്ടപ്പെടും
ബോറടി മാറ്റാൻ	– ബോറനാകും
ഏകാന്തത മാറ്റാൻ	– ഒറ്റപ്പെടും
മറക്കാൻ വേണ്ടി	– ഓർമ്മ നഷ്ടപ്പെടും

5

മദ്യാസക്തി – ചികിത്സകൾ

മദ്യാസക്തി മഹാരോഗമാണെന്ന് നാം കണ്ടുകഴിഞ്ഞു. മനുഷ്യവ്യക്തിത്വത്തിന്റെ നാലു അടിസ്ഥാന ഘടകങ്ങളെ ആകെ സ്വാധീനിക്കുന്ന രോഗമായതിനാൽ ഈ നാലു ഘടകങ്ങളെയും സ്പർശിക്കുന്ന ചികിത്സാ പദ്ധതിയാണ് മദ്യപാന രോഗികൾക്ക് ആവശ്യം. എല്ലാ ചികിത്സകളും ഒരുമിച്ച് ലഭ്യമാക്കുന്നതാണ് ഉത്തമം.

I ശാരീരിക ചികിത്സ. മറ്റേത് രോഗവും പോലെ മദ്യപാനംകൊണ്ട് ശരീരത്തിന്റെ എല്ലാ ഭാഗങ്ങൾക്കും തകരാറ് സംഭവിക്കുന്നു. ഇതു പരിഹരിക്കാൻ ഉത്തമമായ ഔഷധ ചികിത്സവേണം. വിധഗ്ദ ചികിത്സ ലഭിച്ചില്ലെങ്കിൽ, ഇനി മദ്യം കഴിക്കില്ല എന്ന് എത്ര നിശ്ചയമെടുത്താലും, മദ്യത്തിന് അടിപ്പെട്ട ശരീരം ദുർബലമായതിനാൽ എളുപ്പം പുനപ്പതനം ഉണ്ടാക്കുന്നു. കരുത്തുള്ള ശരീരത്തിലാണ് ബലമുള്ള മനസ്സ് പ്രവർത്തിക്കുന്നത്. ആവശ്യത്തിന് ഭക്ഷണം കഴിക്കാതെയും വിശ്രമം ലഭിക്കാതെയും ക്ഷീണിച്ചവശനായ മദ്യപാനരോഗിക്ക് ഇതു രണ്ടും ലഭിക്കത്തക്ക ഔഷധങ്ങൾ ചെല്ലണം. ഇതിൽ ആദ്യ വിഭാഗം വിഷദൂരീകരണമാണ് (detoxification) രണ്ടാമത്തേത് നല്ല ഭക്ഷണവും വിശ്രമവും. വിഷദൂരീകരണത്തോടൊപ്പം ഗ്ലൂക്കോസും നല്കി ക്ഷീണം മാറ്റി സാമാന്യം ദീർഘമായ വിശ്രമം നല്കുന്നു. വിശപ്പ് ക്രമത്തിലായാൽ ഭക്ഷണം കഴിച്ച് ശാരീരിക പുഷ്ടി വീണ്ടെടുക്കുന്നു.

II. മാനസിക ചികിത്സ: മദ്യാസക്തരിൽ ചിലർ കുടിച്ച് കുടിച്ച് മാനസിക രോഗികളാകുന്നു. മറ്റു ചിലർ മാനസിക രോഗികളായതിനാൽ കുടിക്കുന്നു. ഈ രണ്ടു സാഹചര്യങ്ങളിലും മദ്യപാന രോഗികൾക്ക് മാനസിക ചികിത്സ അത്യാവശ്യമാണ്. ഒരു സൈക്യാടിസ്റ്റിന്റെ സഹായം അനുപേക്ഷണീയമാണ്. കൗൺസിലിംഗ്, സൈക്കോതെറാപ്പി, ധ്യാനയോഗ പരിശീലനങ്ങൾ എന്നിവയിലൂടെ മദ്യപാന രോഗി ഒരു പുതിയ ജീവിതത്തിലേക്ക് കട

ന്നുവരുന്നു. ഇനി ഒരിക്കലും മദ്യം കഴിക്കില്ല എന്ന നിശ്ചയത്തേക്കാൾ തനിക്ക് മദ്യം ആവശ്യമില്ലെന്നും അതില്ലാതെ സുഖമായി ജീവിക്കാനാവുമെന്ന മദ്യപന്റെ തിരിച്ചറിവും അതനുസരിച്ചുള്ള ജീവിതക്രമീകരണവുമാണ് പ്രധാനം. ഇതിനാവശ്യമായ സമയമെടുക്കണം. മദ്യപാനത്തെക്കുറിച്ച് ഉണ്ടായിരുന്ന തെറ്റിദ്ധാരണകൾ മാറ്റുന്ന ക്ലാസുകളും ആവശ്യമാണ്. ദീർഘകാലമായി മനസ്സിൽ അടിഞ്ഞുകൂടിയിട്ടുള്ള വൈകാരിക മുറിവുകൾ ഉണങ്ങുവാൻ വിവിധ രൂപത്തിലുള്ള കൗൺസിലിംഗും സൈക്കോ തെറാപ്പിയും, വ്യക്തിത്വ വ്യത്യാസമനുസരിച്ച് പ്രയോജനപ്പെടുത്തേണ്ടതാണ്.

ⓐ **വ്യക്തിപരമായ കൗൺസിലിംഗ്:** രോഗിയും കൗൺസിലറും മാത്രം നേർക്കുനേരെ ഇരുന്ന് വികാരങ്ങൾ പങ്കുവയ്ക്കുകയും പ്രശ്നപരിഹാരത്തിനുപയുക്തമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുന്നു. രോഗി എടുക്കുന്ന തീരുമാനങ്ങളുടെ പ്രായോഗികത കൗൺസിലർ പരിശോധിച്ച് നിർദ്ദേശങ്ങൾ നല്കുന്നു. ഇങ്ങനെ രോഗി തന്റെ പ്രശ്നപരിഹാരത്തിന് അനുയോജ്യമായ തീരുമാനങ്ങൾ എടുത്ത് മദ്യവിമുക്തി നേടുന്നു.

ⓑ **കുടുംബ കൗൺസിലിംഗ്:** മദ്യപാന രോഗി തന്റെ മദ്യപാന കാലത്ത് ചെയ്തതും ചെയ്യാൻ വിട്ടുപോയതുമായ കാര്യങ്ങൾ, വാക്കുകൾ, പ്രവൃത്തികൾ, മറ്റു കുടുംബാംഗങ്ങളെ എങ്ങനെ ബാധിച്ചു എന്നും അവരിൽനിന്നും അയാൾക്കുണ്ടായ ദുരാനുഭവം ഏവയെന്നും ഇനി എന്തുചെയ്യുമെന്ന് രണ്ടുകൂട്ടരുടെയും നിശ്ചയങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്ന വേദിയാണിത്.

ⓒ **ഗ്രൂപ്പ് കൗൺസിലിംഗ്:** ഇതിൽ രോഗികൾ ഒരുമിച്ച് വട്ടത്തിലിരുന്ന് പരസ്പരം വിശ്വാസവും സഹകരണവും ഉറപ്പാക്കിയ ശേഷം മദ്യപാനത്തിനുണ്ടായ കാരണങ്ങൾ, സാഹചര്യങ്ങൾ, മാനസിക ആഘാതങ്ങൾ, തെറ്റിദ്ധാരണകൾ, തിരുത്തലുകൾ തുടങ്ങിയ സംഭവങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുന്നു. വൈകാരിക തൂക്കമുള്ള പങ്കുവയ്ക്കൽവഴി ഇതിൽ പങ്കെടുക്കുന്നവർക്ക് അറിവും ആശ്വാസവും പ്രശ്നപരിഹാരത്തിന് വെളിച്ചവും ലഭിക്കുന്നു. പലരുടെയും പ്രശ്നങ്ങൾക്ക് സാമ്യമുള്ളതിനാൽ ഒരാളുടെ കൗൺസിലിംഗ് മറ്റെല്ലാവർക്കും പ്രയോജനപ്പെടുന്നു. കൂട്ടുകാരുടെ സഹായവും പ്രോത്സാഹനവും വഴി പല വ്യക്തികൾക്കും ധൈര്യവും ശക്തിയും ലഭിക്കുന്നു. ചികിത്സാലയത്തിലെ ഒന്നിച്ചുള്ള ജീവിതം ആഴമേറിയ പങ്കുവയ്ക്കലിനും വ്യക്തമായ തീരുമാനത്തിനും സഹായകമാകുന്നു.

(d.)മനോചികിത്സ (Psychotherapy):- നിറവേറാത്ത ജീവിതാവശ്യങ്ങളുടെ കനമേറിയ ഭാണ്ഡവുമായി നീങ്ങുന്ന മനുഷ്യന് ഇച്ഛാഭംഗങ്ങളുടെയും സംഘർഷങ്ങളുടെയും സമ്മർദ്ദങ്ങളുടെയും (Frustration Conflicts and Pressures) രൂപത്തിൽ അനവധി ആഘാതങ്ങൾ എടുക്കേണ്ടിവരുന്നു. അപ്പപ്പോൾ പരിഹരിക്കപ്പെടുന്നില്ലെങ്കിൽ, ഈ തിരിച്ചടികൾ മനസ്സിന്റെ അഗാധങ്ങളിൽ അടിഞ്ഞുകൂടി അസ്വസ്ഥതയുണ്ടാക്കുന്നു. ഈ അസ്വസ്ഥതകളുതിർക്കുന്ന വേദനകളിൽനിന്നും വിമുക്തരാകാൻ കുറുക്കുവഴികളന്വേഷിക്കുന്ന സാധാരണക്കാരൻ എത്തിപ്പെടുന്നത് മദ്യപാനത്തിലും ക്രമേണ അമിത മദ്യാസക്തിയിലുമാണ്. ഒത്തിരിപ്പേർ ഇതിൽ കുരുങ്ങിപ്പോകുന്നു. നിലവിലുള്ള മദ്യ സംസ്ക്കാരം ഈ പ്രയാണത്തിന് ആക്കം കൂട്ടുന്നു.

മദ്യാസക്തരുടെ മനസ്സു പരിശോധിക്കുമ്പോൾ, പഴക്കം ചെന്ന ഇച്ഛാഭംഗങ്ങളോ, കഠിനമായ സംഘർഷങ്ങളോ, ശക്തമായ സമ്മർദ്ദങ്ങളോ മദ്യപാനത്തിനു പ്രേരകമായതായി കാണാം. അവയെ കണ്ടുപിടിച്ച് പരിഹരിക്കാതെയോ ആരോഗ്യപരമായി നേരിടാതെയോ മദ്യാസക്തിയിൽ നിന്നു മോചനം നേടാൻ സാധിക്കില്ല. ഇതിനു വിദഗ്ദമായ മനോചികിത്സ (സൈക്കോ തെറാപ്പി)ആവശ്യമാണ്. ഇതു ഔഷധരഹിതമായ ചികിത്സാരീതിയാണ്.

III ആത്മീയ ചികിത്സ: ആവർത്തിച്ചുള്ള മദ്യപാനംവഴി ആസക്ത രോഗിയുടെ ആത്മീയ നിലവാരം താഴ്ന്നു പോകുന്നു. ദൈവത്തോടും മതത്തോടും ആരാധനാനുഷ്ഠാന കാര്യങ്ങളോടും മദ്യപന്റെ ബന്ധം മരവിക്കുന്നു. മതാനുഷ്ടാനങ്ങളിലൂടെയുള്ള ആശ്വാസമോ, വിശ്വാസവും വഴിയുള്ള കരുത്തോ മദ്യപന് ലഭിക്കുന്നില്ല. അതുകൊണ്ട്, അവൻ കൂടുതൽ നിരാശനും ആകുലനുമാകുന്നു. ഈ അവസ്ഥ മദ്യപന് കൂടുതൽ മദ്യപിക്കുവാൻ പ്രേരിപ്പിക്കുന്നു. അയാൾ തകർച്ചയിൽ നിന്ന് തകർച്ചയിലേക്ക് വഴുതിവീഴുന്നു. ഈശ്വരചിന്തയും മതവിശ്വാസവും പകർന്നു നല്കി മദ്യപന് ആത്മീയ കരുത്തു കൊടുക്കുന്ന പ്രക്രിയയാണ് ആത്മീയ ചികിത്സ.

IV സാമൂഹിക ചികിത്സ : ഗ്രൂപ്പിലെന്നപോലെ സമൂഹത്തിന്റെ പിൻബലവും സഹകരണവും ശ്രദ്ധയും വ്യക്തിയെ മദ്യമുക്ത ജീവിതം നയിക്കാൻ സഹായിക്കുന്നു. താൻ ഒറ്റയ്ക്കല്ല എന്നും തന്റെ കാര്യത്തിൽ അനേകർക്ക് താല്പര്യമുണ്ടെന്നും ഏറെ ആളുകളുടെ സഹായ സഹകരണങ്ങൾ തനിക്ക്

ലഭ്യമാകുമെന്നും അറിയുന്ന മദ്യപാന രോഗി മാനസിക ഉന്മേഷമുള്ളവനാകുന്നു. മദ്യപാന രോഗികളെ സഹായിക്കുംവിധം നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലും ഇടവകകളിലും മദ്യവിരുദ്ധ സമിതികൾ ഉണ്ടാകണം. മദ്യത്തിനെതിരെ നല്ല പ്രതിജ്ഞയെടുത്ത് വരുന്ന മദ്യപാന രോഗിക്ക് അനവധി പ്രതികൂല സാഹചര്യങ്ങളും പ്രലോഭനങ്ങളും ഉണ്ടാകുമ്പോൾ മേൽ പറഞ്ഞ സമിതിക്കാർ സഹായിക്കുമെന്ന് അറിയാമെങ്കിൽ മദ്യവിമുക്ത ജീവിതം എളുപ്പമാകുന്നു.

എ.എ.കൂട്ടായ്മ

സാമൂഹ്യ ചികിത്സയുടെ മറ്റു വിഭാഗം, ആൽക്കഹോളിക് അനോനിമസ് (എ.എ) എന്ന അന്താരാഷ്ട്ര സംഘടനയാണ്. 1935-ൽ അമേരിക്കയിൽ ഓഹിയോയിൽ അക്രോൺ എന്ന സ്ഥലത്ത് മദ്യാസക്തരായ ഡബ്ലിയു. ബിൽ എന്ന ബിസിനസുകാരനും ബോബ് എന്ന ഡോക്ടറും ചേർന്നാണ് ഈ സംഘടന ആരംഭിച്ചത്. മദ്യപരായ എല്ലാവരെയും മനസ്സു തുറന്ന് ക്ഷണിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന പ്രസ്ഥാനമാണിത്. ചികിത്സ കഴിഞ്ഞവർക്ക് ഏറെ സഹായകമായ മദ്യപരുടെ ഒരു സംഘടനയാണിത്. തങ്ങളുടെ അനുഭവങ്ങൾ വിജയമായാലും തോൽവിയായാലും പൂർണ്ണമായി പങ്കുവയ്ക്കാൻ പറ്റിയ ഒരിടം. തങ്ങളെ പൂർണ്ണമായും സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുമെന്ന് ഉറപ്പുള്ള ഒരിടം. അതാണ് എ.എ. ആയിരങ്ങൾ രക്ഷപെട്ട ഒരു പ്രസ്ഥാനമാണിത്. എല്ലാ ലഹരിമോചന ചികിത്സാകേന്ദ്രങ്ങളിലും അവയ്ക്കു പുറമെയും ആഴ്ചതോറും നിശ്ചിത ദിവസം നടക്കുന്ന ഈ കൂട്ടായ്മ അനേകം മദ്യപകർക്ക് ആശ്വാസവും പ്രതീക്ഷയും നല്കുന്നു. 1939-ൽ അമേരിക്കയിൽ ആരംഭിച്ച് 120 ലധികം രാജ്യങ്ങളിൽ പന്തലിച്ചു പ്രവർത്തിക്കുന്ന പ്രസ്ഥാനമാണിത്.

ഈ സാമൂഹിക ചികിത്സയുടെ ഭാഗംതന്നെയാണ് നാട്ടിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങളിലെ പങ്കാളിത്തവും സഹകരണവും. ഇവയിലെ സാമൂഹിക ബോധവത്ക്കരണം അതിശക്തവും ദൂർവ്യാപകവുമാണ്. ഗാന്ധിയൻ മാതൃകയിലുള്ള മദ്യവിരുദ്ധ സമരങ്ങൾ വഴി മദ്യവിരുദ്ധമനോഭാവവും സംസ്കാരവും രൂപപ്പെടാൻ സഹായകമാകും.

ചികിത്സ കഴിഞ്ഞ മദ്യപാനരോഗികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. താൻ ഒരു മദ്യപാനരോഗി ആണെന്നും സമ്മതിച്ച് മദ്യം കഴിക്കില്ലെന്ന് നിശ്ചയിക്കുക.
2. പ്രഭാതങ്ങളുടെ ആദ്യ നിമിഷങ്ങളിൽതന്നെ "ഇന്ന് ഞാൻ മദ്യപിക്കില്ല" എന്ന് പ്രതിജ്ഞയെടുക്കുക. മദ്യാസക്തി നിലനില്ക്കുന്ന രോഗമാണെന്ന് ഓർക്കുക.
3. മനസ്സു വിഷമിക്കുമ്പോൾ ഒരു കാരണവശാലും മദ്യത്തിലേയ്ക്ക് മടങ്ങില്ലെന്ന് നിശ്ചയിച്ചുറക്കുക. നമ്മുടെ മനോവ്യഥകൾക്കുത്തരവാദികൾ നാം തന്നെ എന്നു കരുതുക. നമ്മുടെ സന്തോഷവും നാം തന്നെ കണ്ടെത്തണം.
4. മദ്യപാനം പകരുന്നതും വളരുന്നതുമായ ഒരു രോഗമായതിനാൽ, കുടുംബത്തിലെ ഒരാൾമൂലം മറ്റുള്ളവർക്കെല്ലാം നാശനഷ്ടങ്ങൾ സംഭവിക്കുന്നു.
5. നിർദ്ദിഷ്ട മരുന്നുകൾ കൃത്യമായിക്കഴിക്കുക
6. മദ്യപാനകാലത്തെ തെറ്റുകളെക്കുറിച്ചാകുലപ്പെടാതെ, അവയെ തിരുത്തിയും, നാശനഷ്ടങ്ങളെ പരിഹരിച്ചും കുടുംബത്തോടും സമൂഹത്തോടും ദൈവത്തോടുമുള്ള കടപ്പാടുകൾ നിറവേറ്റുക.
7. മദ്യപിച്ചിരിക്കുന്നവരുമായുള്ള സമ്പർക്കം തീർത്തും ഒഴിവാക്കുക.
8. മദ്യം കിട്ടുന്ന സാഹചര്യങ്ങൾ ഒഴിവാക്കുക.
9. ജോലി കഴിഞ്ഞ് ഉടൻ വീട്ടിൽ എത്തുകയും ഒഴിവു സമയങ്ങൾ കുടുംബാംഗങ്ങളുമായി ഒത്തുചേർന്നു സന്തോഷിക്കുകയും ചെയ്യുക.
10. എല്ലാ കാര്യങ്ങളും തുറന്നു സംസാരിക്കാൻ പറ്റിയ ഒരു സുഹൃത്തിനെ കണ്ടെത്തി കൂടെക്കൂടെ സന്ദർശിച്ച് ആശയവിനിമയം ചെയ്യുക.
11. കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കുക.
12. വിശ്വാസമനുസരിച്ചുള്ള ആരാധനകളിൽ സജീവമായി സംബന്ധിക്കുക.
13. മനസ്സ് പ്രയാസപ്പെടുമ്പോൾ സഹായത്തിനായി കൗൺസിലറുമായി നേരിട്ടോ, ഫോൺവഴിയോ കത്തുമൂലമോ ബന്ധപ്പെടുക.
14. ചീട്ടുകളി തുടങ്ങിയ അലസവിനോദങ്ങൾ കർശനമായും ഒഴിവാക്കുക.
15. മദ്യമുക്തരുടെ സംഘടനയിൽ സജീവമായി പ്രവർത്തിക്കുക.
16. വിശേഷാവസരങ്ങളിൽ മദ്യം വിളമ്പുന്നത് ഒഴിവാക്കുക.
17. ലഹരി, പുകവലി ഉൾപ്പെടെ, തീർത്തും ഒഴിവാക്കുക.
18. ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമായി സഹകരിക്കുക.

ചികിത്സ കഴിഞ്ഞ മദ്യപാനരോഗികളുടെ ബന്ധുക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. മദ്യപാനരോഗിയോട് സ്നേഹപൂർവ്വം പെരുമാറുക.
2. മദ്യപാനകാലത്തുണ്ടായ വീഴ്ചകളും നഷ്ടങ്ങളും പെട്ടെന്ന് പരിഹരിക്കാം എന്ന് പ്രതീക്ഷിക്കരുത്.
3. മദ്യപാനം മൂലം മുമ്പ് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് കുറ്റപ്പെടുത്താതിരിക്കുക, സാവകാശം പരിഹരിക്കാൻ സഹായിക്കുക.
4. മദ്യപാനരോഗിയുടെ വീട്ടിൽ മദ്യസൽക്കാരം പാടില്ല. മദ്യമുള്ള സല്ക്കാരങ്ങളിൽ അയാളെ പങ്കെടുപ്പിക്കാതിരിക്കുക.
5. മദ്യപർ ഉള്ള സ്ഥലങ്ങളിൽ നിന്ന് നിർദ്ദിഷ്ട കാര്യങ്ങൾ നടത്തിയിട്ട് വേഗം വീട്ടിൽ മടങ്ങിയെത്താൻ പ്രോത്സാഹിപ്പിക്കുക; വീട്ടിൽ വരുമ്പോൾ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുക.
6. മദ്യപിച്ച് വരുന്നവരെ വീട്ടിൽ സൽക്കരിക്കാതിരിക്കുക.
7. മദ്യം ചേർത്ത പലഹാരങ്ങൾ മദ്യപാനരോഗിയുള്ള വീട്ടിൽ ഉണ്ടാക്കാതിരിക്കുക.
8. കുടുംബാംഗങ്ങൾ സഹകരിച്ച് വീടുകളിൽ പുകവലി ഉൾപ്പെടെ എല്ലാവിധ ലഹരി ഉപയോഗവും ഒഴിവാക്കുക.
9. മരുന്നുകൾ കൃത്യമായി കഴിക്കുവാൻ മദ്യപാനരോഗിയെ പ്രേരിപ്പിക്കുക. അയാളുടെ ഭക്ഷണകാര്യത്തിൽ സമയനിഷ്ഠപാലിക്കുക.
10. കുടുംബ പ്രാർത്ഥനയും തുടർന്നുള്ള ഭക്ഷണവും രോഗിയ്ക്ക് പങ്കെടുക്കാവുന്ന വിധത്തിൽ സൗകര്യപ്പെടുത്തുക.
11. ചുമയ്ക്കുള്ള മരുന്നുകൾ, അരിഷ്ടങ്ങൾ, എന്നിവയിൽ ആൽക്കഹോൾ കലർന്നിട്ടുള്ളതിനാൽ ഇവ ഉപയോഗിക്കും മുമ്പ് വിദഗ്ദോപദേശം തേടുക.
12. അവനവന്റെ വിശ്വാസം അനുസരിച്ചുള്ള ആരാധനകളിൽ സജീവമായും പതിവായും പങ്കെടുക്കാൻ പ്രേരിപ്പിക്കുക.
13. പെട്ടെന്നുള്ള കോപം, അമിതമായ ഉത്കണ്ഠ, അനിയന്ത്രിതമായ ദു:ഖം, തുടങ്ങിയ വൈകാരിക പ്രശ്നങ്ങൾ മദ്യപാനരോഗിയ്ക്ക് ഉണ്ടാവുമെന്ന് കരുതുക. അവയ്ക്കുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക.

14. മദ്യത്തിലേയ്ക്ക് മടങ്ങുംവിധം രോഗിയുടെ മനസ്സ് വിഷമിയ്ക്കുന്നുണ്ടോ എന്നു ശ്രദ്ധിക്കുക. ഉണ്ടെങ്കിൽ കൗൺസിലറെ അറിയിക്കുക.

15. മദ്യപാനരോഗിയുമായി അവരുടെ പ്രശ്നങ്ങൾ തുറന്നു ചർച്ചചെയ്യുവാൻ സമയം കണ്ടെത്തുക.

16. എല്ലാ കുടുംബാംഗങ്ങളും പ്രകടമായ സ്നേഹത്തോടും വിശ്വാസത്തോടും കൂടെ പെരുമാറുകയും മദ്യപാനരോഗിയുമായി വീട്ടിലെ ചുമതലകൾ പങ്കു വയ്ക്കുകയും ചെയ്യുക.

17. മദ്യപാനാനന്തര ഫലങ്ങളെക്കുറിച്ചറിയുകയും ഈ രോഗത്തിനടിപ്പെട്ട വരോടു ഉദാരപൂർവ്വം പെരുമാറുകയും ചെയ്യുക.

18. മദ്യപിച്ചുകഴിഞ്ഞാൽ പെരുമാറ്റത്തിൽ വരുന്ന വ്യത്യാസത്തേയും ഫല ങ്ങളെയും പറ്റി സത്യസന്ധമായി രോഗിയെ, മദ്യപാനം നിറുത്തിയ അവ സരത്തിൽ പറഞ്ഞു മനസ്സിലാക്കുക. മാറ്റത്തിന് ക്ഷമാപൂർവ്വം കാത്തിരി ക്കുക.

19. മദ്യാസക്തി വളരെ നാളത്തെ മദ്യോപയോഗം കൊണ്ടുണ്ടായതാണ്, ഒരു മാറാരോഗമെന്ന നിലയിൽ ദീർഘകാലചികിത്സയും പരിചരണവും ഇതിന് ആവശ്യമാണ്.

20. മദ്യപാനം നിറുത്തിയശേഷം വീണ്ടും മദ്യപിച്ചാലും ശാന്തതയോടും സമ ചിത്തതയോടും കൂടി രോഗിയെ ശുശ്രൂഷിക്കുക.

21. മദ്യപാനം രോഗമാകുമെന്ന് കുട്ടികളെയും ഗ്രഹിപ്പിക്കുക.

22. വിശ്രമവേളകൾ കുടുംബാംഗങ്ങൾ എല്ലാവരും കൂടി ചിലവഴിക്കുക.

23. മദ്യപാനരോഗിയുടെ ചുമതലകൾ ഏറ്റെടുത്ത് ചെയ്യാതിരിക്കാൻ ശ്രമി ക്കുക.

24. രോഗി ദിവസവും പ്രഭാതത്തിൽ മദ്യപാനവിരുദ്ധ പ്രതിജ്ഞ ചെയ്തു എന്ന് ഉറപ്പുവരുത്തുക.

25. മദ്യമുക്തരുടെ സമ്മേളനങ്ങളിൽ മുടങ്ങാതെ ഭാര്യാസമേതം സംബന്ധി ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

26. ചീട്ടുകളി തുടങ്ങിയ അലസവിനോദങ്ങൾ നിരുത്സാഹപ്പെടുത്തുക.

27. മദ്യവർജ്ജന/നിരോധന/പ്രസ്ഥാനങ്ങളിൽ സജീവമായി പങ്കെടുപ്പിക്കു കയും മറ്റുള്ളവരുടെ മദ്യമുക്തിയ്ക്കുവേണ്ടി സഹായിക്കുകയും ചെയ്യുക.

6

മദ്യനിരോധനം: എതിർവാദങ്ങളും മറുപടികളും

മദ്യപാനശീലം വിനാശകരമാണെന്ന് ലോകത്തിലെ സകല മതഗ്രന്ഥങ്ങളും മതനേതാക്കളും മഹദ് വ്യക്തികളും എന്തിനേറെ മദ്യപാനികൾ പോലും തുറന്നു സമ്മതിക്കുന്നുണ്ട്. ജനതയെ സാമൂഹിക അരാജകത്വത്തിലേക്ക് നയിക്കുന്ന വിപത്താണ് മദ്യസംസ്കാരം. ഇന്ന് ശാസ്ത്രത്തിന്റെ നിഗമനങ്ങൾ മദ്യത്തെ ഭീകരമായ സാമൂഹ്യതിന്മയായി കാണുവാൻ നമ്മെ പഠിപ്പിക്കുന്നു. ഭൗതികശാസ്ത്രവും സാമൂഹ്യ വിജ്ഞാനീയവും മദ്യത്തിന്റെ മാരകശക്തിയുടെ ഭീകരരൂപം തുറന്നുകാണിക്കുന്നുണ്ട്.

മദ്യത്തെ ഒരു സാമൂഹ്യ വിപത്തായി കരുതി പോരാടുന്ന മദ്യവിരുദ്ധ പ്രവർത്തകരെ തൊടുന്യായങ്ങൾ നിരത്തി പരാജയപ്പെടുത്താൻ ശ്രമിക്കുന്ന സ്വാർത്ഥതാത്പര്യക്കാർ നമ്മുടെ സമൂഹത്തിലുണ്ട്. ധനമോഹികളായ മദ്യമുതലാളിമാർക്ക് നിസ്സങ്കോചം ദാസ്യവേലചെയ്യുന്ന ഭരണാധികാരികളും രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും ട്രേഡ് യൂണിയൻ നേതാക്കളും ബുദ്ധികൊണ്ട് ഉപജീവനം തേടുന്ന ചില ബുദ്ധിജീവികളും മദ്യനിരോധനത്തിനെതിരെ വാദങ്ങൾ ഉയർത്തുന്നവരാണ്. യാഥാർത്ഥ്യത്തിന്റെയും യുക്തിബോധത്തിന്റെയും വെളിച്ചത്തിൽ ചിന്തിച്ചാൽ ഇവരുടെ ന്യായവാദങ്ങൾ അർത്ഥസത്യങ്ങളുടെ ചേരുവകൾ ചേർത്ത് പാകപ്പെടുത്തിയവയാണെന്നും വാദങ്ങളിൽ കഴമ്പില്ലെന്നും മനസ്സിലാക്കുവാൻ സാധിക്കും. മദ്യമുതലാളിമാരോടുള്ള കടപ്പാടും ദാസ്യ മനോഭാവവും മറ്റ് സ്ഥാപിത താത്പര്യങ്ങളുമാണ് മദ്യ നിരോധനത്തിനെതിരായ വാദങ്ങളിൽ നിഴലിച്ചു നില്ക്കുന്നത്. അല്ലാതെ മനുഷ്യനന്മയൊന്നുമല്ല. മനുഷ്യന്റെ മഹത്വവും നന്മയും പുരോഗതിയും നിലനിന്നു കാണണമെന്നാഗ്രഹിക്കുന്നവർക്ക് മദ്യനിരോധിക്കണമെന്ന വാദത്തെ അനുകൂലിക്കാതിരിക്കാനാവില്ല.

മദ്യനിരോധനവും റവന്യു നഷ്ടവും

മദ്യത്തിൽ നിന്നുള്ള റവന്യു വരുമാനം കൊണ്ടാണ് നമ്മുടെ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതെന്നും, സർക്കാരിന്റെ സാമ്പത്തിക ഭദ്രത ഈ വരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നതെന്നുമുള്ള വാദം പ്രബലമാണ്. മദ്യത്തിൽ നിന്നുള്ള റവന്യു വരുമാനം ഇല്ലാതായാൽ ജനക്ഷേമ നടപടികൾ ഏറ്റെടുത്ത് നടപ്പാക്കുവാൻ സർക്കാരിന് കഴിയാതെവരും. അതുകൊണ്ട് മദ്യനിരോധനം നടപ്പിലാക്കുവാൻ സാധ്യമല്ല എന്ന വാദഗതി കഴമ്പുണ്ടോ എന്ന് പരിശോധിക്കാം.

സംസ്ഥാനത്തിന്റെ മൊത്തം റവന്യു വരുമാനത്തിന്റെ 10 ശതമാനത്തിൽ താഴെയാണ് മദ്യത്തിൽ നിന്നുള്ള റവന്യുവരുമാനം. ബാക്കി 90 ശതമാനം വരുമാനവും മദ്യത്തിൽ നിന്നല്ല. മാത്രവുമല്ല ലേലസമയത്ത് ലഭിക്കുന്ന കണക്കിൻ പ്രകാരമുള്ള തുക മുഴുവൻ ഒരിക്കലും ഖജനാവിൽ അടഞ്ഞു കിട്ടാറുമില്ല. അബ്കാരികൾ കൈക്കൂലികൊടുത്തും സംഭാവനകൊടുത്തും നേടിയെടുത്തിട്ടുള്ള രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് സാമ്പത്തിക വർഷാവസാനം വൻതുകകൾ ഇളവായി അനുവദിപ്പിക്കുകയും അങ്ങനെ സർക്കാരിന് ലഭിക്കേണ്ട അടങ്കൽ തുകയിൽ ഗണ്യമായ കുറവ് ഉണ്ടാവുകയും ചെയ്യുന്നുണ്ട്.

മദ്യത്തിൽ നിന്നുള്ള റവന്യു വരുമാനത്തേക്കാൾ ഏറെതുക മദ്യപാനം മൂലമുണ്ടാകുന്ന ഭവിഷ്യത്തുക്കളെ നേരിടാൻ വേണ്ടിവരുന്നു എന്നതാണ് വസ്തുത. സർക്കാർ ആശുപത്രികളിലും മറ്റും വരുന്ന രോഗികളിൽ ഭൂരിഭാഗവും മദ്യപാനത്തിന്റെ അനിവാര്യ വിപത്തുകളായ ഉദരരോഗങ്ങളും കരൾ രോഗങ്ങളും കൊണ്ട് വിഷമിക്കുന്നവരാണ്. സമൂഹത്തിലെ നല്ലൊരു വിഭാഗം ജനങ്ങളെ രോഗഗ്രസ്ഥരാക്കിയിട്ട് അവരുടെ ചികിത്സക്കായി സർക്കാർ വൻതോതിൽ പണം മുടക്കേണ്ടി വരുന്നു എന്നത് ബുദ്ധിശൂന്യതയാണ്.

റോഡപകടങ്ങൾ വർദ്ധിക്കുന്നതിനും കുറ്റകൃത്യങ്ങൾ പെരുകുന്നതിനും കാരണം മദ്യപാനമാണ്. ഇവയെ നേരിടേണ്ടിവരുന്ന പോലീസ് സംവിധാനത്തിനായും സർക്കാരിന് വലിയ തുക ചിലവാക്കേണ്ടിവരുന്നു. ജയിലിൽ അടക്കപ്പെടുന്ന കുറ്റവാളികളിൽ 90 ശതമാനവും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരാണ്. അങ്ങനെ കുറ്റകൃത്യങ്ങളിൽ പിടിക്കപ്പെട്ട് ജയിലിൽ കഴിയുന്ന കുറ്റവാളികളെ തീറ്റിപ്പോറ്റുവാൻ പ്രതി

ദിനം സർക്കാരിന് വലിയ തുക ചിലവാക്കേണ്ടി വരാറുണ്ട്. മദ്യനിരോധനം നടപ്പിലാക്കിയാൽ എക്സൈസ് ഡിപ്പാർട്ട്മെന്റിലെ ജോലിക്കാരുടെ എണ്ണം കുറച്ച് സാമൂഹ്യക്ഷേമ പ്രവർത്തനത്തിനായി അവരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ മദ്യം വിറ്റുണ്ടാക്കുന്ന പണത്തിന്റെ സിംഹഭാഗവും മദ്യം മൂലമുണ്ടാകുന്ന രോഗങ്ങളുടെ ചികിത്സയ്ക്കും ക്രമസമാധാന പരിരക്ഷയ്ക്കുമായിട്ടാണ് സർക്കാർ ചിലവഴിക്കേണ്ടിവരിക.

മദ്യലഭ്യത കുറഞ്ഞാൽ, അതിനുവേണ്ടി ചിലവഴിക്കുന്ന തുക വീടിനാവശ്യമായ വസ്തുക്കൾ വാങ്ങുവാൻ ഉപയോഗിക്കപ്പെടും. ഇങ്ങനെ വാങ്ങുന്ന വസ്തുക്കളുടെ വില്പനനികുതി തന്നെ സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കും. കുടുംബത്തിന് അഭിവൃദ്ധി ഉണ്ടാകുകയും ചെയ്യും.

മദ്യത്തിൽ നിന്നുള്ള വരുമാനത്തെ 'പാപത്തിന്റെ കൂലി'യായിട്ടാണ് മഹാത്മാഗാന്ധി വിശേഷിപ്പിച്ചിട്ടുള്ളത്. ഖജനാവിലേക്കുള്ള വരുമാനം വർദ്ധിപ്പിക്കുവാൻവേണ്ടി മാത്രം മദ്യമെന്ന വിഷം വിൽക്കപ്പെടുന്നത് ശരിയല്ല. ജനക്ഷേമകരമായ പദ്ധതികളാവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ബാദ്ധ്യതയുള്ള ഒരു സർക്കാർ "മദ്യപാനം ആരോഗ്യത്തിന് ഹാനികരം" എന്ന ബോർഡ് എഴുതിവച്ച് മദ്യം വിൽക്കുന്നത് അനുചിതമാണ്. ജനത്തിന്റെ ആരോഗ്യത്തിന് ഹാനികരമായ ഒരു വസ്തു സർക്കാർ വിൽക്കുന്നത് എങ്ങനെ ഭൂഷണമാകും?

മദ്യം നാട്ടിൽ നിരോധിച്ചാൽ ഇതൊരു നന്മയായി ജനം സ്വീകരിച്ചു സഹകരിക്കുന്നതു വരെ ചെറിയ പ്രായസങ്ങളുണ്ടാകും. എന്നാൽ ഇന്ന് മദ്യപാന മേഖലയിൽ, കേരളത്തിൽ ചെലവഴിക്കപ്പെടുന്ന 10.000 കോടിയോളം വരുന്ന തുക, കൃഷിയിലും വ്യവസായങ്ങളിലും, നിക്ഷേപിക്കപ്പെട്ടാലുണ്ടാകുന്ന സാമ്പത്തികാഭിവൃദ്ധി ഊഹാതീതമാണ്. തന്മൂലമുണ്ടാകുന്ന സാമൂഹിക-സാംസ്ക്കാരിക വികസനം, ആരോഗ്യരംഗത്തെ വളർച്ച, വിദ്യാഭ്യാസരംഗത്തെ നേട്ടങ്ങൾ, സർക്കാരിലേക്കു ലഭിക്കുന്ന നികുതി വരുമാനം എന്നിവ ദീർഘവീക്ഷണമുള്ള ഒരു സർക്കാരിനേ തിരിച്ചറിയാനാവൂ. ഈ ദീർഘവീക്ഷണമില്ലാത്തവരാണ് മദ്യ നിരോധനത്തിനെതിരെ പടവാളുയർത്തുന്നത്.

ധനസമ്പാദനത്തിനു വേണ്ടി സാധാരണ ജനങ്ങളുടെ വിശേഷിച്ച് തൊഴിലാളികളുടെ ധനശേഷിയെയും കർമ്മശേഷിയേയും ചോർത്തി നശിപ്പിക്കുന്ന, എല്ലാ വിഭാഗം മനുഷ്യരുടെയും ധർമ്മാധർമ്മവിവേചനത്തെ തകർക്കുന്ന, അഴി

മതിയുടെ ഈറ്റില്ലമായ, സർവ്വതിന്മകളുടെയും മാതാവായ മദ്യം നാട്ടിൽ യാതൊരു നിയന്ത്രണവുമില്ലാതെ വിൽക്കപ്പെടുന്നത് അധാർമ്മികമാണ്. മദ്യത്തിൽ മുഴുകിയ ഒരു സമൂഹത്തിൽ സത്യധർമ്മങ്ങൾ നിലനില്ക്കുകയില്ല. ധാർമ്മിക മൂല്യങ്ങൾ വേരോടുകയുമില്ല. മദ്യമെന്ന വിപത്ത് സാമ്പത്തിക വാദംകൊണ്ട് നേരിടാവുന്നതിലുമെത്രയോ ഗുരുതരമാണ്. 1939-ൽ മഹാത്മാഗാന്ധി പറഞ്ഞു: "നിശ്ചിത കാലത്തിനുള്ളിൽ ഈ ശാപത്തിൽ നിന്ന് ഇന്ത്യക്ക് മോചനം വേണമെന്നുണ്ടെങ്കിൽ പണമില്ലാത്തതുകൊണ്ടോ, നികുതി കമ്മിയാകുമെന്ന ഭയംകൊണ്ടോ മദ്യനിരോധനത്തിന് കാലവിളംബരം പാടില്ല". "മദ്യനിരോധനം നടപ്പിലാക്കേണ്ട കാര്യമാണെന്ന് സമ്മതിക്കുമെങ്കിൽ അതിനുള്ള തടസ്സങ്ങളെ നിശ്ചയദാർഢ്യത്തോടെ തരണം ചെയ്യണമെന്നും തടസ്സവാദങ്ങൾ ഉന്നയിക്കരുതെന്നും'' ജവഹർലാൽ നെഹ്റുവും ഊന്നിപ്പറയുന്നു.

മദ്യം നിരോധിച്ചാൽ - തൊഴിൽ നഷ്ടപ്പെടും!

മദ്യം നിരോധിച്ചാൽ ലക്ഷക്കണക്കിനാളുകളുടെ തൊഴിൽ നഷ്ടപ്പെടുമെന്ന വാദം ഉയർത്തുന്നവരുണ്ട്. കേരളത്തിൽ ഏറ്റവുമധികം വിറ്റഴിക്കപ്പെട്ടിരുന്ന മദ്യം ചാരായമായിരുന്നു. മദ്യവ്യവസായ രംഗത്ത് ഏറ്റവും കൂടുതൽ പേർ ജോലിയെടുത്തിരുന്നതും ചാരായഷാപ്പുകളിലായിരുന്നു. 1996 ഏപ്രിൽ 1ന് കേരളത്തിൽ ചാരായനിരോധന നിയമം നടപ്പിൽ വന്നു. ചാരായ നിരോധന നിയമം നടപ്പിലാക്കിയപ്പോൾ 30,000 പേർ തൊഴിൽരഹിതരായെന്ന വാർത്ത പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടു. പക്ഷേ തൊഴിൽരഹിതർക്ക് നഷ്ടപരിഹാരവും ക്ഷേമനിധി ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ തീരുമാനിച്ചപ്പോൾ അംഗീകൃത തൊഴിലാളികളുടെ എണ്ണം 12,852 ആയി ചുരുങ്ങി. ഏറ്റവും അധികം പേർ ജോലിചെയ്ത ചാരായ മേഖലയിൽ 12852 പേർ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിൽ ഇനിയുള്ള കള്ള് ഷാപ്പുകളിലും വിദേശമദ്യക്കടകളിലും ബിവറേജ്സ് കടകളിലുംകൂടി ഇതിൽ താഴെ ആളുകൾ മാത്രമേ ജോലി ചെയ്യുന്നുള്ളൂ എന്നതാകും വസ്തുത.

കേരളത്തിൽ രജിസ്റ്റർ ചെയ്ത ചെത്തുതൊഴിലാളികളുടെ എണ്ണം 38000 ൽ താഴെയാണ്. അവരുടെ കണക്കുകൾകൂടി ചേർത്താൽപോലും യൂണിയൻ നേതാക്കളും മറ്റും പറയുംവിധം വലിയ സംഖ്യ ആളുകളൊന്നും മദ്യവ്യവസായ രംഗത്തില്ല. മാത്രമല്ല, ചെത്ത് തൊഴിലായി സ്വീകരിക്കുന്നവരുടെ സംഖ്യ കുറഞ്ഞു വരികയാണ്. ഒരു ചെത്തുകാരനും തന്റെ മകൻ ഒരു ചെത്തുകാരനാ

കണമെന്ന് ആഗ്രഹിക്കുന്നുമില്ല. 40 വയസിൽ താഴെയുള്ള ചെത്തുകാരുടെ എണ്ണവും കുറവാണ്. പുതിയ തലമുറക്ക് ഈ തൊഴിലിനോട് ആഭിമുഖ്യവുമില്ല.

ചെത്തുന്ന തെങ്ങിന്റെയും പനയുടെയും എണ്ണം ഗണ്യമായി കുറഞ്ഞു വരികയാണ്. എന്നാൽ കള്ളിന്റെ അളവിൽ കുറവൊട്ടില്ലതാനും. കേരളത്തിൽ 2,50,000 തെങ്ങും 30,000 പനയും ചെത്തുന്നതായിട്ടാണ് 1998ലെ കണക്കുകൾ വ്യക്തമാക്കുന്നത്. തെങ്ങ് ഒന്നിന് ഒന്നര ലിറ്ററും പനയ്ക്ക് നാല് ലിറ്ററും വീതമാണ് ശരാശരി കള്ളളവ് കണക്കാക്കുന്നത്. അങ്ങനെ നോക്കിയാൽ 3,75,000 + 1,20,000 = 4,95,000 ലിറ്റർ കള്ളാണ് ശരാശരി ഒരു ദിവസം ലഭിക്കുക. ഇത് 5989 കള്ളുഷാപ്പുകളിൽ എത്തുമ്പോൾ ഒരു ഷാപ്പിൽ ശരാശരി 82.5 ലിറ്റർ കള്ള് ലഭിക്കും. അത് 2 മണിക്കൂർ നേരത്തേക്കു വിൽക്കുവാൻ പോലും തികയുകയില്ല. ബാക്കി സമയം മുഴുവൻ വിൽക്കുന്ന കള്ള് വ്യാജക്കള്ളാണ് എന്നതാണ് വസ്തുത.

കുമ്പളങ്ങ, വാഴത്തട തുടങ്ങിയ വസ്തുക്കളിൽ രാസപദാർത്ഥങ്ങൾ ചേർത്ത് കള്ള് ഉദ്പാദിപ്പിക്കുന്ന ചെറുകിട ഫാക്ടറികൾ പോലും കേരളത്തിലുണ്ടെന്ന് പറയപ്പെടുന്നു. കള്ളിന്റെ വീര്യം കൂട്ടാൻ ഭ്രാന്തിന്റെ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന 'ഡയസിഫാം' എന്ന വസ്തുവരെ കള്ളിൽ ചേർക്കുന്നതായി പറയുന്നുണ്ട്. ചുരുക്കത്തിൽ കേരളത്തിൽ ചെത്തിയെടുക്കുന്ന കള്ളിന്റെയും വിൽക്കപ്പെടുന്ന കള്ളിന്റെയും അളവുകൾ തമ്മിലുള്ള അന്തരം വളരെ വലുതാണ്. ഈ വസ്തുതകളുടെ പശ്ചാത്തലത്തിൽ വേണം ചെത്തുതൊഴിലിൽ ഏർപ്പെടുന്നവരുടെ എണ്ണത്തിന്റെ പ്രശ്നം പരിഹരിക്കുവാൻ. എങ്കിൽപോലും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായ കേരളത്തിൽ ഇവരുടെ തൊഴിൽ പ്രശ്നവും അവഗണിക്കാവുന്നതല്ല. മദ്യനിരോധനം നടപ്പിലാക്കിയാൽ തൊഴിൽ നഷ്ടപ്പെടുന്നവരിൽ 20 ശതമാനം പേർക്കുവീതം ഒരു വർഷം തൊഴിൽ കൊടുത്താൽ 5 വർഷം കൊണ്ട് മുഴുവൻ പേരെയും പുനരധിവസിപ്പിക്കുവാൻ ഇച്ചരാശക്തിയുള്ള ഒരു ഗവൺമെന്റിന് സാധിക്കും.

തൊഴിൽപരമായ പ്രശ്നങ്ങൾക്ക് വ്യക്തമായ പദ്ധതികൾ നടപ്പിലാക്കണം. ഒന്നാമതായി മദ്യം നിരോധിച്ചാൽ ചെത്തുനിറുത്തണമെന്നില്ല. മദ്യാംശം ഇല്ലാത്ത പുളിക്കാത്ത കള്ള് 'നീര'പോലെ ശീതളപാനിയമാക്കി വിൽക്കാവുന്നതാണ്. ഏറെ ഔഷധമൂല്യമുള്ള ആരോഗ്യപാനീയംകൂടിയാണ്. "നീര". ഡോ. പി.കെ.വാരിയർ (കോട്ടയ്ക്കൽ ആര്യവൈദ്യശാല) 'ആയുർവേദവും തേങ്ങയും'

എന്ന ലേഖനത്തിൽ വിറ്റാമിനുകളും പഞ്ചസാരയും എല്ലാം അടങ്ങിയ വിശിഷ്ട പാനീയമായി നീരയെ വിശേഷിപ്പിക്കുന്നുണ്ട്. ഈ നീക്കം കേരകർഷകർക്കും അനുഗ്രഹമാകും.

മധുരക്കള്ളിൽ നിന്നും വിനാഗിരി, പാനി, ശർക്കര മുതലായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വിപണനം നടത്തുവാൻ സാധിക്കും. ഇതൊരു കുടിൽ വ്യവസായ മാക്കിയാൽ മദ്യനിരോധനം മൂലം തൊഴിൽ നഷ്ടപ്പെടുന്നവർക്ക് കൂടുതൽ ആദായകരവും മാന്യവുമായ തൊഴിൽ നല്കുവാൻ സാധിക്കും. ഗുജറാത്തിലും മഹാരാഷ്ട്രയിലും കർണ്ണാടകത്തിലും ഇന്ത്യോനേഷ്യ, സിലോൺ തുടങ്ങിയ രാജ്യങ്ങളിലും മറ്റും വിജയകരമായി ഈ കുടിൽ വ്യവസായം നടപ്പിലാക്കിയി ട്ടുണ്ട്.

തെങ്ങ് ചെത്തി നീര ഉല്പാദിപ്പിച്ച് വിതരണം ചെയ്യുമ്പോൾ നിലവിലുള്ള മുഴുവൻ കള്ള് ചെത്തുതൊഴിലാളികൾക്കും കരാർ വ്യവസ്ഥയിൽ നിയമനം നല്കുവാനും ചെത്തിയെടുക്കുന്ന കള്ളിന്റെ അളവിന് ന്യായമായ കൂലി നല്കു വാനും ഒപ്പം ക്ഷേമപദ്ധതികളും വിദഗ്ദ്ധ പരിശീലനവും നല്കുവാനും സാധിക്കും. വിദേശമദ്യങ്ങൾ ഉദ്പാദിപ്പിക്കുന്ന ഡിസ്റ്റിലറികൾക്ക് ചില്ലറ വ്യത്യാ സങ്ങൾ വരുത്തിയാൽ അവയെ മരുന്ന് ഉല്പാദിപ്പിക്കുന്ന ഫാർമസ്യൂട്ടിക്കൽ സ്ഥാപനങ്ങളാക്കി മാറ്റുവാൻ സാധിക്കും. അവിടെയും തൊളിലാളികളെ പുന രധിവസിപ്പിക്കാം.

നമ്മുടെ നാട്ടിലെ മദ്യഷാപ്പുകളെ ലഘുഭക്ഷണശാലകളോ ഹോട്ടലോ ആക്കി മാറ്റിയാൽ അവിടെ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ തുടർന്നും നിലനിർത്തുവാൻ സാധിക്കും. ഇതെല്ലാം ചെയ്താലും തൊഴിൽ നഷ്ടപ്പെടു ന്നവരുണ്ടെങ്കിൽ അവരെ പുന:രധിവസിപ്പിക്കുവാൻ ഗവൺമെന്റും സാമൂഹ്യ സംഘടനകളും മുൻകൈ എടുക്കണം. മിച്ചഭൂമി പതിച്ചുകൊടുത്തും മറ്റും അവരിൽ കുറെപ്പേരെ കാർഷികവൃത്തിയിൽ ഏർപ്പെടുത്താം. കച്ചവടമോ കുടിൽ വ്യവ സായമോ ആരംഭിക്കുവാൻ ദേശസാൽകൃത ബാങ്കുകൾ വഴി ഉദാരവ്യവസ്ഥ യിൽ വായ്പകൾ നല്കിയും പുനരധിവാസം നടത്താം. ഗവൺമെന്റിന്റെയും സമൂഹത്തിന്റെയും ഭാഗത്തുനിന്നും ഇത്രയും ശ്രമങ്ങൾ ആത്മാർത്ഥമായി ഉണ്ടാ യാൽ പിന്നെയാരും സമൂഹത്തിനും രാജ്യത്തിനും ദ്രോഹകരമായ ഈ തൊഴിലേ ചെയ്യൂ എന്ന് ശാഠ്യം പിടിക്കില്ല.

പാവപ്പെട്ട തൊഴിലാളികളുടെ ചിലവിൽ സുഖലോലുപരും ഭോഗാസക്തരു മായി കഴിഞ്ഞുകൂടുന്ന മുതലാളിത്ത മനസ്ഥിതിക്കാരായ ട്രേഡ് യൂണിയൻ

നേതാക്കളാണ് മദ്യനിരോധനത്തിനെതിരായി അണിനിരക്കാൻ തൊഴിലാളികളെ പ്രേരിപ്പിക്കുന്നത്. മദ്യം നിരോധിച്ചാൽ ലക്ഷക്കണക്കിന് പാവപ്പെട്ട കുടുംബങ്ങളാണ് ആദ്യം രക്ഷപ്പെടുന്നത് എന്ന വസ്തുത അവർ അറിയേണ്ടിയിരിക്കുന്നു.

മദ്യനിരോധനവും വ്യാജമദ്യവും

മദ്യനിരോധനം ഏർപ്പെടുത്തിയാൽ വ്യാജമദ്യനിർമ്മാണം അഥവാ കള്ളവാറ്റ് വ്യാപകമാകുകയും മനുഷ്യർ വിഷമദ്യം കുടിക്കേണ്ടി വരുകയും ചെയ്യുമെന്നതാണ് മദ്യനിരോധനത്തിനെതിരായ മറ്റൊരു വാദം.

മദ്യം നിരോധിച്ചാൽ വ്യാജവാറ്റ് പെരുകുമെന്ന വാദം വസ്തുതകൾക്ക് നിരക്കാത്തതാണ്. മദ്യക്കച്ചവടം അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലാണ് മദ്യനിരോധിത മേഖലകളേക്കാൾ അധികം വ്യാജമദ്യ നിർമ്മാണം നടന്നുവരുന്നത്. കള്ളവാറ്റും വ്യാജമദ്യവും മദ്യവ്യവസായത്തോടൊപ്പവും അതിനോട് മത്സരിച്ചുമാണ് വളരുന്നത്. മദ്യവ്യവസായികളാണ് വ്യാജമദ്യോത്പാദനത്തെ എന്നും പ്രോത്സാഹിപ്പിക്കുന്നത്. സർക്കാർ ലൈസൻസുള്ള മദ്യഷാപ്പുകളിലാണ് വിഷമദ്യം വിറ്റതും മദ്യദുരന്തങ്ങൾ സംഭവിച്ചതും. സർക്കാർ അംഗീകൃത മദ്യഷാപ്പുകളിൽ വിൽക്കുന്നതിനു വേണ്ടി മദ്യമുതലാളിമാർ വ്യാജമദ്യം ഉത്പാദിപ്പിക്കുന്നു എന്ന പ്രബലമായ ആരോപണമുണ്ട്. നിയമാനുസൃത മദ്യവ്യാപാരത്തിന്റെ മറവിലാണ് കള്ളവാറ്റും വ്യാജമദ്യവിപണനവും നടക്കുന്നത്. മദ്യനിരോധന മേർപ്പെടുത്തിയ സ്ഥലങ്ങളിൽ മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് വ്യാജമദ്യ നിർമ്മാണവും വിപണനവും തുലോം കുറവാണെന്നും, കേരളത്തിലോ കർണ്ണാടകത്തിലോ ഉള്ളത്ര കള്ളവാറ്റ് മദ്യനിരോധനം നടപ്പാക്കിയിട്ടുള്ള ഗുജറാത്തിൽ ഇല്ലെന്നും അനുഭവസ്ഥർ പറയുന്നു.

മദ്യം നിരോധിച്ചാൽ വ്യാജമദ്യം പെരുകും എന്ന് പറയുന്നവർ നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിവില്ലാത്തവരാകും. അക്രമവും കൊലപാതകവും മോഷണവും പെരുകുന്നുവെന്ന് പറഞ്ഞാൽ നിയമപാലന രംഗത്തെ സർക്കാരിന്റെ കഴിവുകേടായി അതിനെ കാണേണ്ടിവരും. ഒരു നിയമം അതു ലംഘിക്കപ്പെടുന്നു എന്നതുകൊണ്ടുമാത്രം അനാവശ്യമോ അപ്രായോഗികമോ ആണെന്ന് വരുന്നില്ല. കൊലപാതകം നിയമവിരുദ്ധമായ നമ്മുടെ രാജ്യത്ത് കൊലപാതകത്തിന് തൂക്കിക്കൊല്ലുമെന്ന ശിക്ഷവരെ അനുശാസി

ച്ചിട്ടും കൊലപാതകം തുടരുന്നുണ്ട്. അതുകൊണ്ട് കൊലപാതക നിരോധന നിയമം പരാജയപ്പെട്ടു എന്ന് പറഞ്ഞ് ആരും കൊലപാതകം നിയമ വിധേയ മാക്കാറില്ലല്ലോ? മോഷണവും വ്യഭിചാരവും ഇന്നും നടക്കുന്നതുകൊണ്ട് അതും ആത്മഹത്യ നിലക്കാത്തതുകൊണ്ട് അതും നിയമവിധേയമാക്കണമെന്ന് പറയുന്നത് ബാലിശമല്ലേ? ഇതുപോലെ തന്നെ നിരർത്ഥകമാണ് മദ്യനിരോധനം വഴി വ്യാജമദ്യം പെരുകുമെന്ന വാദവും.

മദ്യനിരോധനമേർപ്പെടുത്തിയ ചിലയിടങ്ങളിൽ അത് പൂർണ്ണമായും വിജയിച്ചില്ല എന്ന് പറഞ്ഞുകൊണ്ട് മദ്യനിരോധനമേ വേണ്ടെന്നു വയ്ക്കണമെന്ന് പറയുന്നത് ന്യായമല്ല. ഉത്തമബോധത്തോടും നിശ്ചയദാർഢ്യത്തോടുംകൂടി ഭരണാധികാരികൾ നിയമംകൊണ്ടുവരികയും നിയമപാലകർ ആത്മാർത്ഥതയോടെ അത് നടപ്പാക്കുവാൻ ശ്രമിക്കുകയും ചെയ്താൽ മദ്യനിരോധനം നിശ്ചയമായും വിജയിക്കും.

മദ്യനിരോധനവും മദ്യവർജ്ജനവും

മദ്യനിരോധനം വേണ്ട മദ്യവർജ്ജനം മതി. മദ്യം ഇഷ്ടമില്ലാത്തവർ അതു കഴിക്കണമെന്നില്ല, ഇഷ്ടമുള്ളവരൊക്കെ കഴിച്ചുകൊള്ളട്ടെ അവരെ തടയുന്നത് ശരിയല്ല, അവരെ ഉപദേശിച്ചു പിൻമാറ്റുകയേ പാടുള്ളൂ. എന്നിങ്ങനെ വാദിക്കുന്നവരെയും നമ്മുടെ ഇടയിൽ കാണാം.

ലോകത്തിലെ സകല മതങ്ങളും പ്രത്യയ ശാസ്ത്രങ്ങളും, വൈദ്യശാസ്ത്രവും മദ്യത്തിനെതിരായി താക്കീതു നല്കുകയും മദ്യം വിലക്കുകയും ചെയ്തിട്ടുണ്ട്. ലോകൈകവന്ദ്യരായ ആചാര്യന്മാർ കാലാകാലങ്ങളിൽ മദ്യപാനത്തിന്റെ ദൂഷ്യ വശങ്ങൾ ചൂണ്ടിക്കാട്ടുകയും അതിൽ നിന്നു പിന്തിരിയാൻ ജനങ്ങളെ ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും, സാമൂഹ്യ പരിഷ്കർത്താവായ ശ്രീനാരായണ ഗുരുവുമെല്ലാം മദ്യത്തിനെതിരെ ശക്തവും സുവ്യക്തവും കാലോചിതവുമായ മുന്നറിയിപ്പുകൾ നല്കിയിട്ടുണ്ട്.

വ്യക്തികളെ മദ്യപിക്കുവാൻ പ്രേരിപ്പിക്കുന്നതിന്റെ മുഖ്യകാരണം മദ്യത്തിന്റെ ലഭ്യതയാണ്. മദ്യം കിട്ടാനില്ലെങ്കിൽ കുടിക്കുന്നവരുടെ എണ്ണം ഗണ്യമായി കുറയും. കിലോമീറ്ററുകൾ സഞ്ചരിച്ച് മദ്യത്തിന്റെ അനധികൃത രഹസ്യവിൽപ്പന കേന്ദ്രങ്ങൾ കണ്ടുപിടിച്ച് കുടിക്കുവാൻ വളരെക്കുറച്ച് പേർ മാത്രമേ ശ്ര

മിക്കുകയുള്ളൂ. സമൂഹത്തിൽ മദ്യപാനം ഇല്ലായ്മ ചെയ്യണമെങ്കിൽ മദ്യത്തിന്റെ ലഭ്യത ഇല്ലാതാക്കണം. അഥവാ മദ്യനിരോധനംതന്നെ നടപ്പിലാക്കണം.

മദ്യത്തെ സംബന്ധിച്ചിടത്തോളം നിരേധനമില്ലാത്ത വർജ്ജനമോ, വർജ്ജനമില്ലാത്ത നിരോധനമോ വിജയിക്കില്ല.മദ്യവർജ്ജനവും മദ്യനിരോധനവും പരസ്പര പൂരകങ്ങളാണ്. "മദ്യം നിയമം മൂലം നിരോധിക്കണമെന്ന് പറയുന്നത് തെറ്റല്ലേ? കുടിയന്മാരെ ഉപദേശിച്ചു പിൻമാറ്റുകയല്ലേ ശരി" എന്ന് ഗാന്ധിജിയോട് ഒരു വിദേശപത്രപ്രതിനിധി ചോദിച്ചതിന് ഗാന്ധിജി നല്കിയ മറുപടി വളരെ ശ്രദ്ധേയവും ഇന്നും പ്രസക്തവുമാണ്. വിദേശപത്ര പ്രതിനിധിയോട് ഗാന്ധിജി ചോദിച്ചു. "നിങ്ങളുടെ കുട്ടി തീയിൽ ചാടാൻ പോവുകയാണെന്ന് കരുതുക, നിങ്ങൾ എന്തുചെയ്യും? അവനെ ഉപദേശിച്ച് പിൻമാറ്റാൻ ശ്രമിക്കുമോ, അതോ ഓടിച്ചെന്ന് ബലം പ്രയോഗിച്ച് വലിച്ചു മാറ്റുമോ? തീയിൽ ചാടാൻ പോകുന്ന കുട്ടിയെ ബലം പ്രയോഗിച്ചു തന്നെ പിന്തിരിപ്പിക്കുമെന്ന് സമ്മതിച്ച പത്രപ്രതിനിധിയോട് ഗാന്ധിജി തുടർന്നു പറഞ്ഞു. 'ഒരാൾ മദ്യപിക്കാൻ തുടങ്ങുന്നത് തീയിൽ ചാടുന്നതിലും കൂടുതൽ അപകടകരമാണ്. തീയിൽ അകപ്പെട്ടാൽ ഒരുവന്റെ ശരീരത്തിനേ അപകടം സംഭവിക്കൂ. മദ്യപാനം ശരീരത്തേയും ആത്മാവിനേയും നശിപ്പിക്കും. തന്മൂലം മദ്യപിക്കാൻ തുടങ്ങുന്നവരെ ബലം പ്രയോഗിച്ചുതന്നെ പിൻമാറ്റേണ്ടിവരും. അതുകൊണ്ടാണ് ജനക്ഷേമത്തിൽ താല്പര്യമുള്ള സർക്കാർ നിയമം മൂലം മദ്യം നിരോധിക്കണമെന്ന് പറയുന്നത്. നിസ്വരും നിരക്ഷരുമായ കോടിക്കണക്കിന് ദരിദ്രജനങ്ങളുടെ ക്ഷേമം കാംക്ഷിക്കുന്ന ആർക്കും ഗാന്ധിജിയുടെ ഈ അഭിപ്രായത്തെ എതിർക്കുവാൻ കഴിയുകയില്ല.

മദ്യം ഉന്മേഷവും ആനന്ദവും നല്കും !

പകലന്തിയോളം പണിയെടുത്തു കഴിയുമ്പോഴുണ്ടാകുന്ന ക്ഷീണം മാറ്റാനും മാനസികോല്ലാസം ലഭിക്കാനും മദ്യപാനം സഹായകരമാണ്. വ്യക്തിപരമായ ആനന്ദം മദ്യം പ്രദാനം ചെയ്യുന്നുണ്ട്. അങ്ങനെയുള്ള മദ്യം നിരോധിക്കണമെന്നവാദം തെറ്റാണ് എന്നാണ് ചിലർ പറയുന്നത്.

ഏറെപ്പേരെ ആകർഷിച്ചിട്ടുള്ള വാദമാണിത്. മദ്യം കഴിക്കുമ്പോൾ പെട്ടൊന്നൊരു ഉന്മേഷം ലഭിക്കുമെന്നത് ശരിയാണ്. കാരണം മദ്യത്തിൽ നിന്ന് ലഭിക്കുന്ന ഊർജ്ജം നാവിൻതുമ്പു മുതൽ നേരിട്ട് രക്തത്തിലേക്ക് കലരുന്ന

തിനാലാണിത്. എന്നാലിത് കൃത്രിമ ഊർജ്ജമാണ്. ഇത് പെട്ടെന്ന് ലഭിക്കുന്നതുപോലെ തന്നെ പെട്ടെന്ന് തീരുകയും ചെയ്യും. ഈ കൃത്രിമോർജ്ജം ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുക.

മദ്യം മനുഷ്യ മസ്തിഷ്ക്കത്തിലുള്ള സിരാകേന്ദ്രങ്ങളെയാണ് ആദ്യം ബാധിക്കുന്നത്. സിരാകേന്ദ്രത്തിൽ ലഹരി ബാധിക്കുമ്പോൾ അധമ വികാരങ്ങളുടെ മേൽ സിരാകേന്ദ്രത്തിലുള്ള നിയന്ത്രണത്തിന് അയവ് സംഭവിക്കുന്നു. ക്രമേണ നിയന്ത്രണം ഇല്ലാതാകുന്നു. അങ്ങനെ മദ്യപൻ ദുർവൃത്തികളിലും അപകടങ്ങളിലും ചെന്ന് ചാടുന്നു. മദ്യത്തിൽ നിന്ന് ലഭിക്കുന്ന ആനന്ദം മാരകമായ ആനന്ദമായി മാറുന്നു. മദ്യത്തിൽ നിന്ന് ലഭിക്കുന്ന ഊർജ്ജവും ഉന്മേഷവും രോഗം വരുത്തി വയ്ക്കുന്ന നാശകരമായ വിനകൾ സൃഷ്ടിക്കുന്നു. മനുഷ്യനിലെ ശ്രേഷ്ടഭാവങ്ങളെ നശിപ്പിച്ച് പൈശാചികതയെ ഉണർത്താനാണ് മദ്യം പര്യാപ്തമാകുന്നത്.

മദ്യവും വ്യക്തി സ്വാതന്ത്ര്യവും

മദ്യപിക്കാനുള്ള സ്വാതന്ത്ര്യം ഓരോ വ്യക്തിയ്ക്കുമുണ്ട്. അതു തടയുന്നത് ശരിയല്ല. കൂടാതെ എന്ത് കുടിക്കണം എന്ത് കുടിക്കരുത് എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യവും വ്യക്തിക്കുണ്ട്. തന്മൂലം മദ്യനിരോധനം വ്യക്തിസ്വാതന്ത്ര്യത്തിലുള്ള ഇടപെടലാണ്, വ്യക്തി സ്വാതന്ത്ര്യത്തെ കയ്യേറ്റം ചെയ്യലാണ് എന്ന വാദഗതിക്കാരും മദ്യനിരോധനത്തെ എതിർക്കുന്നവരാണ്.

മദ്യം കഴിക്കാനുള്ള താല്പര്യം വ്യക്തികളുടെ അടിസ്ഥാന വാസനയിൽപ്പെട്ട ഒന്നല്ല. ദാഹം, വിശപ്പ്, ഇണചേരാനുള്ള ശാരീരിക പ്രേരണ തുടങ്ങിയവയാണ് അടിസ്ഥാന വാസന എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അങ്ങനെയുള്ള ഒരു വാസനയല്ല മദ്യം കഴിക്കുക എന്നത്. പാരമ്പര്യമായോ പൈതൃകമായോ ലഭിക്കുന്ന ഒരു സ്വഭാവവിശേഷമല്ല മദ്യാസക്തി. അങ്ങനെയെങ്കിൽ എല്ലാ കുടിയന്മാരുടെയും മക്കൾ കുടിയന്മാരാകണമായിരുന്നു. അങ്ങനെ കണ്ടുവരുന്നില്ല. മദ്യപാനക്കാര്യത്തിൽ മദ്യാസക്തപൂർവ്വ വ്യക്തിത്വം (Pre-alcoholic personality) എന്നൊന്നില്ലെന്ന് ആധുനിക ശാസ്ത്രം പറയുന്നു.

മദ്യാസക്തി അപകടകരമായ ഒരു ദുർവാസനയാണ്, രോഗമാണ്. അത് തടയേണ്ടത് വ്യക്തിയുടെയും കുടുംബത്തിന്റെയും ആരോഗ്യകരമായ നിലനില്പിനും വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. വ്യക്തിയുടെ അടിസ്ഥാനവാ

സനയെ തളർത്തുകയോ തകർക്കുകയോ ചെയ്യുന്ന യാതൊരു പ്രശ്നവും മദ്യനിരോധനത്തിൽ അന്തർഭവിച്ചിട്ടില്ല, മറിച്ച് വ്യക്തിത്വത്തിന്റെ സമഗ്രവികസനത്തിന് അത് സഹായകരവുമാണ്.

മദ്യനിരോധനം വ്യക്തി സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുകയോ കയ്യേറ്റം ചെയ്യുകയോ ചെയ്യുന്നില്ല. ഒരു വ്യക്തിക്ക് അനുനിമിഷമുണ്ടാകുന്ന തോന്നലുകളനുസരിച്ച് എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യമല്ല വ്യക്തിസ്വാതന്ത്ര്യം. ഒരു സാമൂഹ്യവ്യവസ്ഥിതിയും ഈ വിധം പരമമായ ഒരു സ്വാതന്ത്ര്യം വിഭാവനം ചെയ്യുന്നില്ല. "ഒരുവന്റെ സ്വാതന്ത്ര്യം അപരന്റെ മൂക്കിന്റെ മുന്നിൽ അവസാനിക്കുന്നു" എന്ന പഴയ സങ്കല്പം ഇവിടെ പ്രസക്തമാണ്. അത് കഴിഞ്ഞ് കൈനീട്ടാൻ വ്യക്തിക്ക് സ്വാതന്ത്ര്യമില്ല. നിയതമായ ചിന്ത, നിയതമായ വാക്ക്, നിയതമായ പ്രവർത്തി ഇവയുടെ സമതുലിതമായ അവസ്ഥയാണ് യാഥാർത്ഥ്യത്തിൽ സ്വാതന്ത്ര്യം. അല്ലാതെ തന്നിഷ്ടംപോലെ പ്രവർത്തിക്കാനുള്ള സ്വതന്ത്ര്യമല്ല. തനിക്കോ മറ്റുള്ളവർക്കോ ദോഷം ചെയ്യുന്ന, തിന്മ വരുത്തുന്ന ഒന്നും ചെയ്യാൻ വ്യക്തിക്കധികാരമില്ല; അത് സ്വാതന്ത്ര്യവുമല്ല. സ്വന്തം സ്വാതന്ത്ര്യം മറ്റുള്ളവർക്കുകൂടി പ്രയോജനകരമാംവിധം വിനിയോഗിക്കുന്നതിലാണ് സ്വാതന്ത്ര്യത്തിന്റെ മേന്മയും മഹത്വവും കുടികൊള്ളുന്നത്.

സ്വന്തം പ്രവൃത്തി അനുകരണീയവും മാതൃകായോഗ്യവുമായിരിക്കണം. മദ്യപാനം മാതൃകാപരമായ ഒരു കർമ്മമാണെന്ന് ആരും പറയുകയില്ല. മദ്യം സ്വാതന്ത്ര്യത്തെ പരിരക്ഷിക്കുകയല്ല നശിപ്പിക്കുകയാണ് ചെയ്യുന്നത്. അസമത്വവും അനാരോഗ്യവും പട്ടിണിയും പെരുകുവാൻ മാത്രം ഉതകുന്ന മദ്യം സ്വാതന്ത്ര്യത്തിന്റെ ഒന്നാം നമ്പർ ശത്രുവാണ്. സ്വാതന്ത്ര്യത്തെയല്ല അടിമത്വത്തെയാണ് അത് ക്ഷണിച്ചുവരുത്തുന്നത്. തന്മൂലം വ്യക്തികൾക്ക് യഥാർത്ഥ സ്വാതന്ത്ര്യം അനുഭവവേദ്യമാകണമെങ്കിൽ മദ്യം നിരോധിക്കുകയാണ് വേണ്ടത്. വസ്തുനിഷ്ഠമായ പഠനത്തിനും വിശകലനത്തിനും തയ്യാറായാൽ മദ്യനിരോധനത്തിനെതിരായി ഉന്നയിക്കപ്പെടുന്ന വാദഗതികൾ ന്യായയുക്തമോ സത്യസന്ധമോ അല്ലെന്നും, മറിച്ച് മദ്യനിരോധനം നമ്മുടെ ഗ്രാമഗ്രാമാന്തരങ്ങളിൽ വസിക്കുന്ന കോടാനുകോടി ദരിദ്രനാരായണന്മാർക്ക് ക്ഷേമവും ഐശ്വര്യവും കൈവരുത്തുന്ന നടപടിയായിരിക്കുമെന്നും മനസ്സിലാക്കുവാൻ സാധിക്കും.

കുപ്പികളിലൂടെ ഭ്രാന്ത് കൈമാറുന്ന സ്ഥലമാണ് മദ്യശാല
-ജോനാഥൻ സ്വിഫ്റ്റ്

7

മദ്യപാനം മഹദ് ഗ്രന്ഥങ്ങളിൽ

മദ്യപൻമാർ പലരും തങ്ങളുടെ മദ്യപാനശീലത്തെ ന്യായീകരിക്കുന്നതിനായി ബൈബിളിലെ വാക്യങ്ങൾ ഉദ്ധരിക്കാറുണ്ട്. "അല്പം മദ്യം ബോധത്തെ തെളിക്കും" എന്ന വാചകം ബൈബിളിൽ ഉണ്ടെന്ന് ആണയിട്ട് പറയുന്നവരെ കാണാറുണ്ട്. പക്ഷെ അങ്ങനെയൊരു വാചകം ബൈബിളിൽ ഇല്ല എന്നതാണ് സത്യം. മാത്രവുമല്ല മദ്യത്തിനെതിരെ ശക്തമായ താക്കീതുകൾ ബൈബിൾ നല്കുന്നുമുണ്ട്.

മദ്യപാനത്തെക്കുറിച്ച് ബൈബിൾ

പഴയനിയമത്തിൽ

1. മദ്യപാനം മൂലം മക്കളുടെ മുമ്പിൽ ലജ്ജിതനായ നോഹ. *(ഉൽപത്തി 9:21)*
2. മദ്യപാനം മൂലം തെറ്റിൽ അകപ്പെട്ട ലോത്ത്. *(ഉൽപത്തി 19:35)*
3. കർത്താവ് അഹറോനോടു പറഞ്ഞു ''നീയും പുത്രൻമാരും സമാഗമകൂടാരത്തിലേക്കു പോകുമ്പോൾ വീഞ്ഞോ ലഹരി സാധനങ്ങളോ കുടിക്കരുത്, കുടിച്ചാൽ നിങ്ങൾ മരിക്കും''. *(ലേവ്യർ 10:8–9)*
4. മദ്യപനെ കല്ലെറിഞ്ഞു കൊല്ലണം. *(നിയമാവർത്തനം 21:20–21)*
5. മദ്യപനെ കർത്താവ് കൊന്നുകളയുന്നു. *(സാമുവൽ 25:36–38)*
6. മദ്യപൻ രാജകല്പന മറക്കുന്നു. *(2 സാമുവൽ 11:13)*
7. കുടിച്ചു മത്തനായ അമ്നോൻ ചതിവിൽ വധിക്കപ്പെടുന്നു *(2 സാമുവേൽ 13:28)*
8. മദ്യപനെ ചതിവിൽ കൊല്ലുന്നു. *(1 രാജാക്കൻമാർ 16:10)*

9. മദ്യപിക്കരുത്, ഉന്മത്തത ശീലമാക്കരുത്. *(തോബിത് 4:15)*

10. മദ്യപർ ചീത്തപാട്ടുകൾ ചമച്ച് മറ്റുള്ളവരെ തേജോവധം ചെയ്യുന്നു. *(സങ്കീർത്തനം 69:12)*

11. മദ്യോന്മത്തർ ആടി ഉലയുകയും വേച്ചു നടക്കുകയും ചെയ്യുന്നു.എന്തു ചെയ്യണമെന്ന് അവർ അറിയുന്നില്ല. *(സങ്കീർത്തനം 107.27)*

12. സുഖലോലുപൻ ദരിദ്രനായിത്തീരും വീഞ്ഞിലും സുഗന്ധ തൈലത്തിലും ആസക്തി കാട്ടുന്നവൻ ധനവാനാവുകയില്ല. *(സുഭാഷിതങ്ങൾ 21:17)*

13. അമിതമായി വീഞ്ഞു കുടിക്കുകയും മാംസം ഭക്ഷിക്കുകയും ചെയ്യുന്നവ രുടെ കൂട്ടത്തിൽ പെടരുത്. *(സുഭാഷിതം 23:20)*

14. മദ്യപനും ഭോജനപ്രിയനും ദാരിദ്ര്യത്തിലകപ്പെടും. *(സുഭാഷിതങ്ങൾ 23:21)*

15. മദ്യം ദുരിതവും ദു:ഖവും കലഹവും അകാരണമായ മുറിവുകളും ഉണ്ടാക്കും. *(സുഭാഷിതങ്ങൾ 23:29)*

16. വീഞ്ഞുകുടിച്ച് സമയം പോക്കുന്നവർക്കും വീഞ്ഞു കലർത്തി രുചി പരീ ക്ഷിക്കുന്നവർക്കും ദുരിതം. *(സുഭാഷിതങ്ങൾ 23:30)*

17. ചഷകങ്ങളിൽ വീഞ്ഞു ചെമന്നു തിളങ്ങി കവിഞ്ഞൊഴുകുന്നത് നോക്കി യിരിക്കരുത്. *(സുഭാഷിതങ്ങൾ 23:31)*

18. മദ്യം പാമ്പിനെപ്പോലെ കടിക്കുകയും അണലിയെപ്പോലെ കൊത്തുകയും ചെയ്യും. *(സുഭാഷിതങ്ങൾ 23:32)*

19. മദ്യപൻ വിചിത്ര കാഴ്ചകൾ കാണുകയും വികടത്തം ഇല്ലിക്കുകയും ചെയ്യും. *(സുഭാഷിതങ്ങൾ 23:33)*

20. മദ്യപൻ നടുക്കടലിൽ അകപ്പെട്ടവനെപ്പോലെയും പാമരത്തിന്റെ മുക ളിൽ തൂങ്ങിക്കിടക്കുന്നവനെപ്പോലെയും ആയിത്തീരും. *(സുഭാഷിതങ്ങൾ 23:34)*

21. മദ്യപന് എത്രതന്നെ അടിയും ഇടിയും കിട്ടിയാലും ഇനിയും കുടിക്കു മെന്ന് അവൻപറയും. *(സുഭാഷിതങ്ങൾ 23:35)*

22. മദ്യപന്റെ കയ്യിൽ തുളഞ്ഞുകയറിയ മുള്ളു പോലെയാണ് ഭോഷന്മാരുടെ വായിൽ ആപ്തവാക്യം. *(സുഭാഷിതങ്ങൾ 26:9)*

23. മദ്യപനെ കൂലിക്ക് നിറുത്തരുത്. *(സുഭാഷിതങ്ങൾ 26.10)*

24. വീഞ്ഞ് രാജാക്കൻമാർക്ക് ചേർന്നതല്ല. ലഹരി പാനീയങ്ങളിൽ ആസ ക്തി ഭരണാധിപൻമാർക്ക് ഉചിതമല്ല. *(സുഭാഷിതങ്ങൾ 31.4)*

25. മദ്യപർ കല്പനകൾ മറക്കുകയും കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ അവഗണിക്കുകയും ചെയ്യുന്നു. *(സുഭാഷിതങ്ങൾ 31.5)*

26. വീഞ്ഞ് കുടിച്ച് മദിക്കരുത്. നീ നാശത്തിലേക്ക് തെന്നി വീഴും. *(പ്രഭാഷകൻ 9.9)*

27. മദ്യപനായ തൊഴിലാളി ഒരിക്കലും ധനവാനാവുകയില്ല. *(പ്രഭാഷകൻ 19.1)*

28. മദ്യപാനം പ്രകോപനം ഉളവാക്കുന്നു *(പ്രഭാഷകൻ 26:8)*

29. വീഞ്ഞും സ്ത്രീയും ബുദ്ധിമാൻമാരെ വഴിതെറ്റിക്കുന്നു. *(പ്രഭാഷകൻ 19.2)*

30. വീഞ്ഞ്കുടിച്ച് ധീരത പ്രകടിപ്പിക്കാൻ ശ്രമിക്കേണ്ട, വീഞ്ഞ് അനേകരെ നശിപ്പിച്ചിട്ടുണ്ട്. *(പ്രഭാഷകൻ 31.25)*

31. മത്ത് പിടിച്ച് മയങ്ങുന്നവന് കീറത്തുണി ഉടുക്കേണ്ടിവരും. *(സുഭാഷിതം 23:21)*

32. വീഞ്ഞുകുടിച്ചു മദിച്ച രാജാവും പ്രഭുക്കൻമാരും വിശുദ്ധ വസ്തുക്കൾ ദുരുപയോഗിക്കുന്നു. *(ദാനിയേൽ 5.1-3)*

33. ലഹരി പാനീയങ്ങളുടെ പിന്നാലെ ഓടാൻ വേണ്ടി അതിരാവിലെ ഉണരുകയും വീഞ്ഞുകുടിച്ച് മദിക്കാൻ വേണ്ടി ഉറങ്ങാതിരിക്കുകയും ചെയ്യുന്നവർക്കു ദുരിതം. *(ഏശയ്യ 5.11)*

34. അവരുടെ ഉത്സവങ്ങളിൽ വീണയും കിന്നരവും തപ്പും കുഴലും വീര്യമേറിയ വീഞ്ഞും ഉണ്ട്. എന്നാൽ അവ കർത്താവിന്റെ പ്രവർത്തികളെക്കുറിച്ച് ചിന്തിക്കുകയോ അവിടുത്തെ കരവേലകളെ നോക്കുകയോ ചെയ്യുന്നില്ല. *(ഏശയ്യ 5:12)*

35. വീഞ്ഞ് കുടിക്കുന്നതിൽ വീരൻമാരും വിവിധതരം മദ്യം കുട്ടിക്കലർത്തുന്നതിൽ വിരുതൻമാരും ആയവർക്കു ദുരിതം. *(ഏശയ്യ 5:22)*

36. മദ്യപൻ ഛർദ്ദിച്ചതിൽ തെന്നിനടക്കുന്നു. *(ഏശയ്യ 19:14)*

37. മദ്യപൻമാരുടെ ഗർവ്വിഷ്ട കിരീടത്തിനു ദുരിതം. *(ഏശയ്യ 28.1)*

38. പുരോഹിതൻമാരും പ്രവാചകൻമാരു പോലും വീഞ്ഞ് കുടിച്ച് മദിക്കുന്നു. ലഹരി പിടിച്ച് അവർ ആടിഉലയുന്നു.വീഞ്ഞ് അവരെ വഴിതെറ്റിക്കുന്നു. *(ഏശയ്യ 28.7)*

39. വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്. *(സുഭാഷിതങ്ങൾ 20.1)*

40. നിങ്ങളും നിങ്ങളുടെ സന്തതികളും ഒരിക്കലും വീഞ്ഞ് കുടിക്കരുത്. *(ജറമിയ 35.6)*

41. മദ്യം മൂലം മൊവാബ് നശിക്കുന്നു *(ജെറമിയ 48: 11–16)*

42. മദ്യപിക്കാത്തവർക്ക് ദൈവം വിജ്ഞാനവും അറിവും സാമർത്ഥ്യവും നൽകുന്നു. *(ദാനിയേൽ 1. 16–17)*

43. വീഞ്ഞുകുടിച്ച് മദിച്ച രാജാവും പ്രഭുക്കൻമാരും വിഗ്രഹാരാധനയിലേക്ക് നയിക്കപ്പെടുന്നു. *(ദാനിയേൽ 5:4)*

44. വീഞ്ഞും പുതുവീഞ്ഞും സുബോധം കെടുത്തും. *(ഹോസിയ4:11)*

45. നമ്മുടെ രാജാവിന്റെ ഉത്സവ ദിനത്തിൽ പ്രഭുക്കൻമാർ വീഞ്ഞിന്റെ ലഹരിയിൽ ദഹിച്ചു. നിന്ദകരുമായി അവർ കൈ കോർത്തുപിടിച്ചു. *(ഹോസിയ 7:5)*

46. കുടിക്കാൻ വീഞ്ഞിനുവേണ്ടി ഒരു ബാലികയെ വിറ്റു. *(ജോയേൽ 3:3)*

47. മദ്യപരേ ഉണർന്ന് വിലപിക്കുവിൻ, വീഞ്ഞുകുടിക്കുന്നവരേ നെടുവീർപ്പിടുവിൻ. മധുരിക്കുന്ന വീഞ്ഞ് നിങ്ങളുടെ അധരങ്ങളിൽ നിന്നു തട്ടിമാറ്റിയിരിക്കുന്നു. *(ജോയേൽ 1–5,6)*

48. മദ്യപരായ സ്ത്രീകളെ കർത്താവ് നാശത്തിലേക്ക് വലിച്ചെറിയും. *(ആമോസ് 4.1–3)*

49. വീഞ്ഞ് വഞ്ചന നിറഞ്ഞതാണ്. *(ഹബുക്കുക്ക് 2.5)*

പുതിയ നിയമത്തിൽ

50. മദ്യപരോടുകൂടി ഭക്ഷിക്കുകയും, പാനം ചെയ്യുകയും ചെയ്ത ദുഷ്ടനായ ഭൃത്യൻ ശിക്ഷിക്കപ്പെടുന്നു. *(മത്താ.24.45–51)*

51. സുഖലോലുപത, മദ്യാസക്തി എന്നിവയിൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും ആ ദിവസം ഒരു കെണിപോലെ നിങ്ങളുടെ മേൽ വന്നു വീഴുകയും ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ. *(ലൂക്കാ 21:34)*

52. പകലിന് യോജിച്ചവിധം പെരുമാറാം. സുഖലോലുപതയിലോ, മദ്യ ലഹരിയിലോ, അവിഹിത വേഴ്ചകളിലോ, വിഷയാസക്തിയിലോ, കലഹങ്ങളിലോ, അസൂയയിലോ വ്യാപരിക്കരുത്. *(റോമാ 13:13)*

53. വീഞ്ഞ് കുടിക്കാതെയും നിന്റെ സഹോദരന് പാപകരമായത് ഒന്നും ചെയ്യാതെയും ഇരിക്കുവിൻ. *(റോമാ 14:21)*

54. സഹോദരൻ മദ്യപനാണെന്ന് കണ്ടാൽ അവനുമായി സംസർഗ്ഗം പോലും പാടില്ല. *(1 കോറി. 5:11)*

55. മദ്യപൻ ദൈവരാജ്യം അവകാശമാക്കുകയില്ല. *(1 കോറി, 6:10)*

56. മദ്യപാനത്തിലും മദിരോത്സവത്തിലും ഏർപ്പെടുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല. *(ഗലാത്യർ 5.19–21)*

57. നിങ്ങൾ വീഞ്ഞുകുടിച്ച് ഉന്മത്തരാകരുത്, അതിൽ ദുരാസക്തിയുണ്ട്. *(എഫേസോസ് 5.18)*

58. മെത്രാൻ മദ്യാസക്തനോ അക്രമവാസനയുള്ളവനോ ആയിരിക്കരുത്. *(1 തിമോത്തേയോസ് 3:3)*

59. സഭയിലെ ഡീക്കന്മാർ അസത്യവാദികളോ മദ്യാസക്തിക്ക് അധീനരോ ഹീനമായ ലാഭേച്ഛയുള്ളവരോ ആയിരിക്കരുത്. *(1 തിമോത്തേയോസ് 3:9)*

60. ദൈവത്തിന്റെ കാര്യസ്ഥൻ മദ്യപനായിരിക്കരുത്. *(1 തീത്തോസ് 1.7)*

61. വീഞ്ഞിൽ മാദകത്വവും ഭോഗാസക്തിയുമുണ്ട്. *(വെളിപാട് 18:3)*

62. വിജാതീയർ ചെയ്യാൻ ഇഷ്ടപ്പെടുന്നതു പോലെ അഴിഞ്ഞാട്ടത്തിലും ജഡമോഹത്തിലും മദ്യപാനത്തിലും മദിരോത്സവത്തിലും നിഷിദ്ധമായ വിഗ്രഹാരാധനയിലും മുഴുകി നിങ്ങൾ മുൻപ് വളരെക്കാലം ചിലവഴിച്ചു. *(1 പത്രോസ് 4:3)*

മഹാഭാരതം

- മദ്യപാനം ബ്രഹ്മഹത്യയ്ക്ക് തുല്യമായ പാപമാണ്.

വി.ഖുറാൻ

- മദ്യം 'ഹറാം' ആണ്.
- മദ്യം സകല പാപത്തിന്റെയും താക്കോലാണ്.
- മനുഷ്യനെ മൃഗമാക്കി തീർക്കുന്ന മാരക വസ്തുവാണ് മദ്യം.
- മദ്യപാനവും ചൂതാട്ടവും സാത്താന്റെ വേലയാണ്.

അർത്ഥശാസ്ത്രം

- മദ്യാസക്തി സുബോധം നഷ്ടപ്പെടുത്തി ഉന്മാദം വരുത്തുന്നു. ജീവിച്ചിരിക്കുമ്പോൾ മരിച്ചവന് തുല്യമാക്കുന്നു. ശരീരത്തിലെ ഗുഹ്യ ഭാഗങ്ങൾ പുറത്തു പ്രദർശിപ്പിക്കുന്നു. അറിവിനെയും ബുദ്ധിശക്തിയെയും ജീവിതത്തെയും സമ്പത്തിനെയും കൂട്ടുകാരെയും നശിപ്പിക്കുന്നു.

ബുദ്ധമതം

- "മദ്യം തൊടായ്ക –മദ്യനപേയം".
- "ലഹരി പിടിപ്പിക്കുന്നതും ബുദ്ധിമന്ദീഭവിപ്പിക്കുന്നതുമായ മദ്യം തൊടരുത്".
- "മദ്യപാനം അധ:പതനത്തിലേക്കുള്ള വഴിയാണ്; അത് വർജ്ജിക്കുന്നവൻ ജീവിതവിജയം നേടും".

മനുസ്മൃതി

- "ഒരു ബ്രാഹ്മണൻ മദ്യം കഴിച്ചാൽ അതോടെ അയാളുടെ ബ്രാഹ്മണ്യം നഷ്ടപ്പെടുകയും അയാൾ ശൂദ്രനായിത്തീരുകയും ചെയ്യും".
- ബ്രഹ്മഹത്യാ സുരാപാനം
  സ്തേയം ഗുർവം ഗനാഗമ
  മഹാന്തി പാത കന്യാഹു:സം.
  സർഗ്ഗേചാപി തൈസാഹ

സുരാ സംഹിത

- സുരാവൈമലമന്നാനാം
  പാപമായ മലമുച്യതേ

8

മദ്യപാനത്തെക്കുറിച്ച് മഹാന്മാർ

സവിശേഷമായ ദർശനങ്ങൾ കാലാകാലങ്ങളിൽ ലോക ജനതയ്ക്ക് പകർന്നു നല്കിയിട്ടുള്ളവരാണ് മഹാത്മാക്കൾ. മഹദ്വചനങ്ങൾക്ക് കാലിക പ്രസക്തിയുണ്ട്. മഹാന്മാർ മദ്യപാനത്തെക്കുറിച്ച് ചിന്തിക്കുകയും ആ ചിന്തകൾ പങ്കുവയ്ക്കുകയും ചെയ്തിട്ടുള്ളവരാണ്. അവരുടെ ചിന്തകൾ നമുക്ക് പ്രചോദനമേകും.

രാഷ്ട്രപിതാവായ മഹാത്മാഗാന്ധി

- ''മനുഷ്യവർഗ്ഗത്തിനുമേൽ നിപതിച്ചിരിക്കുന്ന ഏറ്റവും വലിയ ശാപങ്ങളിലൊന്ന് മദ്യപാനമാണെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.''
- ''ഞാൻ ഒരുമണിക്കൂർ നേരത്തേയ്ക്ക് ഇന്ത്യയുടെ സർവ്വാധിപതി ആകുന്നുവെങ്കിൽ ആദ്യം ചെയ്യുക ഇന്ത്യയിലെ മദ്യഷാപ്പുകൾ മുഴുവൻ പ്രതിഫലം കൊടുക്കാതെ അടച്ചുപൂട്ടുകയായിരിക്കും.''
- "മദ്യത്തിൽ നിന്നുള്ള നികുതി പാപത്തിന്റെ കൂലിയാണ്".
- "തീച്ചൂളയിലേയ്ക്കോ വെള്ളച്ചാട്ടത്തിലേയ്ക്കോ കുതിച്ചോടിച്ചെന്ന് ചാടുന്നതിനേക്കാൾ ആപൽക്കരമാണ് മദ്യപാനം. ആദ്യം പറഞ്ഞത് ശരീരത്തെ മാത്രമേ ബാധിക്കുന്നുള്ളു. എന്നാൽ മദ്യമാകട്ടെ ശരീരത്തെയും ആത്മാവിനെയും ഒരു പോലെ നശിപ്പിക്കുന്നു. മദ്യപാനം മോഷണത്തെക്കാളും വ്യഭിചാരത്തെക്കാളും വെറുക്കപ്പെടേണ്ടതാണ്.''
- ''മദ്യനിരോധനം ഏർപ്പെടുത്തുന്നതിനു കൊടുക്കേണ്ടി വരുന്ന എന്തു വിലയും അധികമായിരിക്കുകയില്ല. മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമപ്പെട്ടാൽ നമ്മുടെ സ്വാതന്ത്ര്യം അടിമകളുടേതു മാത്രമായിരിക്കും.''

☯ ''മദ്യപാനമെന്ന കൊടിയ തിന്മയെ നേരിടാൻ മൃദുലവും സുകരവുമായ നയമൊന്നും പോരാ, പൂർണ്ണമായ മദ്യനിരോധനത്തിൽ കുറഞ്ഞയാതൊന്നിനും ജനങ്ങളെ ഈ ശാപത്തിൽനിന്ന് മോചിപ്പിക്കാനാവില്ല.''

ജവഹർലാൽ നെഹ്റു

☯ "മദ്യവും മറ്റെല്ലാ ലഹരിപദാർത്ഥങ്ങളും പാടേ ഉപേക്ഷിക്കേണ്ടതാണ്".

വിനോബാജി

☯ "മദ്യപാനം കൊണ്ട് സാമ്പത്തിക ഹാനി സംഭവിക്കുന്നതിനു പുറമെ കുടുംബജീവിതം വികൃതമാവുകയും ചെയ്യും.''

എബ്രഹാം ലിങ്കൺ

☯ ``Don't drink Don't smoke, Don't chew. The use of alcohol has many defenders but no defence.''

ശ്രീബുദ്ധൻ

☯ ''നിയമം അനുഷ്ടിക്കുന്നവരും പൗരബോധമുള്ളവരും ലഹരിവസ്തുക്കൾ ഉപയോഗിക്കരുത്; മറ്റുള്ളവരെ കുടിപ്പിക്കരുത്; മദ്യപരുടെ പ്രവർത്തികളെ അംഗീകരിക്കരുത്. കാരണം അവ അവരിൽ വിഭ്രാന്തി ജനിപ്പിക്കുന്നു.''

☯ ''സഹോദരങ്ങളെ, ഗർജ്ജിക്കുന്ന ഒരു സിംഹത്തെ നേരിടാൻ നിങ്ങൾ ഭയപ്പെടേണ്ട, കാരണം അതു നിങ്ങളുടെ ധീരതയുടെ മാറ്റുരയ്ക്കലാണ്. വാളിനെയോ, കൊലമരത്തിനെയോ നിങ്ങൾ ഭയപ്പെടേണ്ട, കാരണം അത് നിങ്ങളുടെ സേവനത്തിന്റെയും ത്യാഗത്തിന്റെയും ഉരകല്ലാണ്. ഔന്നത്യത്തിന്റെ ഗിരി ശൃംഗങ്ങളിൽ നിന്നും താഴ്ചയുടെ താഴ്വരയിലേയ്ക്ക് എടുത്തുചാടുവാൻ നിങ്ങൾ ഭയപ്പെടേണ്ട. കാരണം അതു നിങ്ങളുടെ താപസ ജീവിതത്തിന്റെയും വ്യക്തിജീവിതത്തിന്റെയും ശ്രേഷ്ഠതയെ വർദ്ധിപ്പിക്കും. ആളിക്കത്തിക്കൊണ്ടിരിക്കുന്ന അഗ്നികുണ്ടത്തിൽ നിന്നും ഓടി രക്ഷപ്പെടാൻ ശ്രമിക്കേണ്ട; കാരണം അതു നിങ്ങളുടെ ആത്മ ശുദ്ധിയുടെ ഉരകല്ലാണ്. എന്നാൽ മദ്യത്തെ നിങ്ങൾ ഭയപ്പെടുവിൻ. കാരണം അത് എല്ലാ തിന്മകളുടെയും മാതാവാണ്.''

ശ്രീനാരായണഗുരു

- "മദ്യം വിഷമാണ്. അതുണ്ടാക്കരുത്, കൊടുക്കരുത്,കുടിക്കരുത് "
- "ചെത്തുകാരന്റെ ദേഹം നാറും, തുണി നാറും, വീട് നാറും, അവൻ തൊട്ടതെല്ലാം നാറും"

  ചെത്ത് ഉപജീവനമാർഗ്ഗമാണെന്ന് പറഞ്ഞവരോട് ഗുരു പറഞ്ഞു:
- "ചെത്തുകത്തി നാലാക്കിയാൽ ഓരോ കഷണം കൊണ്ട് മുടി വടിക്കാനുള്ള ഓരോ കത്തി ഉണ്ടാക്കാം. അതുകൊണ്ടു നടക്കുന്നതായിരിക്കും ചെത്തിനേക്കാൾ ഭേദം".

മുഹമ്മദ് നബി

- ''മനുഷ്യനെ മൃഗമാക്കിത്തീർക്കുന്ന മാരക വസ്തുവാണ് മദ്യം''.
- "മദ്യം ഹറാമാണ് ".
- ''മദ്യപാനവും ചൂതാട്ടവും സാത്താന്റെ വേലയാണ്. ''

ഡോ. എച്ച്. എമേഴ്സൺ

- "ആൽക്കഹോളിന്റെ അമിതോപയോഗം കേന്ദ്ര നാഡീവ്യൂഹങ്ങളെ തളർത്തുന്നു. തൻനിമിത്തം മന:ശക്തി ക്ഷയിക്കുന്നു. യുക്തമായ തീരുമാനങ്ങൾ എടുക്കാൻ കഴിയാതെവരുന്നു. ശരിയും തെറ്റും വേർതിരിച്ചുകാണാൻ സാധിക്കാതെവരുന്നു. ദൈവനിന്ദയ്ക്ക് ഇടവരുത്തുന്നു. മാനുഷികതയെ നഷ്ടപ്പെടുത്തുന്നു. കേന്ദ്ര നാഡീവ്യൂഹങ്ങളെ തളർത്തുകമൂലം മനുഷ്യശരീരത്തിന്റെ സ്വാഭാവിക ചലനത്തെ ദോഷകരമായി ബാധിക്കുന്നു.''

ഷേക്സ്പിയർ

- "മദ്യത്തിന്റെ അദൃശ്യമായ മാരകശക്തീ, നിന്നെ ഞങ്ങൾ പിശാച് എന്നു വിളിക്കട്ടെ".
- ലൈംഗിക പ്രവർത്തനങ്ങളെപ്പറ്റി ഷേക്സ്പിയർ ഇങ്ങനെ പറയുന്നു: "It provokes and unprovokes, it Provokes the desire, but takes away the performance". (മദ്യം ലൈംഗികമായ ആഗ്രഹം വർദ്ധിപ്പിക്കുന്നു; എന്നാൽ ലൈംഗിക ശേഷി നഷ്ടപ്പെടുത്തുന്നു.)

മാർഷൽ പെറ്റെയിൻ

- "ഫ്രാൻസിനെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഏറ്റവും വിഷമകരം മദ്യപാന വർദ്ധനവ് മൂലമുണ്ടായിട്ടുള്ളതാണ്".

ഗ്ലാഡ്സ്റ്റൺ

- "മദ്യപാനം സദാ നിലനില്ക്കുന്ന തിന്മയാകയാൽ അതുമൂലമുണ്ടാകുന്ന നാശം യുദ്ധവും ക്ഷാമവും പകർച്ചവ്യാധിയും ഒരുമിച്ചു ചേർന്നാൽ ഉണ്ടാകുന്നതിനേക്കാൾ കഠിനമാകുന്നു.''

ലോയിഡ് ജോർജ്ജ്

- "നാം ജർമ്മനിക്കും, ആസ്ത്രീയായ്ക്കും, മദ്യത്തിനുമെതിരായി യുദ്ധം ചെയ്യുന്നു. എന്നാൽ ഈ മൂന്നു ശത്രുക്കളിൽ മദ്യമാണ് എറ്റവും ഭീകരം".

നികിതാ ക്രുഷ്ചേവ്

- ``Any one who is making homebrew and is encouraging hard drinking is acting against the interest of the state and society and must be duly punished".
- "Drunkards should be kicked out of the party not to be moved from one responsible post to another".

ഇന്ദിരാഗാന്ധി

- "ഒരു ധനികൻ മദ്യപാനംമൂലം അകാലത്തിൽ മരണമടഞ്ഞാൽ അത് അയാളുടെ മാത്രം പ്രശ്നമാണ്. എന്നാൽ ഒരു തൊഴിലാളി മദ്യപാനം ഒന്നുകൊണ്ട് മാത്രം മരിച്ചുപോയാൽ അത് സമൂഹത്തിന്റെ പ്രശ്നമാകുന്നു".

സി.വി. രാമൻ

- "ചാരായം പോലെ മനുഷ്യജാതിയെ നശിപ്പിക്കുന്ന മറ്റൊരു വിഷവുമില്ലെന്ന് ഓർത്തിരിക്കണം".

ഒളിമ്പിക് ചാമ്പ്യൻ ജി.വൈറ്റ് ഫീൽഡ്

- "To maintain good health one should never drink strong beverage".

ഫീൽഡ് മാർഷൽ കൗണ്ട് വോൺമോൾക്ക്

- ''സകല ഫ്രഞ്ചുസൈന്യത്തെക്കാളും കൂടുതലായി ജർമ്മനി മദ്യത്തെ ഭയപ്പെടണം.''

മൊറാർജി ദേശായി

- "I have no doubt that the country would have prospered if prohibition had been implemented by the country after independence".

ഡോ. സുശീലാ നയ്യാർ

- "I am confident that ultimately the government will see the folly of creating problems of law and order, delinquency, and divorces absenteeism and proverty by inducing the people to drink, and them spending more money than what is earned as excise revenue on solving these problems".

മാക്കിയിൽ മാർ മത്തായി മെത്രാൻ

- "മദ്യം മനുഷ്യരിൽ വളരെപ്പേരെയും നാസ്തികരും ദൈവദൂഷകരും, കുടുംബ ദ്രോഹികളും പരോപദ്രവികളും ആക്കിയിരിക്കുന്നു".

വള്ളത്തോൾ

"കാളകൂടഗരളത്തിൻ കൂടപ്പിറപ്പാണിതിനെ
ക്കാളതികരാളയാണീ സുരയെന്നവൾ
നാളിൽ നാളിൽ നിധികിട്ടുമാളെപ്പോലും വെറും പിച്ച-
പ്പാളയെടുപ്പിക്കാൻ പോന്ന ധൂളിപ്പെണ്ണിവൾ
ഇന്നു പണിക്കൂലിയായ് കൈവന്ന നാലുകാശുംനാളെ-
ച്ചെന്നു വേലചെയ്യുവാനുള്ള ദേഹബലവും
ഒന്നിച്ചിപ്പോൾ മരനീരിലൊഴുക്കി കളഞ്ഞീടൊല്ലെ
മന്ദിരമൊന്നില്ലെ! താങ്കൾക്കൻപിൽ പുലർത്താൻ''

ജി.കുമാരപിള്ള (അടങ്ങുകില്ല)

അടങ്ങുകില്ലടങ്ങുകില്ലടങ്ങുകില്ല ഞാനിനി
അടങ്ങുകില്ല മദ്യമുള്ള നാൾ വരെയ്ക്കുഞാനിനി
മദ്യമെന്ന മാരണം മുടിഞ്ഞീടുന്ന നാൾവരെ
മദ്യഗന്ധമെന്റെ മണ്ണിൽമാഞ്ഞിടുന്ന നാൾവരെ
മദ്യമെന്ന നാമവും മറന്നിടുന്ന നാൾവരെ
മദ്യമെന്നൊരോർമ്മയും നശിച്ചിടുന്ന നാൾവരെ
മദ്യശക്തികീഴ്പ്പെടും പവിത്രമായ നാൾവരെ
മദ്യമുക്ത കേരളം രചിച്ചിടുന്ന നാൾവരെ
മടങ്ങുകില്ലടങ്ങുകില്ലൊതുങ്ങുകില്ല ഞാനിനി
മടങ്ങുകില്ല മദ്യശാപമറ്റിടുന്ന നാൾവരെ
ചപല മദ്യയക്ഷിതൻ കരാള ദംഷ്ട്രമൂടിടും
മുഖപടം വലിച്ചെറിഞ്ഞു ചിന്തിടുന്ന നാൾവരെ
ഹൃദയമറ്റബോധമറ്റ മദ്യപന്റെ മുഷ്ടികൾ
ഭരണചക്രമിട്ടെറിഞ്ഞു പറപറക്കും നാൾവരെ
കുടില മദ്യരാക്ഷസന്റെ വിടുപണിക്കുനില്പവർ
കടയടച്ചു കുടിയൊഴിഞ്ഞു കടൽകടക്കും നാൾവരെ.

സി.കെ. ശിവരാമൻ

പാടുപെട്ടുണ്ടാക്കുന്ന സാരമാം പണംകൊണ്ടാ-
വീടിനെ പുലർത്താതെ മദ്യത്തിനേകിപ്പോയാൽ
നിങ്ങൾതൻ പൈതങ്ങളെ കണ്ണീരാൽ പുലത്തുമാ-
ധന്യയാം ഭാരാശാപമെങ്ങനെ പൊറുത്തിടും.

എസ്. കെ. പൊറ്റക്കാട്

മാളികയും പിറന്ന മെച്ചമേറുമുദ്യോഗവും ഹന്ത-
ചാരായ നീരിലങ്ങുക്കിലൊഴുകിപ്പോയി
വിൽക്കാനൊരു വസ്തുവില്ലാതോടതളവളകളു-
മൊക്കെയുമാഷാപ്പുകാരൻ പക്കലെത്തിപ്പോയ്.

9

കേരളത്തിലെ ചികിത്സാ കേന്ദ്രങ്ങൾ

1. **അക്സെപ്റ്റ് ഡി അഡിക്ഷൻ സെൻറർ**
പൂന്നപ്ര പി.ഒ., ആലപ്പുഴ – 4
ഫോൺ: 0477-256492

2. **അക്സെപ്റ്റ് ഡി അഡിക്ഷൻ സെൻറർ**
എൽ.എസ്. പി.ഒ., നൂറനാട്,
ആലപ്പുഴ – 690571
ഫോൺ: 0479-383348

3. **എം.എം.എം.ഡി. അഡിക്ഷൻ റിസേർച്ച് & ട്രീറ്റ്മെൻറ് സെൻറർ**
എം.ഒ. എസ്. സി.എം.എം. ഹോസ്പിറ്റൽ,
കോലഞ്ചേരി – 683311
ഫോൺ: 0484-760251

4. **ഇൻറർനാഷണൽ സെൻറർ ഫോർ സ്റ്റഡി & ഡെവലപ്മെൻറ്**
വാളകം പി.ഒ. കൊല്ലം – 691532
ഫോൺ: 0474-472407

5. **മുജാഹിദ് എഡ്യൂക്കേഷൻ ട്രസ്റ്റ്**
എം. സ്കയർ കോപ്ലക്സ്, പാവമണി റോഡ്,
പി.ഒ. ബോക്സ് നമ്പർ 60,
കോഴിക്കോട്-673 0001

6. **നവചൈതന്യ ഡി അഡിക്ഷൻ കൗൺസലിംഗ് സെൻറർ**
കല്ലേറ്റുംകര, ആളൂർ പി.ഒ.,
തൃശ്ശൂർ – 680 683
ഫോൺ: 0488–880772

7. **ആൽക്കഹോൾ ആൻറ് ഇൻഫർമേഷൻ സെൻറർ**
റ്റി.സി. 26/2203, സ്പെൻസർ ജംഗ്ഷൻ,
തിരുവനന്തപുരം – 695 001
ഫോൺ: 0471–75693

8. **ശ്രീ സത്യസായി ഡി അഡിക്ഷൻ സെൻറർ**
കെ.എം. ഹോസ്പിറ്റൽ
പള്ളിപോർട്ട് പി.ഒ., – 683515
ഫോൺ: 488300

9. **നാരങ്ങാനം റൂറൽ ഡെവലപ്മെൻറ് സൊസൈറ്റി**
നാരങ്ങാനം വെസ്റ്റ് പി.ഒ.,
പത്തനംതിട്ട – 689642

10. **നിർമ്മൽ നികേതൻ മുക്തിസദൻ**
എസ്.എൻ. ജംഗ്ഷൻ,
തൃപ്പൂണിത്തുറ – 682301
ഫോൺ: 0484–778501

11. **ശാന്തി കൗൺസിലിംഗ് സെൻറർ**
കല്ലേരി,
പെരുവയൽ പി.ഒ. – 672323
ഫോൺ: 0495–442323

12 **ബ്രയിൻ സൊസൈറ്റി**
മാള പി.ഒ,
മാള – 680732
ഫോൺ : 0488 –91601

13. **ട്രാഡാ**
മാങ്ങാനം പി.ഒ., കോട്ടയം – 686018
ഫോൺ: 0481–573745

14. **യൂണിറ്റി ഗ്രൂപ്പ് ഡി അഡിക്ഷൻ സെൻറർ**
ഒ.എം. റോഡ്, (കെ.എസ്.ആർ.ടി.സി.ക്ക് സമീപം).
പെരുമ്പാവൂർ – 683542
ഫോൺ: 0484–526845

15. **ഇന്ത്യൻ സൈക്കോ സോഷ്യൽ സർവ്വീസ് സൊസൈറ്റി**
വെട്ടുതറ, ചന്നൻകര പി.ഒ, 695315
ഫോൺ: 0471–420567

16. **പ്രതീക്ഷാ ഡി അഡിക്ഷൻ സെൻറർ**
ഷൺമുഖം ബീച്ച് പി.ഓ.,
തിരുവനന്തപുരം – 695007

17. **ഡിവൈൻ റിട്രീറ്റ് ഡി അഡിക്ഷൻ സെൻറർ**
മുരിങ്ങൂർ പി.ഒ.,
ചാലക്കുടി – 680 316
ഫോൺ: 0488–848513

18. **അഡാർട്ട് ഡി അഡിക്ഷൻ സെൻറർ**
പാലാ പി.ഒ. – 686575
ഫോൺ: 0482–210489

19. **പ്രതീക്ഷാ ഡി അഡിക്ഷൻ സെൻറർ**
മാങ്കൂട്ടം, ടെമ്പിൾ ഗേറ്റ് പി.ഒ.
തലശ്ശേരി – 607102
ഫോൺ: 0490–341440

20. **ഡെയർ**
പീരുമേട് പി.ഒ.
ഇടുക്കി ജില്ല – 685503

— ▓▓ —

BIBLIOGRAPHY

സഹായക ഗ്രന്ഥങ്ങൾ

ലഹരി - Dr.Joan Chunkapura, Dr. Chackochan Kalappura

കേളത്തിലെ മദ്യവിരുദ്ധ പ്രസ്ഥാനം: ലഘു ചരിത്രം - പ്രൊഫ. ജി. കുമാരപിള്ള

മദ്യനിരോധനത്തിനെതിരായ വാദങ്ങളും മറുപടികളും - പ്രൊഫ. എം.പി.മത്തായി

"How to say no to Alcohol" - Keith Mcneill

"Drug Abuse Summaries of Research Studies Sponsored by ministry of Welfare" - National Institute of Social Ministry of Welfare, Govt. of India, New Delhi.

"Drug Resistance Education Guidelines for Master Trainers" - Dr.S.D.Singh

"മെഡിക്കൽ എൻസൈക്ലോപീഡിയ" - The Travancore Publications (മലയാളം)

"The facts about drugs" - Ashwin B. Shah

മദ്യപാനം ഒരു സാമൂഹ്യവിപത്ത് -Public Relations Department, Govt of Kerala

ലഹരിയിലൂടെ നാശം - KCSL പ്രസിദ്ധീകരണം

ലഹരിയുടെ ബലിയാടുകൾ - ഡോ.തോമസ് അബ്ബൂക്കൻ CMI

Counselling Psychology - Narayan Rao S.

Alocoholism And Drug Dependency - An Advanced Guide to Professional TTR

Encyclopedia of Narcotic Drugs and Psychotropic Substances -Dr. Shah. G.R.

പാപത്തിന്റെ പാനീയം -Fr. Kuriakose Parackal

മദ്യസംസ്കാരം മരണസംസ്കാരം

ഫാ. പോൾ കാരാച്ചിറ എം.എ.
അഡ്വ. ചാർളി പോൾ എം.എ., എൽ.എൽ.ബി.



ഫാ. പോൾ കാരാച്ചിറ



അഡ്വ. ചാർളി പോൾ

മദ്യോപയോഗത്തിന് മാനവ ചരിത്രത്തോളം പഴക്കമുണ്ട്. മദ്യപാനത്തെ മതങ്ങളും മനുഷ്യ സ്നേഹികളും ചരിത്രാതീത കാലംമുതൽ വിലക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും കേരള ത്തിൽ മദ്യപാനശീലം അപകടക രമായ നിലയിലേയ്ക്ക് അനുദിനം വളരുകയാണ്.

മനുഷ്യനെ അവന്റെ സമഗ്രത യിൽ സ്വാധീനിക്കുന്ന മദ്യാ സക്തി വ്യക്തിയെയും കുടുംബ ത്തെയും രാഷ്ട്രത്തെയും നാശ ത്തിലേക്ക് തള്ളിയിടുമെന്ന് വ്യക്തമാക്കുന്ന ഒരു മഹത്ഗ്ര ന്ഥമാണ് മദ്യസംസ്കാരം മരണസംസ്കാരം.

മദ്യാസക്തിയെക്കുറിച്ചും മദ്യ നിരോധനത്തെക്കുറിച്ചും പഠനം നടത്തുന്ന ഈ ഗ്രന്ഥം എല്ലാ വിഭാഗം ജനങ്ങൾക്കും വിശിഷ്യാ മദ്യവിരുദ്ധപ്രവർത്തകർക്കും ഏറെപ്രയോജന പ്രദമായി രിക്കും.

ഒരു മുക്തിസദൻ പ്രസിദ്ധീകരണം

Printed at Don Bosco IGACT, Kochi-28